വള്ളത്തിത്തിൻറെ മോഡൽ ഉണ്ടാക്കി. രണ്ടോ മൂന്നോ തവണ തിരുവാതിരയും പ്രാക്ടീസ് ചെയ്ത് ബാക്കി സ്റ്റേജിൽ കാണാമെന്ന ഓവർ കോൺഫിഡെൻസിൽ തലേദിവസത്തെ തയ്യാറെടുപ്പുകൾ പൂർത്തിയാക്കി.

പരിപാടി ദിവസം മറ്റൊരു പോസ്റ്റ് കൂടി വന്നുചേർന്നു.

മഹാബലിയെ ഒരുക്കണം! ഒരുക്കിവന്നപ്പോൾ ടോപ്പിൽ ഇടാൻ ഒന്നും ഇല്ല. “റെന്റി” ന് എടുത്തയാൾ കോസ്റ്റും നോക്കിയില്ലത്രേ! രോമാവൃതനായ മാവേലി, മുകളിലൊന്നുമില്ലാതെ ഈ പണിക്കില്ലെന്നു കട്ടായം പറഞ്ഞു നില്കുന്നു! രണ്ടോ മൂന്നോ പ്രാവശ്യം ചേഞ്ചിങ് റൂമിൽ മഹാബലിക്കായി കാൾ വന്നു. എല്ലാം ഇപ്പ ശരി യാക്കാമെന്നു ഞാനും. ആരുടെയോ ഒരു ഷാൾ വച്ചു മാറു മറച്ചു മാവേലിയെ റെഡിയാക്കി കുരവയോടെ പുറത്തിറക്കി സ്റ്റേജിലേക്ക് പറഞ്ഞുവിട്ടു!

അധികം താമസിയാതെ ഞങ്ങളുടെ ഊഴം എത്തി. സ്റ്റാർട്ടിങ് സോങ് "കേരനിരകളാടും" പെൻഡ്രൈവിൽ തപ്പിയിട്ട് കിട്ടുന്നില്ലെന്നും പറഞ്ഞു “ആങ്കർ” ഓടിവന്നു. പിന്നെ പോയി തപ്പിപ്പിടിച്ചു കൊടുത്തു. അങ്ങനെ തുടക്കം തന്നെ പാളി... പതറാതെ പാട്ടു തുടങ്ങി...പുറകെ വള്ളം കളിയും! അവസാനമായി, എല്ലാവരും കാത്തിരുന്ന ആണുങ്ങളുടെ തിരുവാതിരക്കുള്ള സമയമായി... ആദ്യത്തെ നാലു വരി എല്ലാരും തെറ്റാതെ കളിച്ചു. എന്റെ അഭിമുഖമായാണ് കൊറിയോഗ്രാഫർ കളിക്കുന്നത്. സ്റ്റെപ്പ് മാറേണ്ട സമയ ത്ത് ഞാൻ നോക്കുമ്പോൾ ആശാൻ ലിസ്റ്റിലില്ലാത്ത ചില അടവുകൾ പയറ്റുന്നു! എനിക്കാണ് തെറ്റിയതെന്ന് സംശയിച്ചു വീണ്ടും നോക്കിയപ്പോൾ ഒരു കൈ സ്റ്റെപ്പിലും മറുകൈ മുണ്ടിന്റെ കുത്തിലുമാണ് ശ്രദ്ധ കേന്ദ്രികരിച്ചിരിക്കുന്നതെന്ന പരമാർത്ഥം മനസിലായി... ആറുപേർക്കും ആറു സ്റ്റെപ്പായി അടുത്ത വരിയിൽ...താമസിയാതെ എന്റെ മുണ്ടിനും സ്ഥാന ഭ്രംശം വന്നുകൊണ്ടിരിക്കുന്നുവെന്ന തിരിച്ചറിവ് പോഡിയത്തിലെ ലാപ്പിലെ “പോസ്” (pause) ബട്ടൺ ഞെക്കുവാൻ എന്നെ നിർബന്ധിതനാക്കി. സംഭവം അറിയാതെ കാണികളിൽ ചിലർ ആർത്തട്ടഹസിച്ചു, ചിലർ കൂവി, മറ്റുചിലർ കൈയ്യടിച്ചു. അത്രയും കൊണ്ട് നിർത്തിയതിനാൽ കൂടുതൽ മാനം കെടാതെ രക്ഷപെട്ടു! ഞങ്ങൾ സ്റ്റേജിനെ വന്ദിച്ചു, നൈസ് ആയി “സ്ക്കൂട്ട്” ആയി!

വാൽക്കഷ്ണം: കോമഡി സ്കിറ്റുകളിൽ ഞങ്ങൾ ഗവേഷണം നടത്തിയിരുന്നതു കൊണ്ട് ആളുകൾ കരുതി, ഇതും അങ്ങനെ ആയിരിക്കുമെന്ന്...അല്ലെന്നു പിന്നാരോടും പറയാനും പോയില്ല! വീണ്ടുമൊരോണക്കാലം ആഗതമാകുമ്പോൾ തികട്ടിവന്ന ചില നുറുങ്ങു ഓർമ്മകൾ! എല്ലാവർക്കും ഓണാശംസകൾ!!

*Johny George: Nurse by profession, living in Christchurch. These are memories when I used to work in Delhi 20 years back.*



# അവളിടം



നീ എന്നൊരാളിനെ ആഴത്തിലറിയുവാൻ
നിന്നിലെ നിന്നെ ഞാൻ ഉറ്റുനോക്കി...
രാവെന്നോ പകലെന്നോ ഇരവെന്നോ അറിയാതെ
എന്തിനോ വേണ്ടി നീ വിങ്ങി നിന്നു-
ഒരു മാത്ര പോലും നിൻ മോഹങ്ങൾ അറിയാതെ!

കാലങ്ങൾ അനർത്ഥമായ് ഒഴുകിടുമ്പോൾ
പണ്ടെന്നോ മറന്നൊരാ പുസ്തകത്താളിലെ
അവസാന വരിയിൽ കുത്തിക്കുറിച്ചോർമ്മയിൽ
അവസാന നാളേക്ക് ദിനരാത്രമെണ്ണി നീ
ജീവിത നൗക തുഴഞ്ഞിടുന്നു...
ആരെന്നോ, എന്തെന്നോ അറിയാതെ പോകുമോ?

ആറടി മണ്ണിൽ പതിഞ്ഞിടുന്നു...
അപ്പോഴും നിന്നിലെ നീ എന്ന ആളിനെ
കാണാതെ അറിയാതെ പോയിടുന്നു...
എന്നെന്നും ഓർമ്മയായ് മാറിടുന്നു!

ഗീതു ജീവൻ: ചങ്ങനാശ്ശേരി സ്വദേശിനി. North Shore WDHB ൽ രജിസ്റ്റേർഡ് നഴ്സായി ജോലി ചെയ്യുന്നു. നഴ്സിംഗിൽ ഡിഗ്രിയും മാസ്റ്റേഴ്സ് ബിരുദവും നേടിയിട്ടുണ്ട് Mrs Kerala 2020 മത്സരത്തിൽ രണ്ട് subtitles സ്വന്തമാക്കിയ ഗീതു നിരവധി ഫാഷൻ ഷോകളുടെയും കലാ-സാംസ്കാരിക പരിപാടികളുടെയും ഭാഗമായിട്ടുണ്ട്. Auckland Malayali Samajam-ന്റെ Executive Committee Member ആയി പ്രവർത്തിക്കുന്നു




കവിത



ആരഭി ഓമന
ശശികുമാർ

# പറയാൻ മറന്നൊരു ബാല്യം..

മറക്കാൻ തുടങ്ങിയ ബാല്യം...
വീണ്ടും തിരയാൻ തുടങ്ങിയ നേരം...
ചിലവേള ഞാനെൻ മനസ്സിന്റെ പടിവാതിൽ...
വെറുതെ തുറന്നിട്ട നേരം...
ഞാൻ അറിയാതെ ചിരി തൂകിയ നേരം...

മുക്കുറ്റി പാടത്തെ വാലാട്ടിക്കിളി
തന്റെ ഇണയോട് കൊഞ്ചിയ നേരം...
വാര്യത്തെ മുറ്റത്തെ തേന്മാവിൻ
കൊമ്പത്തു ഊഞ്ഞാലകെട്ടിയ കാലം...
ഉയരത്തിലാടി മാവിൻ നെറുകയിലെ
പഴമാങ്ങ പറിച്ചെടുത്തതും
മഴത്തുള്ളി കിലുക്കത്തിൽ
പാടവരമ്പത്ത് ആടി തിമിർത്തതും
കാലം എത്ര കടന്നാലും
മായാതെ മനസ്സിൽ
തെളിഞ്ഞു നിൽപ്പൂ...

തൊട്ടാവാടി തൻ ഇലകളെ നുള്ളി
പാവക്കളിക്ക് കഞ്ഞിവെച്ചതും,
കുപ്പിവളപ്പൊട്ടുകൾ നാണയമാക്കി
ചന്തകൾ നമ്മൾ തീർത്തതും,
ഇലക്കുമ്പിളിൽ കോരിയ വെറും വെള്ളം
അമൃതാണെന്നു കരുതി കുടിച്ചതും,

കൂട്ടുകാരൊത്തു ആ കുളക്കടവിൽ
പരൽ മീൻ പിടിച്ചു രസിച്ചതും,
കല്ലെടുത്തെറിഞ്ഞു നാം വീഴ്ത്തിയൊരു
പുളിയൻമാങ്ങ തൻ പുളിപ്പും മധുരവും
നുകർന്നതും.

അപ്പൂപ്പൻതാടിയെ കാറ്റിൽ പറത്തി
പുറകെ ഓടിയ ആ നാളുകളും,
പള്ളിക്കൂടത്തിൽ പോകും വഴിയിൽ
കുട നിവർത്തി മഴയെ തടുത്തതും,
തെന്നി വീണൊരു കൂട്ടുകാരനെ നോക്കി
കൈകൊട്ടി ഉറക്കെ ചിരിച്ചതും.
ആരും കാണാതെ പുസ്തകത്താളിനുള്ളിൽ
മയിൽപ്പീലി പെറ്റു പെരുകാൻ വെച്ചതും,

പനിനീർപ്പൂവിന്റെ ഇതളുകൾ നുള്ളി
ഉള്ളംകൈയിലിട്ടു തിരുമ്മി മണത്തതും,
സന്ധ്യാനേരത്തു തിരിവെക്കും നേരം
നാമജപത്താൽ വീടുണർന്നതും,
മുത്തശ്ശിക്കഥ തൻ മായാലോകത്ത്
കണ്ണുകൾ പൂട്ടി മയങ്ങിപ്പോയതും...

ഇന്നീ നഗരത്തിൻ യന്ത്രച്ചുവടുകളിൽ
നഷ്ടമാവുന്നൊരു വസന്തകാലം,
ആ ഓർമ്മകൾ തൻ സുഗന്ധമറിയാൻ
മനസ്സിന്നു വീണ്ടും കൊതിച്ചിടുന്നു.
ഓടിയൊളിച്ചൊരാ കാലമത്രയും
നെഞ്ചോടു ചേർത്തു ഞാൻ വച്ചിടുന്നു.
ഒരു യന്ത്രപ്പാവയായ് മാറും മുൻപേ
ആ ബാല്യത്തിലേക്ക് മടങ്ങാൻ കൊതിപ്പൂ,
ഇനിയും പറയാൻ മറന്ന കഥകളുമായി
ആ പഴയ കുസൃതിയാവാൻ കൊതിപ്പൂ...

*Arabhi is a lawyer by profession and was practising in India before moving to New Zealand in 2023. She's currently working with the Ministry of Social Development while spending her spare time with dance performances with her team 'Let's Nacho' and volunteering with AMS.*



കഥ

# അച്ഛൻ



സിബിൻ സെലിൻ
പൗലോസ്

രാത്രി. കനത്ത മഴ. മലമുകളിലെ അപകടകരമായ ഒരു വെള്ളച്ചാട്ടം.
ഒരു ആഡംബര കാർ പതുക്കെ അവിടെ എത്തി നിൽക്കുന്നു.
അതിൽ നിന്ന് ഇറങ്ങുന്നത് നഗരത്തിലെ വിജയകരമായ ദമ്പതികൾ — അർജ്ജുനും
മീരയും. സമൂഹത്തിന്റെ കണ്ണിൽ അവർ "Perfect Couple". സോഷ്യൽ മീഡിയയിൽ സന്തോഷം നിറഞ്ഞ കുടുംബ ചിത്രങ്ങൾ. വലിയ വീട്, മികച്ച ജോലി, പണം, പ്രശസ്തി...
പക്ഷേ ആ ചിരികളുടെ പിന്നിൽ ഒരു തണുത്ത യാഥാർത്ഥ്യമുണ്ട്.
വീട്ടിൽ അവർ പരസ്പരം സംസാരിക്കുന്നത് പോലും വഴക്കോടെയാണ്. അവരുടെ അഞ്ചുവയസ്സുകാരി മകൾ നില മാത്രമാണ് ആ വീട്ടിലെ അവസാനത്തെ സ്നേഹത്തിന്റെ അടയാളം.
അവർക്ക് ഇപ്പോൾ തോന്നുന്നത്...
"കുട്ടിയാണ് നമ്മുടെ കരിയറിനും സ്വാതന്ത്ര്യത്തിനും ഏറ്റവും വലിയ തടസ്സം".
ഒരു അപകടമെന്ന രീതിയിൽ അവളെ ഇല്ലാതാക്കാൻ അവർ തീരുമാനിക്കുന്നു!
അതേ സമയം...
മറ്റൊരു പഴയ കാർ അതേ സ്ഥലത്തേക്ക് എത്തുന്നു. അതിനുള്ളിൽ ദേവനും മായയും. പന്ത്രണ്ട് വർഷമായി വിവാഹിതർ.
നിരവധി ആശുപത്രികൾ, നിരവധി ചികിത്സകൾ, പ്രാർത്ഥനകൾ, കണ്ണുനീർ.
എന്നിട്ടും ഒരു കുഞ്ഞില്ല.
സമൂഹത്തിന്റെ ഓരോ ചോദ്യവും അവരെ ദിവസവും കൊല്ലുകയാണ്.
"ഇനിയും വിശേഷമൊന്നുമില്ലേ?"
"ഇത്രയും വർഷമായിട്ടും കുഞ്ഞില്ലേ?"
"രണ്ടാമത്തെ വിവാഹം കഴിച്ചാൽ പോരേ?"
ആ വാക്കുകൾ അവരുടെ ആത്മാവിനെ തകർത്തു. അവർ അവസാനമായി തീരുമാനിച്ചത്-
ഒരുമിച്ച് ജീവിക്കാൻ കഴിഞ്ഞില്ലെങ്കിൽ...
ഒരുമിച്ച് മരിക്കാം.
രണ്ട് കുടുംബങ്ങളും...ഒരേ ലക്ഷ്യത്തോടെ...
ഒരേ മലമുകളിലേക്ക് എത്തുന്നു.
ഒരാൾ ജീവൻ കളയാൻ.
മറ്റൊരാൾ ജീവൻ സംരക്ഷിക്കാൻ പോലും ആഗ്രഹിക്കാതെ.
അർജ്ജുൻ കുഞ്ഞിനെ വെള്ളച്ചാട്ടത്തിന്റെ അരികിലേക്ക് കൊണ്ടുപോകുന്നു.
നില ഒന്നും അറിയാതെ ചോദിക്കുന്നു.
"അച്ഛാ... നമ്മൾ ഇവിടെ എന്തിനാ വന്നത്?"
അർജ്ജുന്റെ കണ്ണ് നിറയുന്നു.
പക്ഷേ മീരയുടെ തണുത്ത ശബ്ദം...
"ഇപ്പോൾ തന്നെ..."
അവൻ കുഞ്ഞിനെ തള്ളാൻ കൈ

നീട്ടുന്ന നിമിഷം...
പിന്നിൽ നിന്ന് ഒരു നിലവിളി.
"വേണ്ട!"
ദേവൻ ഓടി വന്ന് കുഞ്ഞിനെ പിടിച്ചു രക്ഷിക്കു
ന്നു. മായ നിളയെ നെഞ്ചോട്
ചേർത്ത് കരയുന്നു.
ആ ചെറിയ കുട്ടിയുടെ ഒരു ചോദ്യം അവരുടെ
ജീവിതം മാറ്റിമറിക്കുന്നു.
"ആന്റി, നിങ്ങൾ എന്തിനാ കരയുന്നേ?"
മായ പൊട്ടിക്കരയുന്നു...!
പോലീസ് എത്തുന്നതിന് മുൻപ് അർജുൻയും
മീരയും ഓടി രക്ഷപ്പെടുന്നു. പിന്നീട്
അന്വേഷണം...സത്യം പുറത്തുവരുന്നു.
കോടതി...
അവർക്ക് മാതൃപിതൃ അവകാശം നഷ്ടമാകുന്നു.
അനാഥാലയം...
ദേവനും മായയും വീണ്ടും ജീവിതത്തിലേക്ക്
മടങ്ങാൻ ശ്രമിക്കുന്നു.
പക്ഷേ അവരുടെ മനസ്സിൽ നിന്ന് ആ കുഞ്ഞ്
പോകുന്നില്ല. അവർ അവളെ
ദത്തെടുക്കാൻ അപേക്ഷിക്കുന്നു.
മാസങ്ങൾക്കുശേഷം...
അവൾ അവരുടെ വീട്ടിലേക്ക് വരുന്നു. ആ വീട്ടിൽ
ആദ്യമായി യഥാർത്ഥ ചിരി
മുഴങ്ങുന്നു.
ഒരു മഴയുള്ള രാത്രി.
വൈദ്യുതി പോയിരിക്കുന്നു. ദേവൻ മെഴുകുതിരി
തെളിയിക്കുന്നു.
നിള അവന്റെ അടുത്ത് വന്ന് ചോദിക്കുന്നു.
"ഒരു കാര്യം ചോദിക്കട്ടേ?"
"ചോദിക്കൂ..."
"എല്ലാവർക്കും അച്ഛന് ഒരു പേരുണ്ടല്ലോ..."
"നിങ്ങളുടെ പേര് എന്താ?"
ദേവൻ ഒരു നിമിഷം നിശ്ശബ്ദനാകുന്നു, കണ്ണുക
ളിൽ കണ്ണുനീർ...
അവളെ നെഞ്ചോട് ചേർത്ത് പതുക്കെ പറയുന്നു-
"എന്റെ പേര്..."
"അച്ഛൻ."
നിള ചിരിച്ചുകൊണ്ട് അവനെ കെട്ടിപ്പിടിക്കുന്നു.
മെഴുകുതിരിയുടെ വെളിച്ചത്തിൽ മതിലിൽ
വീഴുന്ന രണ്ട് നിഴലുകൾ,
ഒരച്ഛന്റെയും...ഒരു മകളുടെയും...!
"ചില ബന്ധങ്ങൾ ജനിക്കുന്നത് രക്തത്തിൽ അല്ല...
ഹൃദയത്തിലാണ്!"

*Sibin Celine Paulose: An engineer with a passion for storytelling, dance and movies. Based in Mangere, Auckland. Originally from Thuravoor, Angamaly*

# art





**Anu George**

*is a registered nurse at Waitakere Hospital.*

art







**Anju Mobin**

*An active member of Waitakere Arts Community who loves to be identified as an amateur artist, actively helping parents host art parties for kid's birthdays, weekend get together and adult sip & paint parties to leverage her skills and interest in developing artistic skills in both kids and adults through her own art brand - nz_ArtZone. Looks forward to helping children rediscover their artistic talent and imagination while using art as a therapy for the rest of their life.*

# art





**Annie Shintu Zachariah**

*is a 3rd year PhD student at the University of Auckland and an artist at heart. Black-and-white drawing is her favourite medium, as she finds beauty in the power of contrast and simplicity. Alongside her love for sketching, she is passionate about dancing and public speaking.*





# art





**Karthi**

*CHILANKA is an acrylic painting from Karthi's Art House that captures the sacred moment before a dancer takes the first step. In the simple act of tying the anklets lies a lifetime of discipline, silent sacrifices, unwavering devotion, and unconditional love for the art. Every bell carries a heartbeat, every knot holds a prayer, and every step becomes an offering to the divine. This painting is a heartfelt tribute to every devoted dancer whose soul finds its truest expression through rhythm, grace, and faith.*

*Karthi is an artist specialising in oil, acrylic, portraiture, contemporary art, and traditional Kerala mural paintings. Rooted in pure imagination, each artwork reflects a love for storytelling, culture, and emotion. A member of the Auckland Art Gallery, Karthi has participated in numerous exhibitions across New Zealand. For Karthi, painting is a form of meditation—a creative journey that transforms imagination and emotion into meaningful art, with the hope of touching the soul of every art lover.*

# art









**Akshaya Kiran**

*is a Year 12 student at Rangitoto College with a passion for art, sport and performing arts. She competes at a national level in cricket and is a committed Bharatanatyam dancer.*

കഥ



രെഞ്ജിത്
ജോസ്

# മനസ്സ് ഒരു കടങ്കഥ

തൊടുപുഴയ്ക്ക് അടുത്തുള്ള പൂമല എന്നൊരു കൊച്ചു മലയോര ഗ്രാമത്തിലാണ് ഉണ്ണി ജനിച്ചതും വളർന്നതും. ഞങ്ങളുടെ നാട്ടുകാരനായ ഉണ്ണിയുടെ അച്ഛൻ അവിടുത്തെ ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാര നാണ്. അവിടെയുള്ള നാട്ടുകാർക്ക് പ്രിയങ്കരനായ തുകൊണ്ട് ഏതാണ്ട് 10 വർഷക്കാലം പൂമലയിൽ തന്നെയായിരുന്നു ജോലി. അച്ഛനും അമ്മയ്ക്കും ആറ്റുനോറ്റുണ്ടായ കുഞ്ഞാണ് ഉണ്ണി. അമ്മൂമ്മയും അമ്മയും അച്ഛനും അടങ്ങുന്ന ഒരു കൊച്ചു കുടുംബ ത്തിൽ വളരെ നാളത്തെ കാത്തിരിപ്പിന് ശേഷം ഉണ്ടായ കുഞ്ഞായിരുന്നതു കൊണ്ടുതന്നെ ഉണ്ണി ഏവർക്കും പ്രിയപ്പെട്ടവൻ ആയിരുന്നു. വളരെ ലാളനയോടെ, ഒരുപക്ഷേ അമിത പരിലാളന അനുഭവിച്ചാണ് ഉണ്ണി വളർന്നത്. വളർന്ന സാഹചര്യം കൊണ്ടാണോ, അതോ മറ്റെന്തെങ്കിലും കാരണം കൊണ്ടാണോ എന്നറിയില്ല, മറ്റെല്ലാവരിലും ഒരുപടി മുന്നിലാണ് ഉണ്ണി എപ്പോഴും. അതുകൊണ്ടുതന്നെ ഏഴുമാസം പൂർത്തിയായപ്പോൾ തന്നെ അമ്മയുടെ വയറ്റിൽ നിന്ന് പുറത്ത് ചാടി കരുത്ത് തെളിയിച്ചിരുന്നു! അവൻറെ പ്രായത്തിലുള്ള മറ്റു കുട്ടികളെ അപേക്ഷിച്ച് അവൻ നന്നേ ചെറുതായിരുന്നു. അതിനാലാകണം, എന്തിനും ഏതിനും മാതാപി താക്കളുടെയും മുത്തശ്ശിയുടെയും ഒരു അമിത പരിഗണന അവന് കിട്ടിയിരുന്നു. എങ്കിലും എല്ലാറ്റിനോടും പേടിയായിരുന്നു ഉണ്ണിക്ക്. അത് ഒരുപക്ഷേ അവൻ കേട്ടുവളർന്ന മുത്തശ്ശി കഥകളും, ജീവിത സാഹചര്യങ്ങളും കൊണ്ടാകാം. ചിലപ്പോൾ ജന്മസിദ്ധമായി കിട്ടിയതും ആകാം! കുട്ടി ആയിരിക്കുമ്പോഴേ അവന് ഇരുട്ടിനെ പേടി ആയിരുന്നു. പിന്നെപ്പിന്നെ പേടിയും അവനോ ടൊപ്പം വളർന്നു വന്നു. ഉണ്ണിയുടെ പേടി മാറ്റാൻ പ്രാർത്ഥന മാത്രമല്ലാ, ആനവാൽ മോതിരവും മറ്റു പൊടിക്കൈകളും എല്ലാം പ്രയോഗിച്ചു നോക്കി. പക്ഷേ വീട്ടുകാരുടെ സമയവും ക്യാഷും പോയത ല്ലാതെ ഉണ്ണിയുടെ പേടി മാത്രം മാറിയില്ല!

മധ്യവേനൽ അവധി കഴിഞ്ഞ് അഞ്ചാം ക്ലാസിൽ എത്തിയപ്പോഴാണ് ഞാൻ ആദ്യമായി ഉണ്ണിയെ കാണുന്നത്. പൊക്കത്തിന്റെ കാര്യത്തിലും ശരീരഘടനയിലും ഉണ്ണിയോടൊപ്പം കട്ടക്ക് നിൽ ക്കുന്നത് ആയതുകൊണ്ട് തന്നെ വളരെ പെട്ടെന്ന് തന്നെ ഞങ്ങൾ അടുത്തു. ഒരേ ബെഞ്ചിൽ അടുത്തടുത്ത് ആണ് ഞങ്ങളുടെ സ്ഥാനം. മറ്റു കുട്ടികൾക്ക് എല്ലാം ഉണ്ണിയും അവൻറെ പേടിയും ഒരു തമാശയായിരുന്നു. മറ്റുള്ളവരുടെ മുമ്പിൽ ശക്തിമാനായി അഭിനയിച്ചു കൊണ്ടിരുന്ന ഞാൻ പേടിയുടെ കാര്യത്തിൽ ഉണ്ണിയെ പോലെ തന്നെ ആയതു കൊണ്ടാകാം ഞങ്ങൾ പെട്ടെന്ന് അടുത്തത്...

ഉണ്ണിയുടെ മനസ്സ് ഒരു പ്രത്യേക മെഷീൻ ആണെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. കൊതുകിനെ ആനയാക്കുന്ന പ്രത്യേക മെഷീൻ. ഒരു ചെറിയ കൊതുകിനെ അതിലിട്ടാൽ പുറത്തു വരുന്നത് ഒരു ആനയായിരിക്കും. ആരെങ്കിലും ഉണ്ണിയെ കണ്ടിട്ട് മിണ്ടിയില്ലെങ്കിൽ ഉണ്ണി അതിനെ ക്കുറിച്ച് ചിന്തിച്ച് വേവലാതിപ്പെടും, ചിലപ്പോൾ

സങ്കടപ്പെടും. അവർ മിണ്ടാത്തതിനെ ഓർത്ത് മനസ്സിൽ കഥകൾ മെനയും. അങ്ങനെ ഒരു ചെറിയ കാര്യം പോലും മനസ്സിൽ മൂന്ന് ദിവസത്തെ സിനിമയാകും. ഉണ്ണിയുടെ ഈ സ്വഭാവ"ഗുണം" കൊണ്ട് തന്നെ മറ്റുള്ളവരുടെ മുമ്പിൽ പലപ്പോഴും പരിഹാസപാത്രം ആകാറുണ്ട്.

സ്കൂൾ കാലഘട്ടം കഴിഞ്ഞ് പലരും പല വഴിക്ക് പിരിഞ്ഞു. എങ്കിലും ഞാൻ ഉണ്ണിയെ വല്ലപ്പോഴുമൊക്കെ കാണാറുണ്ട്. പേടിയുടെയും, ഉത്കണ്ഠയുടെയും കാര്യം ഒഴിച്ചാൽ ഉണ്ണി പഠിത്തത്തിൽ കെങ്കേമൻ തന്നെ. ഐ.ടി. എൻജിനീയറിങ് പൂർത്തിയാക്കിയ ഉടനെതന്നെ തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ ജോലിക്ക് കയറി. അധികം വൈകാതെ ഉണ്ണിക്ക് വിവാഹാലോചനകളുടെ തിരക്കായി! അതോടെ ഉണ്ണിക്ക് പുതിയ പേടിയുടെ ആരംഭവും!! കല്യാണം കഴിച്ചാൽ ശരിയാകുമോ, പെൺകുട്ടിക്ക് തന്നെ ഇഷ്ടപ്പെടുമോ, തനിക്ക് നല്ല ഭർത്താവ് ആവാൻ പറ്റുമോ, കുട്ടികൾ ഉണ്ടാകുമോ അങ്ങനെ അങ്ങനെ... അതോടെ ഉണ്ണിയുടെ ഉറക്കം നഷ്ടപ്പെട്ടു.

"എനിക്ക് കല്യാണം വേണ്ട" ഉണ്ണി മടിച്ചു മടിച്ച് അച്ഛനോട് പറഞ്ഞു.

"ഇതൊന്നും സാരമില്ലടാ, എല്ലാം ശരിയാകും" അച്ഛൻ ആശ്വസിപ്പിച്ചു! അച്ഛനെ എതിർക്കാനും ഉണ്ണിക്ക് പേടിയായിരുന്നു.

അങ്ങനെ അമേരിക്കയിയിൽ കുടിയേറിയ ഒരു മലയാളി പെൺകുട്ടിയുമായി ഉണ്ണിയുടെ വിവാഹം കഴിഞ്ഞു. ഏകദേശം ഒരു വർഷത്തിനുശേഷം ഉണ്ണി അമേരിക്കയിലേക്ക് കുടിയേറി. ഞാൻ മറ്റൊരു ലോകത്തേക്കും!

അതോടെ ഉണ്ണിയും ഞാനും ആയിട്ടുള്ള ഫോൺ സംഭാഷണങ്ങൾ പതിയെ പതിയെ ഇല്ലാതെയായി എന്നു പറയാം. ഈയടുത്ത കാലത്ത് നാട്ടിൽ ലീവിന് ചെന്നപ്പോഴാണ് അമ്മ പറഞ്ഞ് അറിഞ്ഞത്-ഉണ്ണിയും നാട്ടിലുണ്ടെന്ന്.

അവനെ കാണാൻ വീട്ടിലെത്തിയപ്പോൾ മുമ്പിലത്തെ ചാരു കസേരയിൽ ചാരികിടന്ന് ഉച്ചയുറക്കത്തിലാണ് ഉണ്ണി. കസേരയുടെ താഴെ ഒരു ഒഴിഞ്ഞ ഗ്ലാസും പകുതിയോളം തീർന്ന സ്കോച്ച് വിസ്കിയും!

ഞാനും ഉണ്ണിയുടെ അമ്മയും കൂടെ പലവട്ടം ഉണർത്താൻ ശ്രമിച്ചെങ്കിലും കുടിച്ച മദ്യത്തിൻറെ ലഹരിയിൽ നല്ല ഉറക്കത്തിൽ തന്നെയായിരുന്നു ഉണ്ണി. അവൻ വന്നിട്ട് കുറച്ചു നാളായത്രെ... ഉണ്ണിയുടെ അമ്മ പറഞ്ഞു. ഭാര്യയുമായി എന്തോ സൗന്ദര്യ പിണക്കങ്ങൾ ഉണ്ട് എന്നല്ലാതെ മറ്റൊന്നും അവൻ പറഞ്ഞിട്ടില്ല. എന്ന് തിരിച്ചു പോകുമെന്നും അമ്മക്കറിയില്ല. ഭക്ഷണം കഴിക്കൽ തീരെയില്ല. രാവിലെയും ഉച്ചയ്ക്കും വൈകിട്ടും മരുന്നു പോലെ വിസ്കി മാത്രം. എന്തെങ്കിലും പറഞ്ഞാൽ അമ്മയോട് ദേഷ്യപ്പെടും. എവിടെയെങ്കിലും ചികിത്സയ്ക്ക് കൊണ്ടുപോകാൻ അമ്മയോട് ഉപദേശിച്ച് ഞാൻ തിരിച്ചു പോന്നു. ഉണ്ണിയുടെ അവസ്ഥ കണ്ടിട്ട് എനിക്ക് അതിയായ ദുഃഖം തോന്നി.

**കഥയിൽ അല്പം കാര്യം**

അവധി കഴിഞ്ഞ് തിരിച്ചെത്തിയതിനു ശേഷം ഉണ്ണിയെ ക്കുറിച്ച് എൻറെ സുഹൃത്തും സൈക്കോളജിസ്റ്റുമായ കിരണോട് ഞാൻ സംസാരിച്ചു. തികച്ചും കണ്ണ് തുറപ്പിക്കുന്നതായിരുന്നു കിരൺ പറഞ്ഞ ഓരോ കാര്യങ്ങളും. ശാസ്ത്രീയമായി തന്നെ ഓരോ കാര്യങ്ങളും അദ്ദേഹം വിശദീകരിച്ചു തന്നു. വാസ്തവത്തിൽ നമ്മളിൽ പലരും കാണുന്ന ഉത്കണ്ഠയും അമിത ചിന്തയും നമ്മുടെ തലച്ചോറിൽ Amygdala എന്നൊരു ചെറിയ ഭാഗത്തെ പ്രചോദിപ്പിക്കുന്നു. ഇവിടെയാണ് നമ്മുടെ ശരീരത്തിന്റെ അപകട അലാറം സ്ഥിതിചെയ്യുന്നത്...

ഉദാഹരണത്തിന് ഒരു നായ പിന്തുടരുകയോ അപകടമുണ്ടാക്കാൻ സാധ്യതയുണ്ടാ വുകയോ ചെയ്താൽ ഈ അലാറം പ്രവർത്തിക്കും. അപ്പോൾ നമ്മുടെ ശരീരം മൂന്ന് രീതിയിൽ പ്രതികരിക്കും.

1) പോരാടുക(Fight)- നായയെ കല്ലോ വടിയോ ഉപയോഗിച്ച് നേരിടുക.

2) ഒഴിവാകുക(Flight) - സംഭവസ്ഥലത്തു നിന്നും നിന്ന് ഓടി രക്ഷപ്പെടാൻ ശ്രമിക്കുക.

3) സ്തംഭിച്ചു പോകുക(Freeze)- എന്ത് ചെയ്യണം എന്ന് അറിയാതെ പകച്ച് നിൽക്കുക.

ഈ മൂന്ന് കാര്യങ്ങളും മനുഷ്യനെ പരിരക്ഷിക്കുവാൻ പ്രകൃതി നൽകിയ അത്ഭുത സംവിധാനങ്ങളാണ്. എന്നാൽ ചില സമയത്ത് തലച്ചോറിന് യഥാർത്ഥ അപകടവും മനസ്സിൽ സൃഷ്ടിച്ച ഭയവും തമ്മിൽ വ്യക്തമായി തിരിച്ചറിയുവാൻ കഴിയില്ല."

ഉദാഹരണത്തിന്

"നാളത്തെ ഇൻറർവ്യൂ മോശമായാൽ എന്ത് ചെയ്യും"?

"മറ്റ് ആളുകൾ എന്നെപ്പറ്റി മോശമായി വിചാരിക്കുന്നുണ്ടോ"?

"എനിക്ക് എന്തെങ്കിലും അസുഖമുണ്ടോ"?

ഇവ യഥാർത്ഥത്തിൽ അപകടങ്ങൾ അല്ല. പക്ഷേ ഈ ചിന്തകൾ വീണ്ടും വീണ്ടും വരുമ്പോൾ നമ്മളുടെ തലച്ചോറ് അതിനെ ഒരു യഥാർത്ഥ ഭീഷണിയായി കാണും. അപ്പോൾ ശരീരം വീണ്ടും അലാറം മുഴക്കും, ഹൃദയമിടിപ്പ് കൂടും, നെഞ്ചിടിപ്പ് അനുഭവപ്പെടും, ഉറക്കം കുറയും, മനസ്സ് ഒരേ കാര്യം വീണ്ടും വീണ്ടും ചിന്തിക്കും...! ഇതാണ് ഉൽക്കണ്ഠയും അമിത ചിന്തയും (Anxiety and



overthinking). വാസ്തവത്തിൽ അമിതചിന്ത ഒരു പ്രശ്നത്തിനുള്ള പരിഹാരം കണ്ടെത്തുവാനുള്ള മനസ്സിൻറെ ശ്രമമാണ്. പക്ഷേ, അത് പലപ്പോഴും പരിഹാരം കണ്ടെത്താതെ ഭയത്തെ കൂടുതൽ ശക്തമാക്കുകയാണ് ചെയ്യുന്നത്.

വളരെ ലളിതമായി പറഞ്ഞാൽ നമ്മളുടെ മിക്ക വരുടെയും വീട്ടിൽ സെക്യൂരിറ്റി അലാറം സിസ്റ്റം ഉണ്ട് എന്ന് ചിന്തിക്കുക. വീട്ടിൽ കള്ളൻ വാതിൽ പൊളിച്ച് അകത്ത് കയറിയാലും പൂച്ചയോ മറ്റോ ഉള്ളിലൂടെ നടന്നാലും അത് അടിക്കും. ചുരുക്കിപ്പറഞ്ഞാൽ ഉൽക്കണ്ഠയുള്ളവരുടെ മനസ്സ് പൂച്ചയെ കള്ളനായി തെറ്റിദ്ധരിച്ച് അലാറം മുഴക്കിക്കൊണ്ടിരിക്കും.

നമ്മുടെ ഇടയിൽ അനേകം പേർ ഉത്ക്കണ്ഠയും അമിത ചിന്തയും മൂലം വിഷമിക്കുന്നുണ്ട്. പലപ്പോഴും അവരുടെ ജീവിതം ദുസ്സഹമാ കാറു മുണ്ട്. ജീവിത സാഹചര്യങ്ങളും പ്രാരാബ്ധങ്ങളും മറ്റുള്ളവർ അറിഞ്ഞാൽ ഉണ്ടാകാവുന്ന മാനഹാനി ഭയന്ന് ഉള്ളിൽ ഒതുക്കി ജീവിതം തള്ളിനീക്കാറാണ് പതിവ്. പലപ്പോഴും അതിൽ നിന്ന് രക്ഷപ്പെടാൻ മദ്യത്തിലോ മയക്കുമരുന്നിലോ അടിമകളാകും ഇക്കൂട്ടർ.

**പ്രവാസിയുടെ ജീവിതം**

നാം ഓരോരുത്തരും നമ്മളുടെ സ്വന്തം നാട്ടിൽ നിന്ന് അന്യനാട്ടിലേക്ക് കുടിയേറി പാർത്തവരാണ്. ഒരു പ്രവാസിയുടെ ജീവിതം പലപ്പോഴും ഉൽക്കണ്ഠയും ആകുലതകളും നിറഞ്ഞതാണ്. കുടിയേറ്റം എന്നത് ഒരു രാജ്യത്ത് നിന്ന് മറ്റൊരു രാജ്യത്തേക്ക് വെറുമൊരു യാത്ര പോകുന്നതല്ല. അത് പഴയ ജീവിതത്തിൽ നിന്ന് പുതിയതൊന്ന് സ്വയം സൃഷ്ടിക്കാനുള്ള യാത്രയാണ്. ആ യാത്ര യിൽ ഏറ്റവും ശബ്ദം ഉണ്ടാക്കുന്നത് പുറത്തുള്ള ലോകമല്ല; സ്വന്തം മനസ്സാണ്. പുതിയ രാജ്യം, പുതിയ ഭാഷ, പുതിയ ജോലി, പുതിയ സംസ്കാരം ഇതെല്ലാം ഒരേസമയം അഭിമുഖീകരിക്കേണ്ടി വരുമ്പോൾ ഉത്കണ്ഠയും അമിത ചിന്തയും സ്വാ ഭാവികമായി ഉണ്ടാകാം. എപ്പോഴും തെറ്റു പറ്റുമോ എന്ന ഭയം ആത്മവിശ്വാസം കുറയ്ക്കുകയും ചെറിയ കാര്യങ്ങൾപോലും വലിയ പ്രശ്നങ്ങളായി അനുഭവപ്പെടുകയും ചെയ്യും.

ഏകാന്തത - നാട്ടിലായിരിക്കുമ്പോൾ നമുക്ക് ഒരു വിഷമം വന്നാൽ സുഹൃത്തുക്കളും വീട്ടുകാരും എല്ലാവരും കൈത്താങ്ങായുണ്ട്; അവരുമായി സന്തോഷങ്ങളും സങ്കടങ്ങളും പങ്കുവയ്ക്കാം.




എന്നാൽ നമ്മുടെ ഈ പ്രവാസ ജീവിതത്തിൽ അതിനുള്ള സാഹചര്യങ്ങൾ വളരെ കുറവാണ്. ഒരു ശരാശരി പ്രവാസി നാടുവിടുമ്പോൾ എയർ ലൈൻസ് അനുവദിക്കുന്ന 30 കിലോ സാധനങ്ങൾ മാത്രമല്ല കൊണ്ടുപോകുന്നത്. കുറേയേറെ ഭയവും ആകാംക്ഷയും, കുറച്ചു കുറ്റബോധവും ഒരുപാട് പ്രതീക്ഷകളും കൂടെയുണ്ടാകും. പക്ഷേ ആ പെട്ടി പുറത്തു കാണില്ല...അതിൻറെ ഭാരം അവർ ദിവസവും വഹിച്ചുകൊ ണ്ടിരിക്കും.

നാട്ടിലായിരിക്കുമ്പോൾ ചിന്തിക്കും, വിദേശത്ത് പോയാൽ എല്ലാം ശരിയാകുമെന്ന്... വിദേശത്ത് എത്തിയാലോ നാട്ടിൽ ആയിരുന്നെങ്കിൽ നന്നായി രുന്നു എന്നു തോന്നും. ഒരു ചിന്ത കഴിയുമ്പോൾ മറ്റൊന്ന്...!

വെളിനാട്ടിൽ സങ്കടം വന്നാലും സന്തോഷം വന്നാലും ഇടക്കിക്കിടെ പോയി ഫ്രിഡ്ജ് തുറന്നു നോക്കാം എന്നല്ലാതെ മറ്റൊരു വഴിയുമില്ല. പുറത്ത് ചിരിച്ചാലും ഉള്ളിൽ ഒറ്റപ്പെട്ടതിന്റെ വേദന ഉണ്ടാകാം. അതിനേക്കാൾ ബുദ്ധിമുട്ടുള്ള കാര്യമാണ് എല്ലാം ശരിയാണെന്ന് മറ്റുള്ളവരുടെ മുമ്പിൽ അഭിനയിക്കുക എന്നത്. നാട്ടിലുള്ളവർ ചോദിക്കുമ്പോൾ ഒന്നും ചിന്തിക്കാതെ ചിരിച്ചുകൊ ണ്ട് പറയും "സൂപ്പർ ആണ്" ഇവിടെ എന്ന്. പക്ഷേ ആ ചിരിയുടെ പിന്നാമ്പുറത്ത് ഉറക്കം വരാത്ത രാത്രികളും സാമ്പത്തിക പിരിമുറുക്കങ്ങളും തോരാത്ത കണ്ണുനീരും ഉണ്ടായേക്കാം.

നമ്മളിൽ പലരും ഈവക പ്രശ്നങ്ങളെല്ലാം ഗംഭീരമായി പരിഹരിച്ച് ജീവിതത്തിൽ വലിയ ഉയർച്ചയിലെത്തുന്നുണ്ട്. പക്ഷേ ചുരുക്കം ചിലരെങ്കിലും ഈ വിഷമഘട്ടങ്ങളെല്ലാം തരണം ചെയ്യാൻ പ്രയാസപ്പെടാറുണ്ട്.

വിദ്യാഭ്യാസത്തിലും ജീവിത നിലവാരത്തിലും വളരെ ഉയർന്ന നിലവാരം പുലർത്തുന്ന ഒരു സമൂഹമാണ് മലയാളിയുടേത്. എങ്കിലും നമ്മുടെ ഇടയിലും വിഷമങ്ങൾ അനുഭവിക്കുന്ന ധാരാളം "ഉണ്ണി"മാർ ഉണ്ട്. ഒരു സമൂഹമെന്ന നിലയിൽ അവരെ ഒറ്റപ്പെടുത്താതെ, പരിഹസിക്കാതെ, പരിഗണനയും, സാന്ത്വ നവും, കരുതലും നൽകി ചേർത്തു പിടിക്കുകയും, വീണു പോകാതെ താങ്ങിനിർത്തുകയും ചെയ്യുവാനുള്ള ഒരു ബാദ്ധ്യത നമുക്കുണ്ട്!

ഉണ്ണി ഇന്ന് നാട്ടിൽ നിന്ന് തിരിച്ചു പോവുകയാണ്. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും അകമഴിഞ്ഞ സ്നേഹവും പിന്തുണയും, ശരിയായ ചികിത്സയും കൗൺസിലിംഗും അദ്ദേഹത്തിന് പുതിയ പ്രതീക്ഷയും ആത്മവിശ്വാസവും നൽകി. മദ്യപാനശീലത്തോട് പൂർണമായി വിടപറഞ്ഞ്, ഒരിക്കൽ മനസ്സിനെ അലട്ടിയിരുന്ന പേടിയും ഉത്കണ്ഠയും പിന്നിലാക്കി, സന്തോഷവും സമാധാ നവും നിറഞ്ഞ പുതിയൊരു ജീവിതത്തിലേക്കാണ് ഇന്ന് അദ്ദേഹം ചുവടുവെക്കുന്നത്.

ഈ വിജയം അദ്ദേഹത്തിന്റേത് മാത്രമല്ല; ഒപ്പം നിന്ന ഓരോരുത്തരുടെയും കരുതലിന്റെയും പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും വിജയ മാണ്. ഈ പുതിയ യാത്രയിൽ ഓരോ ദിവസവും പ്രതീക്ഷയും ആരോഗ്യവും സമാധാനവും സന്തോ ഷവും നിറഞ്ഞതാകട്ടെ. ജീവിതം ഇനി കൂടുതൽ മനോഹരമായ അനുഭവങ്ങളും നേട്ടങ്ങളും സമ്മാനിക്കട്ടെ.

രെഞ്ജിത് ജോസ്: രെജിസ്റ്റേർഡ് സോഷ്യൽ വർക്കർ. ഒരു NGO യിൽ സർവീസ് മാനേജർ ആയി ജോലി ചെയ്യുന്നു. കുടുംബത്തോടൊപ്പം "ഗ്ലെൻ ഈഡൻ" ൽ താമസം



ജൂബി ജോസ്




# ഒരു വട്ടം കൂടി...

ബസ്സിൽ നിന്നും ഇറങ്ങി പണ്ടത്തെ ആ വഴികളിലൂടെ ഒരിക്കൽ കൂടി നടന്നു. ഇത്തവണ ഒറ്റക്കാണ് വരവ്; ചുമ്മാ ഒരു രസം... പണ്ടത്തെ ചെമ്മൺ പാതയെല്ലാം കറുത്ത മിനുമിനുത്ത ടാറിട്ട വഴികളായി മാറി...വെട്ടുകല്ല് കൊണ്ട് ഉണ്ടാക്കിയ ചെറു മതിലുകളെല്ലാം പല നിറത്തിലും തരത്തിലും ഉള്ള വലിയ മതിലുകളായി മാറ്റി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. പണ്ടിവിടെ ഒരു ബേക്കറി ഉണ്ടായിരുന്നു. ബസ്സ്റ്റോപ്പിന്റെ തൊട്ടടുത്ത് ഒറ്റ മുറി കട... പുറത്തുനിന്നും സാധനം വാങ്ങാൻ പറ്റുന്ന തരം കട. അവിടെ ഒരു കുഞ്ഞു ചില്ലലമാരയിൽ നാടൻ പലഹാരങ്ങളും നാരങ്ങാ വെള്ളവും പല തരം വാഴപ്പഴങ്ങളും ഒക്കെ ആയിരുന്നു വിറ്റിരുന്നത്. അവിടെ നിന്നാണ് ബന്ധുവീടുകളിലേക്കുള്ള പലഹാരങ്ങൾ വാങ്ങിയിരുന്നതും.

ഇന്ന് അത് എ.സി.യുടെ കുളിരുള്ള കടയായി പരിണാമം പ്രാപിച്ചിരിക്കുന്നു. ഉള്ളിലേയ്ക്ക് കയറിയപ്പോൾ ഒരു പത്തു പതിനഞ്ചു പേർക്ക് ഇരുന്നു ലഘു ഭക്ഷണം കഴിക്കാനുള്ള സംവിധാനം ഉണ്ട്. ഉള്ളിലെ ചില്ലലമാരികളിൽ കാക്കത്തൊള്ളായിരം പലഹാരങ്ങൾ... സ്വദേശിയും വിദേശിയും ആയ മിട്ടായികൾ, പലതരം പാനീയങ്ങൾ, മെനു കാർഡ് വരെ ഉണ്ട്. കടക്കാരനെയും ജീവനക്കാരനെയും ഒന്നും പരിചയം തോന്നുന്നില്ല. പല നിറത്തിലും തരത്തിലും ഉള്ള പലഹാരങ്ങൾ എന്നെ നോക്കി പുഞ്ചിരിച്ചു. ഷുഗറും പ്രഷറും കൊളസ്ട്രോളും ആവശ്യത്തിൽ കൂടുതൽ ഉള്ളത് കാരണം ഭക്ഷണം നിയന്ത്രിക്കണം.

പണ്ട് ചെറുപ്പത്തിൽ തിന്നാൻ കൊതിയും വിശപ്പും ഉണ്ടായിരുന്നു. അന്ന് പക്ഷേ അമ്മയുടെ പേഴ്സിൽ പണം കുറവായിരുന്നു. പഠിച്ചു വലുതായി ജോലി കിട്ടിക്കഴിഞ്ഞാൽ ഇഷ്ടത്തിന് ലഡ്ഡുവും ജിലേബിയും ഒക്കെ വാങ്ങി കഴിച്ചോളാൻ അന്ന് അമ്മ പറഞ്ഞു. ഇന്ന് പേഴ്സിൽ പണം ആവശ്യത്തിൽ കൂടുതൽ ഉണ്ട്. പക്ഷേ ശരീരം അനുവദിക്കുന്നില്ല. മനുഷ്യന്റെ ഓരോ അവസ്ഥകൾ! ഏതായാലും കേറിയതല്ലേ എന്ന് കരുതി ഒരു മധുരം ഇല്ലാത്ത ചായ കുടിച്ചു. വീണ്ടും ഇറങ്ങി വഴിയിലെ കാഴ്ചകളിലേക്ക് കണ്ണോടിച്ചു.

പഴയ കെട്ടിടങ്ങൾ തന്നെ... പക്ഷേ എല്ലാം മോടി പിടിപ്പിച്ചിരിക്കുന്നു. നല്ല ചായങ്ങൾ പൂശിയും, കണ്ണാടി ചുവരുകൾ നിർമിച്ചും പരിഷ്കരിക്കപ്പെട്ടിരിക്കുന്നു. പള്ളിയുടെ നേരെ എതിരെ ഒരു ചായക്കട ഉണ്ടായിരുന്നു. അപ്പച്ചനൊക്കെ രാവിലെ കുർബാന കഴിഞ്ഞു ഒരു കാലി ചായ കുടിച്ചു നാട്ടുവർത്തമാനങ്ങൾ പറയാനും റേഡിയോ കേൾക്കാനും ഒക്കെ വന്നിരുന്ന സ്ഥലം... ഇന്ന് അത് എ.സി-നോൺ എ.സി. ഫാമിലി റെസ്റ്റോറന്റ് ആണ്. പഴയ അപ്പാപ്പൻ ഒക്കെ മരിച്ചു പോയോ ആവോ? ഒരു ചെറുപ്പക്കാരൻ ആണ് ഇപ്പോൾ ക്യാഷ് കൗണ്ടറിൽ




ഇരിക്കുന്നത്.
പള്ളിയുടെ മുന്നിലൂടെ ആണ് വഴി. പഴയ നീലയും വെള്ളയും കുമ്മായം പൂശിയ പള്ളിയുടെ സ്ഥാനത്തു ഇന്ന് ഒരു അത്യാഡംബര സമുച്ചയം! കോടികൾ മുടക്കി പുതിയ പള്ളി പണിത കാര്യം ഞാനും കേട്ടിരുന്നു. എങ്കിൽ പിന്നെ ഒന്ന് കണ്ടു കളയാം എന്ന് കരുതി. ഇട ദിവസം ആയിരുന്നുവെങ്കിലും ഒരു വശത്തെ വാതിൽ തുറന്നു കിടന്നിരുന്നു. അതിലൂടെ അകത്തേയ്ക്കു കയറി... എന്റെ തോമ്മാശ്ലീഹായെ, നിന്റെ ഒരു ഭാഗ്യം!
നല്ല കുളിർമയുള്ള അകത്തളം... വില കൂടിയ വിദേശ നിർമിത ഗ്രാനൈറ്റ് പാകിയ തറ... അതിനു മീതെ പതുപതുത്ത പരവതാനി... അറബിക്കഥകളെ അനുസ്മരിപ്പിക്കുന്ന അത്ഭുത വിളക്കുകൾ... കൊത്തുപണികൾ നിറഞ്ഞ മേൽക്കൂര... വർണാഭമായ സ്വർണം പൂശിയ അൾത്താര... അതിന്റെ നടുവിൽ കുരിശിൽ തൂങ്ങിയ കർത്താവ്...
കർത്താവിന് മാത്രം ഒരു മാറ്റവും ഇല്ല!
മുകളിലേക്ക് നോക്കിയപ്പോൾ ഭീമാകാരമായ രണ്ടു സീലിംഗ് ഫാനുകൾ... ഹെലികോപ്റ്ററിലെ റോട്ടർ ബ്ലേഡ് പോലെ! വേറെ ഏതോ പള്ളിയിൽ ഇത് വൃത്തിയാക്കുവാൻ കയറി, താഴെ വീണു ജീവൻ പൊലിഞ്ഞ മലയാളിയെയും ബംഗാളിയെയും ഞാൻ ഒരു നിമിഷം മനസ്സിൽ സ്മരിച്ചു. എന്തോ ഈ പള്ളിയിൽ പ്രാർത്ഥിക്കാൻ തോന്നിയില്ല. പുറത്തിറങ്ങി സെമിത്തേരിയിൽ പോയി മരിച്ചു പോയ കാരണവർമാരെ ഒക്കെ സന്ദർശിച്ചു, സംസാരിച്ചു, കുറച്ചു നേരം പ്രാർത്ഥിച്ചു. പിന്നെ കുറെ നേരം പള്ളിക്കു സമാന്തരം ആയ വയലിലേക്കു നോക്കി വെറുതെ നിന്നു... ഉള്ളിൽ പഴയ കാലത്തെ പള്ളിസ്മരണകളുടെ പെരുന്നാൾ!
വീണ്ടും നടുവഴിത്താരയിലേക്ക്... ഞാൻ ഉൾപ്പെടെ ഒരുപാടു കുഞ്ഞുങ്ങൾ പിറന്നു വീണ ഒരു കുഞ്ഞു ക്ലിനിക് ഇവിടെ ഉണ്ടായിരുന്നു. ഇന്ന് അത് ഒരു മൾട്ടി സ്പെഷ്യാലിറ്റി ബഹുനില സമുച്ചയം ആണ്. എന്റെ ഒക്കെ പ്രസവം എടുത്ത ഡോക്ടർ റിട്ടയർ ആയി, ഭരണം പുതിയ തലമുറയ്ക്ക് കൈമാറി!
ആമ്പലും താമരയും തെളിനീരും നിറഞ്ഞ തോടും ഹരിതാഭമായ വയലും താറാവിൻ കൂട്ടവും ഒക്കെ പ്രതീക്ഷിച്ചു ഞാൻ മുന്നോട് നടന്നു. വളവു തിരിഞ്ഞു ഇറക്കം ഇറങ്ങി വന്നപ്പോൾ കണ്ട കാഴ്ച എന്നെ തളർത്തി കളഞ്ഞു. പോളയും പായലും അടിഞ്ഞു വൃത്തിഹീനമായ ചെളിവെള്ളം കെട്ടിക്കിടക്കുന്ന തോട്, വർഷങ്ങളായി കൃഷി ചെയ്യാ തെ കള കേറി നശിച്ചു കിടക്കുന്ന ഏക്കർ കണക്കിന് പാടശേഖരം, താറാവ് പോയിട്ട് തൂവൽ പോലും കാണാൻ ഇല്ല! കര കയ്യേറി, കയ്യേറി ചെറിയ ചെറിയ പെട്ടിക്കടകൾ... കരിക്ക്, ചെറുകടികൾ, കപ്പ, പുഴമീൻ അങ്ങനെ അങ്ങനെ ചെറുകിട ബിസിനസ്സുകൾ. കാൽനട യാത്രക്കാർ കുറവായതിനാൽ കടന്നുവരുന്ന വാഹനങ്ങൾ പാർക്ക് ചെയ്തു സാധനങ്ങൾ വാങ്ങി പോകുന്നു... ചിലർ വലിയ ധൃതിയിൽ ചില്ലു മാത്രം താഴ്ത്തി സാധനങ്ങൾ വാങ്ങി പോകുന്നു... ഈ കടകളുടെ എല്ലാം അവശിഷ്ടങ്ങൾ തോട്ടിലും പാടത്തും ഒക്കെ വലിച്ചെറിയപ്പെട്ടിരിക്കുന്നു!
ഇത് എന്റെ നാടല്ല, എന്റെ നാട് ഇങ്ങനെ അല്ല! വീണ്ടും മുന്നോട്ട്, ഇനിയും എന്തൊക്കെ കാണണം? പഴയ ഊടുവഴികളും കയ്യാലയും

ഒന്നും തന്നെ കാണാനില്ല ... എല്ലാവരും അവര വരുടെ വീടും പറമ്പും വലിയ മതിലുകൾ കെട്ടി മറച്ചിരിക്കുന്നു. മിക്ക വീടുകളിലും ഇരുചക്ര വാഹനമോ നാൽചക്ര വാഹനമോ ഉണ്ട്. പരിചയം ഉള്ള ഒരു മുഖവും ഇതുവരെ കണ്ടില്ല. എല്ലാവരും എനിക്ക് അന്യരാണ്. പഴയ എൽ.പി. സ്കൂളിന്റെ പരിസരം ആയി... വഴിയിൽ നിന്ന് നോക്കിയാൽ നീളൻ വരാന്തയും ക്ലാസ് മുറികളും നടുമുറ്റവും കളിസ്ഥലവും ഒക്കെ കാണാമായിരുന്നു... ഇന്ന് വലിയ മതിലും കൂറ്റൻ ഗേറ്റും മറച്ച ഒരു ബഹുനില കെട്ടിടം കാണാം. അകത്തു കുട്ടികൾ ഉണ്ടാകുമോ എന്തോ?

പഴയ കുരിശുപള്ളി കവലയിൽ എത്തി; ചുറ്റും ഒന്ന് നോക്കി. വേലി കെട്ടി തിരിച്ച ഒറ്റ നിലയുള്ള ഇഷ്ടിക വീടുകൾ ഒന്ന് പോലും കാണാൻ ഇല്ല. പകരം സിമന്റും കമ്പിയും കൊണ്ട് നിർമിച്ച ഇരുനില മാളികകൾ. പഴയ പലചരക്കുകട ഒരു സൂപ്പർമാർക്കറ്റ് ആയി മാറി... ഒറ്റ ഷട്ടറിട്ട ഒരു ബാർ ബർഷോപ്പ് ഉണ്ടായിരുന്ന സ്ഥാനത്തു ഇപ്പോൾ ഹെയർ സലൂൺ- മുടി വെട്ടുന്നവൻ ബംഗാളി ആണെന്ന് തോന്നുന്നു. പഴയ തയ്യൽക്കട ഫാഷൻ ഹബ് ആയി മാമ്മോദീസ മുങ്ങിക്കഴിഞ്ഞു.

കുറച്ചു ബന്ധുവീടുകൾ ഒക്കെ സന്ദർശിച്ചു, എല്ലാ വീട്ടിലും പ്രായമായ ഒരു അപ്പച്ചനും അമ്മച്ചിയും മാത്രം; ചില വീടുകളിൽ വേലക്കാരോ ഹോം നഴ്സോ ഉണ്ട്. പെട്ടെന്ന് ഒരു പരിചിത മുഖം കണ്ടപ്പോൾ എല്ലാവർക്കും സന്തോഷം... ആവേശം! കുറച്ചു നേരം വിശേഷങ്ങൾ ഒക്കെ പങ്കുവച്ചു കഴിഞ്ഞ് ഞാൻ എൻറെ അയനം തുടർന്നു.

പിന്നിട്ട വഴികളിൽ ഒന്നും ഒരു കാൽനട യാത്രികനെയും കണ്ടില്ല. കാറുകളും ഇരുചക്ര വാഹനങ്ങളും ഓട്ടോറിക്ഷകളും തുരുതുരാ പാഞ്ഞു പോകുന്നു. ബസ് സർവീസ് ഇല്ലാത്ത വഴി ആയതു കൊണ്ട് അത് മാത്രം കണ്ടില്ല. ഞാൻ മാത്രം ഏകാന്തപഥിക... ചില വീടുകളുടെ സിറ്റൗട്ടിൽ നിന്നും ചിലർ തല പൊക്കി നോക്കി, ഏതവളാ ഈ നടന്നു പോകുന്നത് എന്ന മട്ടിൽ. ആ, ആരെങ്കിലും ആവട്ടെ എന്ന ഭാവത്തിൽ വീണ്ടും ചതുര സ്ക്രീനിന്റെ വെള്ളിവെളിച്ചത്തിലേക്ക് തല കുമ്പിട്ട് ഇരിക്കുന്നവർ...

അവസാനം തറവാടിന്റെ അടുത്ത് എത്താറായി. നേരം ഉച്ചയോട് അടുക്കുന്നു, ചുമ്മാ വീടുകളുടെ ചിമ്മിനിയിലേക്കു ഒന്ന് എത്തി നോക്കി. ഒരു വീട്ടിലും അടുപ്പു പുകയുന്നില്ല. ചില അടുക്കള കളിൽ നിന്ന് കുക്കറിന്റെ വിസിൽ കേൾക്കാം. ബാക്കി ഉള്ളവർ രാവിലെ തന്നെ ഉണ്ടാക്കി വച്ചിട്ടുണ്ടാകാം, അല്ലെങ്കിൽ വല്ല മന്തിയോ ബിരിയാണിയോ ഒക്കെ പാർസൽ വരുന്നുണ്ടാകാം. പഴയ കാലത്തെ പോലെ നാവിൽ കൊതി ഊറുന്ന കറിമണങ്ങൾ ഒന്നും കാറ്റിൽ ഇല്ല. തറവാട്ടിലേ ക്കുള്ള ഇട വഴിയിലൂടെ ഞാൻ നടന്നു... തെങ്ങും വാഴയും മാവും എല്ലാം മഴക്കാലം കഴിഞ്ഞതിന്റെ സമൃദ്ധിയിൽ നിറയെ ഇലകളും ശാഖകളും ആയി നിൽക്കുന്നു. വകഞ്ഞു മാറ്റി വേണം നടക്കാൻ.

പണ്ട് അപ്പച്ചനും അമ്മച്ചിയും ഉള്ളപ്പോൾ അവർ പണിക്കാരെ കൂട്ടി അടിച്ചും, കിളച്ചും, വെട്ടിയും നിരത്തിയും വെടിപ്പായി ഇട്ടിരുന്ന വീടും പറമ്പും ജരാനര ബാധിച്ച ഭൂതഭാവം പൂണ്ടു കിടക്കുന്നു! വീടിൻറെ മുറ്റം നിറയെ കരിയിലകൾ, കിണറിൻറെ മുകളിൽ വിരിച്ച വലയിൽ മുഴുവൻ ചപ്പും ചവറും- മഴയുടെ സംഭാവന! ചുറ്റും ചെറുമതി ലോളം പൊക്കത്തിൽ പടർപ്പുകൾ കേറി വളർന്നു കിടക്കുന്നു. അപ്പച്ചന്റെ പ്രിയപ്പെട്ട പറമ്പിന്റെ ഒരു ഭാഗം ഏതോ കൈതച്ചക്ക കൃഷിക്കാരന് പാട്ടത്തിനു കൊടുത്തു. മറുഭാഗം കുറച്ച് കപ്പയും വാഴയും ഒക്കെ നട്ടിട്ടുണ്ട്. പകുതിയും കാറ്റും മഴയും കഴിഞ്ഞതിന്റെ ആലസ്യത്തിൽ ചാഞ്ഞും ചരിഞ്ഞും കിടക്കുന്നു. ശരിക്കും നാഥനില്ലാ കളരി എന്ന ചൊല്ല് ഇപ്പോൾ അന്വർത്ഥമായിരിക്കു ന്നു. പറമ്പിലൂടെ നടക്കാനുള്ള ത്വര, പാമ്പുകൾ ഉണ്ടാകുമോ എന്ന ഭയം കീഴ്പെടുത്തിക്കളഞ്ഞു. വീട് തുറന്നു അകത്തേക്ക് കയറണമോ വേണ്ടയോ എന്ന് ശങ്കിച്ച് നിന്നു. ചുമ്മാ ചുറ്റിലും ഒന്ന് നടന്നു നോക്കി. പണ്ട് സമൃദ്ധിയുടെയും ഐശ്വര്യത്തി ന്റെയും അടയാളം ആയിരുന്ന തൊഴുത്ത്, ഇന്ന് വിറകുപുര ആണ്. ടെറസിലേക്കുള്ള പടികൾ കയറി പോകാതെ ഇരിക്കാൻ ഇരുമ്പു ഗേറ്റ് ഇട്ടു പൂട്ടി ഇരിക്കുന്നു. പഴയ പേരമരം വെട്ടിക്കളഞ്ഞു... തോട് എല്ലാം നികത്തി... വയലുകളിൽ കൃഷി നിന്ന് പോയിട്ട് വർഷങ്ങൾ ആയി. അപ്പച്ചന്റെ ഒക്കെ തലമുറയിലെ ആളുകൾ ആരോഗ്യം ഉള്ള കാലം വരെ കൃഷി സജീമായിരുന്നു. പിന്നീടുള്ള തലമുറ പഠിച്ച് ഉദ്യോഗം നേടി കടൽ കടന്നു പോയി. ഇനി ഇവിടെ ആര് കൃഷി ചെയ്യാൻ? കൈ നിറയെ പണവും കടയിൽ അരിയും ഉണ്ടല്ലോ!

തൊണ്ടക്കുഴിയിൽ ചെറിയ ഒരു ഗദ്ഗദം ഉരുണ്ടു കൂടി വന്നു. പണ്ടത്തെ കാര്യങ്ങൾ ഒക്കെ ഓർത്തു പോയി. ഇനി ഇവിടെ നിന്നിട്ട് ഒരു കാര്യവും ഇല്ല എന്ന് മനസ്സിലായത് കൊണ്ട് വന്ന വഴിയേ പതുക്കെ തിരിച്ചു നടന്നു.

ഓർത്തുവയ്ക്കാൻ മധുരമുള്ള ഒരോർമ്മയും ഇല്ലാതെപോയ ഒരു വരവായിരുന്നു ഇത്!

*Juby Dawn Johns is a Clinical Coach at Middlemore hospital.*

കഥ



മേരിക്കുട്ടി
സെബാസ്റ്റ്യൻ



# പ്രൂണിങ്

1

മനോഹരമായ ഉദ്യാനം കണ്ട് മദിച്ചാണ് പൂമ്പാറ്റ ആടിപ്പാടിയെത്തിയത്. ഹോ, ഏതെല്ലാം തരത്തിലുള്ള സുന്ദരികൾ... ഇതിൽ ആരെ പ്രണയിക്കണം എന്ന് മൂപ്പർക്ക് സന്ദേഹമായി. റോസും, മുല്ലയും, തെച്ചിയും, ചെമ്പരത്തിയും ഒക്കെ അപ്രതീക്ഷിതമായി കടന്നു വന്ന സുന്ദരനെ കടമിഴികൾ കൊണ്ട് നോക്കി സ്വപ്നം കാണാൻ തുടങ്ങി.
മനോഹരിയായ റോസിലേക്ക് അവന്റെ കണ്ണുകൾ എത്തി... കുടമുല്ലയും, തെച്ചിയും സങ്കടപ്പെട്ടു.
"വേഗം വരൂ...തന്റെ നാഴികകൾ എണ്ണപ്പെട്ടിരിക്കുന്നു"... റോസ് തിടുക്കംകൂട്ടി.
പെട്ടെന്നാണ് ഒരു കുട്ടി റോസിനെ സമീപിക്കുന്നത് കണ്ടത്. റോസ് ഞെട്ടി വിറച്ചു, പ്രേമസാഫല്യത്തിന് മുൻപേ ദാരുണാന്ത്യമോ?
പൂമ്പാറ്റയും തരിച്ചു നിന്ന് പോയി, പിന്നെ പുറകോട്ടു മാറി, മുല്ലയുടെ തോളിൽ ഇരുന്നു.
മുല്ല പരിഭവിച്ചു...
"നിനക്ക് സമ്മാനിക്കാൻ എന്നിൽ പൂക്കൾ അവശേഷിക്കുന്നില്ലല്ലോ, എന്തേ നേരത്തെ വന്നില്ല"?
അവൻ വെറുതെ ചിരിച്ചു...നാടോടികളായ തങ്ങൾക്ക് ഏതുദ്യാനവും കേറിയിറങ്ങാം! നിൽക്കുന്നയിടം മാത്രം സ്വന്തമായ അവരെപ്പറ്റി അവന് സങ്കടം തോന്നി.
ഏതായാലും കുട്ടി റോസിനടുത്തെത്തി. മനോഹരമായ പൂക്കളെ അരുമയായി തലോടി...
"ഹായ് ഈ ഈ റോസിനെന്ത് സുഗന്ധം"!
പിന്നെ സ്വൽപ്പം മാറി ഇല കാണാത്ത വിധം പൂചൂടി നിൽക്കുന്ന ചെത്തിയിലേക്കായി അവന്റെ ശ്രദ്ധ. ഓ സമാധാനമായി, ഇനി ധൈര്യമായി തേൻ ഉണ്ണാം, പ്രണയിക്കാം!
പൂമ്പാറ്റ റോസിനെ സമീപിച്ചു, പക്ഷെ സമയം വൈകിയിരുന്നു... സ്പർശിക്കും മുൻപേ മനോഹരമായ ദളങ്ങൾ ചിതറി വീഴുന്നത് കണ്ട് നിൽക്കാനേ അവന് കഴിഞ്ഞുള്ളു...ഉടൻ തന്നെ അവിടം വൃത്തിയാക്കുന്ന ജോലി ഇളം കാറ്റേറ്റെടുത്തു!
"ഓ, റോസിലെ പൂക്കളെല്ലാം കൊഴിഞ്ഞല്ലോ, വെട്ടിയൊരുക്കാൻ സമയമായി". തോട്ടക്കാരന്റെ കൈയിലെ കത്രിക കണ്ട് റോസ് കണ്ണുകൾ ഇറുക്കെ പൂട്ടി.
കുടമുല്ലയുടെ മറവിലിരുന്ന് പൂമ്പാറ്റയും മറ്റു ചെടികളും അത് കണ്ടു കൊണ്ടിരുന്നു.
വേദനകൾക്കൊടുവിൽ കണ്ണ് തുറന്ന റോസ് തന്റെ ചുവട്ടിൽ വാത്സല്യത്തോടെ വെള്ളവും വളവും നിറക്കുന്ന തോട്ടക്കാരനെ കണ്ടു, കൂടെ കീടങ്ങളെ ചെറുക്കാൻ മരുന്നും.
പൂമ്പാറ്റ ഒന്ന് ദീർഘമായി നിശ്വസിച്ചു. ഇനിയും വരാം എന്ന് പറഞ്ഞു യാത്രയായ അവൻ ആഴ്ചകൾക്കു ശേഷം വന്നപ്പോൾ കണ്ടത് വിടരാൻ വെമ്പി നിൽക്കുന്ന പൂമൊട്ടുകളാൽ അലംകൃതയായ റോസിനെയാണ്!
"റോസ്, നീ പഴയതിലും സുന്ദരിയായിരിക്കുന്നു"...
അവൻ മന്ത്രിച്ചു! അവൾ ഒന്ന് നാണിച്ചു, അതാ മൊട്ടുകൾ വിരിയുകയായി, നിറവസന്തം കണ്മുൻപിൽ!!

# Smartlife

*A Smart Companion Forever*

INSURANCE & MORTGAGES

## OUR TEAM



| SREEJITH BABU | SINDIN PRINCE | DEEPU PETER | SUBHASH R | DIGIN JOHNSON | MEBIN JOHN | MANOJ CHERIA |
|---|---|---|---|---|---|---|

021 233 0287 , 0800 767 853



## 2

പെട്ടെന്ന് എന്തോ  തീരുമാനിച്ചുറച്ചതു  പോലെ അഖിൽ പാർക്കിലെ ചാരുബെഞ്ചിൽ നിന്നെഴുന്നേറ്റ് പോക്കറ്റിൽ നിന്ന് ഫോൺ എടുത്ത് ധൃതിയിൽ എന്തോ തിരഞ്ഞു തുടങ്ങി. അപ്പോഴേക്കും പകലിന്റെ സൗന്ദര്യം ഒപ്പിയെടുത്ത് അസ്തമയ സൂര്യൻ പടിഞ്ഞാറോട്ട് നീങ്ങിത്തുടങ്ങിയിരുന്നു.

"സോറി അഞ്ജലി, എന്റെ ഈഗോ ആയിരുന്നു എല്ലാത്തിനും കാരണം...അത് തിരുത്താൻ ഞാൻ തയ്യാറാണ്, നമുക്ക് ഒന്ന് കാണാൻ പറ്റുമോ?"

വാട്സാപ്പിലെക്കു വന്ന സന്ദേശം കണ്ട് അഞ്ജലിയുടെ ഉള്ളുലഞ്ഞു.

പിന്നെ കൈയിലെ  ഗ്ലൗസ് ഊരി രോഗിയെ പറഞ്ഞയച്ചു. കസേരയിലേക്ക്  അമർന്നിരുന്നു...

നല്ല തിരക്കുള്ള  ദിവസമായിരുന്നെങ്കിലും കഴിഞ്ഞ ഒരു വർഷമായി കൊണ്ട് നടക്കുന്ന നെഞ്ചിലെ അനിശ്ചിതത്തിന്റെ ഭാരം പതുക്കെ ഇല്ലാതാകുന്നത് അവളറിഞ്ഞു. തന്റെ വാശിയും വീട്ടുകാരുടെ അനാവശ്യമായ ഇടപെടലുകളും ആണ് ഒരു വിവാഹമോചനത്തിന്റെ വക്കിലേക്ക് തന്നെയും അഖിലിനെയും എത്തിച്ചത് എന്ന് അവൾ നിറകണ്ണുകളോടെ ഓർത്തു...കവിളിലൂടെ ഒഴുകിയിറങ്ങിയ കണ്ണുനീർ അവളുടെ മനസിനെയും കഴുകി... അവിടെ പുത്തൻ പ്രതീക്ഷകൾ പുനർജനിക്കുകയായി!

അപ്പോഴേക്കും അഖിൽ കണ്ടുമുട്ടേണ്ട സ്ഥലത്തിന്റെ അഡ്രസ് അയച്ചിരുന്നു, അതെ സ്ഥലം തന്നെ, വർഷങ്ങൾക്ക് മുൻപ് തങ്ങളുടെ പ്രണയം പരസ്പരം ഏറ്റു പറഞ്ഞത്  ഇവിടെ വച്ചായിരുന്നു.

രണ്ടു ദിവസം കഴിഞ്ഞു രവി ഉറ്റ സുഹൃത്ത് അഖിലിനെ കാണാൻ വന്നു.  പിരിഞ്ഞു താമസിച്ചിരുന്നെങ്കിലും തന്നെയും അഞ്ജലിയെയും രവിയും വനജയും ഹൃദയത്തോട് ചേർത്തു് പിടിച്ചിരുന്നു.

"അഖിൽ, നാളെയല്ലേ കോടതിയിൽ വിധി പറയുന്ന ദിവസം, എന്താ നിങ്ങളുടെ പ്ലാൻ? കോടതി നിർദ്ദേശിച്ച ഫാമിലി കൗൺസിലിങ്ങിനും നിങ്ങൾ പോകാൻ കൂട്ടാക്കിയില്ല!"

രവിയുടെ ശബ്ദത്തിൽ ശാസനയും ഉത്ക്കണ്ഠയും കലർന്നിരുന്നു.

കുടിക്കാൻ ജ്യൂസ് കൊടുത്തു കൊണ്ട് ശാന്തമായി അഖിൽ പറഞ്ഞു.

"രവി, വിവാഹത്തിൽ ഈഗോ, വാശി,മറ്റുള്ളവരുടെ അനാവശ്യമായ ഇടപെടലുകൾ എന്നിവ സമയത്തിന് വെട്ടിക്കളയണം... അപ്പോഴേ ബന്ധത്തിന് തളിർക്കാനും പൂക്കാനും സ്ഥലം കിട്ടുകയുള്ളു. അത് മനസ്സിലാക്കാൻ ഞങ്ങൾക്ക് ഒരു വർഷം വേണ്ടി വന്നു..."

അഖിൽ പറയുന്നത് മനസ്സിലാകാതെ കണ്ണ് മിഴിച്ചു നിന്ന രവിയോട് ചിരിച്ചു കൊണ്ട് അഖിൽ തുടർന്നു...

"ഇന്നലെ ഞാൻ അഞ്ജലിയെ കാണാൻ പോയിരുന്നു".

പിറ്റേന്ന് കോടതിയിൽ അഖിലിന്റെയും അഞ്ജലിയുടെയും പേര് വായിച്ചപ്പോൾ അവർ അവിടെ ഉണ്ടായിരുന്നില്ല!

പഴയ മുറിവുകൾ ഉണങ്ങി പ്രണയത്തിന്റെ പുതുവസന്തം ആഘോഷിക്കുന്ന തിരക്കിലായിരുന്നു അവർ...

അതെ, ചില വെട്ടിയൊരുക്കലുകൾ ജീവിതത്തിലുടനീളം അനിവാര്യമാണ്, അത് നമ്മെ കൂടുതൽ കരുത്തുറ്റവരാക്കുകയും, പുതിയൊരു തുടക്കത്തിന് ഇടം ഉണ്ടാക്കുകയും ചെയ്യുന്നു!

*Marykutty Sebastian:  Working as nurse in Middlemore hospital.*

ലേഖനം



തെരേസാ
ജ്യോതിസ്



# പുസ്തകങ്ങളുടെ ലോകം

വായന എന്ന് പറയുമ്പോൾ എന്റെ മനസിലേക്ക് ആദ്യം ഓടി എത്തുന്നതു എന്താണെന്ന് അറിയാമോ ? എന്റെ ഏറ്റവും പ്രിയപ്പെട്ട പുസ്തകങ്ങൾ!

ഈ ലോകത്തു എല്ലാവർക്കും കൂട്ടാൻപറ്റുന്ന നല്ല കൂട്ടുകാർ ആണ് പുസ്തകങ്ങൾ. കുഞ്ഞുണ്ണിമാഷിൻെ മനോഹരമായ വരികൾ എനിക്ക് ഓർമ വരുന്നു.

"വായിച്ചാൽ വളരും, വായിച്ചില്ലേലും വളരും
വായിച്ചാൽ വിളയും, വായിച്ചില്ലെങ്കിൽ വളയും "

അറിവ് കൂട്ടാനുള്ള നല്ല വഴിയാണ് വായന, അതിനാൽ പുസ്തകങ്ങളുമായി ചങ്ങാത്തം oruകൂടണം .

പുസ്തകങ്ങളും ചങ്ങാതിമാരും ഒരു പോലെ ആണ് എന്ന് പറയാറുണ്ട് . നല്ല പുസ്തകം ഒരുവനെ നന്മയിലേക്ക് നയിക്കുന്നു. കുട്ടികളായ നമ്മൾ മാതാപിതാക്കളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും അറിവുകൾ നേടുന്നു. അറിവിനെ വളർത്താൻ പുസ്തകങ്ങൾ സഹായിക്കുന്നു. അത് മാത്രമോ ? നമ്മുടെ ശരീരത്തിന് വ്യായാമം വെണ്ടത് പോലെ മനസിനും വ്യായാമം വെണം. നല്ല വായന ശീലം മനസ്സിന്റെ വ്യായാമം ആണ്.

കുട്ടികളായ നമുക്ക് കഥകളും പാട്ടുകളും ഗുണപാഠ കഥകളും ഉള്ള ധാരാളം പുസ്തകങ്ങൾ ഉണ്ട്. അവ നമ്മുടെ മനസിന് സന്തോഷം തരുന്നു. വായന ഭാഷാ ശേഷി മെച്ചപ്പെടുത്തുകയും, ഭാവനാ ശക്തി വളർത്തുകയും, ഏകാഗ്രതയും ഓർമശക്തിയും കൂട്ടുകയും നല്ല മൂല്യങ്ങൾ പഠിപ്പിക്കുകയും ചെയ്യന്നു

മഹാത്മാ ഗാന്ധി, എ. പി. ജെ. അബ്ദുൽ കലാം, ഐൻസ്റ്റീൻ, എബ്രഹാം ലിങ്കൺ, അങ്ങനെ ഒരു പാട് മഹാത്മാരെ നമുക്കറിയാം. ഇവർ ഒക്കെ നല്ല വായനാ ശീലം ഉള്ളവർ ആയിരുന്നു. വായനയാണ് അവരെ ഉയരങ്ങളിൽ എത്തിച്ചത്.

ഇംഗ്ലീഷ് ചിന്തകനായ ഫ്രാൻസിസ് ബേക്കൺ പറഞ്ഞത് പോലെ "ചില പുസ്തകങ്ങൾ രുചിച്ചു നോക്കണം; ചിലതു വിഴുങ്ങണം; ചിലതു ചവച്ചരച്ചു ദഹിപ്പിക്കണം!" അതായതു പലതരം പുസ്തകങ്ങൾ ഉള്ളതുപോലെ തന്നെ പലതരം വായനകളും ഉണ്ട്.

എനിക്കും ഉണ്ട് പുസ്തകങ്ങളുടെ ഒരു ലോകം...

പുസ്തകങ്ങളുടെ കൂടെ ഇരിക്കുമ്പോൾ എനിക്ക് വേറെ ഒരു ലോകമില്ല. വായന തുടങ്ങിയാൽ ഞാൻ മൊബൈൽ ഫോൺ, ടീവി, ഒക്കെ മറന്നു പോകും.

യാത്ര പോകുമ്പോൾ എനിക്കിഷ്ടപ്പെട്ട പുസ്തകങ്ങൾ കൂടെ കൊണ്ട് പോകും .

ചില പുസ്തകങ്ങൾ എന്നെ ചിരിപ്പിക്കുന്നു, ചിലതു ചിന്തിപ്പിക്കുന്നു, ചിലതു നല്ല അറിവുകൾ പകർന്നു തരുന്നു. അത് മാത്രമോ , ലോകത്തെ കാണാൻ എപ്പോഴും യാത്ര പോകണം എന്നില്ല, കൈയിൽ ഒരു നല്ല പുസ്തകം ഉണ്ടായാൽ മതി.

വായനാദിനത്തിൻറെ പിതാവായ പി. എൻ പണിക്കരെ ഓർക്കുന്ന ദിവസം ആണ് ജൂൺ 19. "വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക" എന്ന് ഓർമിപ്പിച്ചുകൊണ്ട് അദ്ദേഹം വീടുകൾ തോറും നടന്നു.

അതേ കുട്ടുകാരേ, ലോകത്തിന്റെ വെളിച്ചം ആണ് പുസ്തകങ്ങൾ... വെളിച്ചം കണ്ടു വേണം കുട്ടികളായ നമ്മൾ വളരാൻ!

അതിനാൽ ഇന്ന് തന്നെ തുടങ്ങാം,

ഒരു ചെറിയ കവിതയിലൂടെ,
ഒരു ചെറിയ കഥയിലൂടെ,
നിറയട്ടെ, വായനയുടെ വസന്തം!
പരക്കട്ടെ, വായനയുടെ മഹത്വം!

*Therese is Year 5 student at St Mark Catholic School, Pakuranga who enjoys reading, writing stories and artwork.*

ലേഖനം



സൗമ്യ
സിമിസ്




# സ്ക്രീൻ ടൈം:

## അളവാണ് പ്രശ്നം, ഉപയോഗമല്ല!

"ദേയർ ആർ എയിറ്റ് പ്ലാനെട്സ് ഇൻ ദി സോളാർ സിസ്റ്റം, ദേ റീവോൾവ് എറൌണ്ട് ദി സൺ"... നാലു വയസുകാരൻ ഇപ്പോൾ തന്നെ ഗ്രഹങ്ങൾ, അവയുടെ പ്രത്യേകതകൾ ഒക്കെ പാട്ടിലൂടെ പഠിച്ചു കഴിഞ്ഞു. ഗ്രഹങ്ങൾ മാത്രമല്ല, ഭൂഖണ്ഡങ്ങൾ, അവയുടെ പ്രത്യേകതകൾ, രാജ്യങ്ങളും തലസ്ഥാനങ്ങളും, ഒക്കെ അവന് കാണപ്പാഠമായിരിക്കുന്നത് ടീവിയിൽ കാണുന്ന എഡ്യൂക്കേഷൻ വീഡിയോകൾ കണ്ടാണ്. നമ്മൾ പണ്ട് പറഞ്ഞു പറഞ്ഞു, കാണാതെ പഠിക്കാൻ പാടുപെട്ട. പഠിച്ചാലും ഓർത്തിരിക്കാൻ പ്രയാസപ്പെട്ട പല കാര്യങ്ങളും ഇന്നത്തെ കുട്ടികൾക്ക് അനായാസേന ഓർത്തിരിക്കാൻ കഴിയുന്നത് ഇതെല്ലാം അവർക്കു കാഴ്ചകളായും പാട്ടുകളായും ഒക്കെ ആസ്വദിക്കാൻ കഴിയുന്നത് കൊണ്ട് കൂടിയാണ്. ഇന്നത്തെ ലോകത്ത് കിട്ടാവുന്ന ഏറ്റവും പുതിയതും വിലയേറിയതുമായ ഏതൊരറിവും കുട്ടികൾക്ക് ഒരു വിരൽത്തുമ്പകലത്തിൽ ലഭ്യമാണ്!

കുട്ടികൾ ഇങ്ങനെ കണ്ടും പഠിച്ചും മുന്നേറുമ്പോൾ അച്ഛനമ്മമാരുടെ ഉറക്കം കെടുത്തുന്ന ഒരു സുപ്രധാന വിഷയമാണ് കുട്ടികളുടെ സ്ക്രീൻ ഉപയോഗം നിയന്ത്രിക്കാവുന്നതിലധികമാവുന്നു എന്നത്. ശിക്ഷണത്തിനായി ഉപയോഗിക്കുന്ന പല ആപ്ലിക്കേഷനുകളും വെബ്സൈറ്റുകളും കുട്ടികളുടെ അറിവ് വർധിപ്പിക്കുകയും, പഠനം എളുപ്പമാക്കുകയും ചെയ്യുന്നു. നിലവിലുള്ളതും മുൻപുണ്ടായിരുന്നതുമായ സാങ്കേതിക വിദ്യകൾ പരിചയപ്പെടുന്നത്, ഉയർന്ന കണ്ടെത്തലുകളെക്കുറിച്ച് ചിന്തിക്കാനും അവയിലുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ മനസിലാക്കാനും സഹായിക്കുന്നു. അവരുടെ സാമൂഹ്യ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിലും സോഷ്യൽ മീഡിയ - ഓൺലൈൻ ഗെയിമുകൾ ഒരു സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. കൂടാതെ സൃഷ്ടിപരമായ പ്രചോദനം കിട്ടുന്ന തരത്തിലുള്ള, അവരുടെ എഴുതാൻ, പാടാൻ, ചിത്രീകരിക്കാൻ



ഒക്കെയുള്ള താല്പര്യം വളർത്തുന്നതിൽ പല ടീ.വി. ഷോകളും പങ്ക് വഹിക്കുന്നുണ്ട്. ഓൺലൈൻ ഗെയിമുകളും, പസിലുകളുമൊക്ക മാനസിക വ്യായാമം തരുന്നവയും, കുട്ടികളിലെ പ്രശ്ന പരിഹാര ശേഷി വർധിപ്പിക്കാൻ ഉതകുന്നവ യുമാണ്. അത് അവരെ പ്രശ്നങ്ങൾ മനസിലാക്കി, ലക്ഷ്യം നിശ്ചയിച്ചു് മെച്ചപ്പെട്ട തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്നതായി പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്.

എന്നാൽ കുട്ടികൾ സ്ക്രീനിനു മുന്നിൽ കൂടുതൽ സമയം ചിലവഴിക്കുന്നതുകൊണ്ട് വളരെയേറെ ദോഷങ്ങളുമുണ്ട്. കുട്ടികളുടെ ബൗദ്ധികവും സാമൂഹികവും വൈകാരികവുമായ വികാസങ്ങളി ലുണ്ടാകുന്ന കുറവാണ് ഇതിൽ ഏറ്റവും പ്രധാനം. ശ്രദ്ധക്കുറവ്, കണ്ണുരോഗങ്ങൾ, ഭാഷവികാസത്തി നുണ്ടാകുന്ന പ്രശ്നങ്ങൾ, ഉറക്കക്കുറവ്, ഉയർന്ന മാനസിക സമ്മർദം തുടങ്ങിയവയൊക്കെ സ്ക്രീ നിനു മുന്നിൽ കൂടുതൽ സമയം ചിലവഴിക്കുന്ന കുട്ടികളിൽ വളരെ സാധാരണമായി കണ്ടുവരുന്ന പ്രശ്നങ്ങളാണ്. മറ്റൊരു പ്രധാന പ്രശ്നം അമിത വണ്ണവും അനുബന്ധ ആരോഗ്യ പ്രശ്നങ്ങളുമാണ്. എന്നിരുന്നാലും, ശാസ്ത്ര സാങ്കേതിക വിദ്യകൾ അമിത വേഗതയിൽ കുതിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് കുട്ടികളെ അവയിൽ നിന്നകറ്റി നിർത്തുന്നത് തികച്ചും അപ്രായോഗികമാണ്. വിദ്യാഭാസപരമായും സാമൂഹികപരമായുമുള്ള ഗുണസാധ്യതകൾ കണക്കിലെടുത്ത് നിയന്ത്രി തമായ സ്ക്രീൻ ടൈം അനുവദിക്കുകയാണ് ശരിയായ പരിഹാരമാർഗം. മാതാപിതാക്കളുടെ പങ്കാളിത്തവും നിയന്ത്രണവും കുട്ടികൾക്ക് ഗുണകരമായവ മാത്രം തെരഞ്ഞെടുക്കാൻ അവരെ പരിശീലിപ്പിക്കലും വളരെ പ്രധാനമാണ്. എന്റെ കുട്ടികളെ ടീ.വി കാണാൻ അനുവദിക്കില്ല, അവരെ ഫോൺ തൊടീക്കില്ല എന്നിങ്ങനെ യൊക്കെ അഭിമാനത്തോടെ പറയുന്ന ചില മാതാപിതാക്കളെ വിദേശമലയാളികൾക്കിടയിൽ കാണാറുണ്ട്. അവർ തങ്ങളുടെ കുട്ടികൾക്ക് നഷ്ടപ്പെടുത്തുന്ന അറിവുകൾ എത്ര വലുതാ ണെന്ന് മാതാപിതാക്കൾ മനസിലാക്കുന്നില്ലാത്ത താണ് ഇങ്ങനെയൊരു തീരുമാനമെടുക്കാൻ പലരേയും പ്രേരിപ്പിക്കുന്നത്. കൃത്രിമ ബുദ്ധി, ലോകത്തെത്തന്നെ മാറ്റിമറി ച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, അത് കുട്ടികളുടെ പഠനത്തിലും വളർച്ചയിലും എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ശരിയായ മാർഗ്ഗനിർദേശങ്ങളോടെ ഇവ ഉപയോഗിക്കാനും, ശരിയായ ചോദ്യങ്ങൾ ചോദിക്കാൻ കുട്ടികളെ ശീലിപ്പിക്കാനും നമുക്ക് കഴിയട്ടെ!

*Soumya is a Nurse Consultant working in Alcohol and Drug Services in Victoria. Her professional work is grounded in supporting people through complex health challenges.*

കഥ



നിസാ
മോഹൻ



# ഇഡ്ഡലി

ഇത്തവണ നാട്ടിൽ ചെല്ലുമ്പോൾ അമ്മയുടെ കൂടെ വീട്ടിൽ തന്നെ ഇരിക്കണം. അമ്മ ഉണ്ടാക്കി തരുന്ന ഭക്ഷണം കുറേ തിന്നണം. അതു മാത്രം ആയിരുന്നു കാവ്യയുടെ പ്ലാൻ.
അതിനിടയിൽ ഹോസ്പിറ്റലിൽ ഒന്ന് പോയി ഒരു ഫുൾ ബോഡി ചെക്കപ്പ് ചെയ്തു കളഞ്ഞേക്കാം എന്ന് കരുതിയപ്പോഴാണ്, യൂട്ടറെസ്സിൽ ഒളിഞ്ഞിരിക്കുന്ന ഒരു കുഞ്ഞു ഫൈബ്രോയിഡിനെ കണ്ടെത്തിയത്.
"അത് എടുത്ത് കളയണതാ നല്ലത്" എന്ന് ഡോക്ടർ
"എത്ര ദിവസം ഹോസ്പിറ്റലിൽ കിടക്കേണ്ടിവരും?" അത് മാത്രം ആയിരുന്നു കാവ്യയുടെ ചോദ്യം.
"മൂന്നു ദിവസം കിടക്കേണ്ടിവരും". എന്ന് ഗൈനക്കോളജി ഡോക്ടർ
'എന്നാൽ ഈ കളിക്ക് ഞാൻ ഇല്ലാ..., ഡോക്ടർ വേറെ ആരേലും പിടിച്ചു സർജറി ചെയ്തോ'
'ഇരുപത്തിയാറു ദിവസത്തിൽ മൂന്നു ദിവസം ഹോസ്പിറ്റലിൽ കിടന്നു കളയാൻ ഞാൻ ഇല്ലാ. ഫൈബ്രോയ്ഡ് അവിടെ തന്നെ ഇരിക്കട്ടെ, പിന്നെ എപോഴേലും നോക്കാം.' എന്ന് കാവ്യ.
"അയ്യോ, അങ്ങനെ പറയല്ലേ, " എന്ന് ഡോക്ടർ പിന്നെ അതിന്റെ വരുംവരായ്കകളെ കുറിച്ചു ഡോക്ടറുടെ വക ഒരു നീണ്ട ലെക്ച്ചർ...
ഡോക്ടർ പറയുന്നതിൽ ശരിയുണ്ട്, പക്ഷേ, മൂന്നു ദിവസം ഹോസ്പിറ്റലിൽ കിടക്കാന്നു വെച്ചാൽ... "ഡാർക്ക്" ആണ്.
മൂന്നു വർഷം കൂടീട്ടാണ് ഇപ്പോ ഒരു മാസത്തെ ലീവിനു നാട്ടിൽ വന്നത്. അതിൽ നാല് ദിവസം അങ്ങോട്ടും ഇങ്ങോട്ടും ആയി ട്രാവലിന് മാത്രം വേണം. ഇനി ബാക്കി ഉള്ളതിൽ മൂന്നു ദിവസം ഹോസ്പിറ്റലിൽ കളയാൻ പറ്റൂലാ...
"നഹീന്നു... പറഞ്ഞാൽ ... നഹീ ..."
"എന്താണേലും പോകുന്നതിനു മുൻപ് സർജനെ ഒന്ന് കണ്ടിട്ട് പൊക്കോ, ഞാൻ വിളിച്ചു പറഞ്ഞിട്ടുണ്ട് " എന്ന് ഡോക്ടർ
"ആ... കണ്ടേക്കാം. ഇനീപ്പോ ന്യൂസിലാൻറിൽ നിന്ന് ഇവിടെ വരെ വന്നിട്ട് ഒന്ന് കാണാതെ പോയി എന്നു പുള്ളിക്ക് ഒരു വിഷമം വേണ്ടാ..."
സർജനെ കാണാൻ കേറീപ്പോ, ഒരു നൈസ് മനുഷ്യൻ
"സർജറി വേണ്ടേ?" സർജൻ ചോദിച്ചു
"എത്ര ദിവസം കിടക്കണം?" കാവ്യക്കു അത് മാത്രം അറിഞ്ഞാൽ മതിയാർന്നു.
"ഒരു ദിവസം മതി, രാവിലെ നേരത്തെ വന്നാൽ, രാവിലെ തന്നെ സർജറി ചെയ്തു തരാം. രാത്രി തിരിച്ചു പോകാം."
ങ്ഹാ ... ഹാ ... നൈസ്...
"ങേ, അങ്ങനെ ആണോ? ഇത് നേരത്തെ പറയണ്ടേ ... എന്നാൽ ഒക്കേ... ചെയ്തേക്കാം. എന്ന് ചെയ്യാൻ പറ്റും? "
" എന്ന് വേണം?" സർജൻ ചോദിച്ചു




"നാളെ പറ്റുവോ?"
"പിന്നെന്താ. തനിക്ക് വേറെ ആരോഗ്യ പ്രശ്നങ്ങൾ ഒന്നും ഇല്ലേൽ നാളെ തന്നെ ചെയ്യാം" എന്ന് സർജൻ.
അപ്പൊ സെറ്റ് ...
"എങ്കിൽ നാളെ രാവിലെ തന്നെ വരാം, ബാക്കി അറേൻജുമെൻറ്സ് എല്ലാം ഡോക്ടർ ചെയ്തു തരോ?"
"ഇന്ന് രാത്രി കഴിക്കാനുള്ള മരുന്ന് വാങ്ങീട്ടു പൊയ്ക്കോ. ഇന്ന് രാത്രി ഭക്ഷണം കഴിക്കാം, രാവിലെ മുതൽ ഒന്നും കഴിക്കാതെ വേണം വരാൻ. ബ്ലഡ് ടെസ്റ്റിനും ബാക്കി ഡോക്ടേഴ്സിനെ കാണാനും ഉള്ള ഫോംസ് ഞാൻ ഫിൽ ചെയ്തു തരാം".
"ശെരി ഡോക്ടർ"
രാത്രി കഴിക്കാൻ ഒരുപാട് മരുന്നുണ്ടാകും എന്ന് പ്രതീക്ഷിച്ചു ഫർമസിയിൽ ചെന്നപ്പോൾ ആകെ രണ്ടു കുഞ്ഞു ഗുളികകൾ മാത്രേ ഉള്ളൂ...
അതും വെറും പതിനൊന്നു രൂപയ്ക്ക്!
"ങേ... ഇത്രോം ഉള്ളോ?"
"ങാ... അതുള്ളൂ. രാത്രി ഭക്ഷണത്തിനു ശേഷം കഴിക്കണം, രാവിലെ സർജറി ഉള്ളതല്ലേ " എന്നു ഫാർമസിസ്റ്റ്
രാത്രി വീട്ടിൽ എത്തീ അമ്മ ഉണ്ടാക്കി വെച്ചിരുന്നതെല്ലാം വാരിവലിച്ചു തിന്നു കഴിഞ്ഞു ഗുളികകൾ എടുത്തൂ കഴിക്കാൻ.
നല്ല ക്യൂട്ട് ആയിട്ടുള്ള രണ്ടു കുഞ്ഞു ഗുളികകൾ, കൊള്ളാമല്ലോ...
അതെടുത്തു വിഴുങ്ങി ഉറങ്ങാൻ കിടന്നപ്പോൾ കാവ്യ അറിഞ്ഞിരുന്നില്ല അതൊരു ചെയ്ത്തായിരുന്നു എന്ന്!
അത് വയർ ഇളക്കാനുള്ള മരുന്ന് ആയിരുന്നു എന്ന് രാത്രി ഏറെ വൈകി ആണ് തിരിച്ചറിഞ്ഞത്.
'അറിഞ്ഞില്ലാ... ആരും പറഞ്ഞില്ലാ...'
രാത്രിയുടെ ഏഴാം യാമത്തിലോ മറ്റോ ആയിരുന്നിരിക്കണം, വയറിനു അകത്തൊരു ഗുളു ... ഗുളു ... എന്തിനു പറയുന്നു,  പിന്നെ അങ്ങോട്ട് ഒന്നിനും ഒരു തടസ്സവും ഉണ്ടായിരുന്നില്ലാ...!
രാത്രിയിലെ ഓട്ട പാച്ചിൽ എല്ലാം കഴിഞ്ഞു രാവിലെ നേരത്തെ തന്നെ ഹോസ്പിറ്റലിൽ എത്തി റിപ്പോർട്ട് ചെയ്തപ്പോൾ നേഴ്സ് ആദ്യം ചോദിച്ചത് തന്നെ "രാത്രി കഴിക്കാനുണ്ടായിരുന്ന മരുന്ന് കഴിച്ചല്ലോ അല്ലേ" എന്നാണ്.
"പിന്നെ... കഴിച്ചു, കഴിച്ചു"!
ബാക്കി എല്ലാം കാവ്യയുടെ മറുപടിയിൽ നിന്ന് തന്നെ നേഴ്സ് മനസിലാക്കി എടുത്തു എന്ന് തോന്നുന്നു. കൂടുതൽ ഒന്നും ചോദിച്ചില്ലാ.
"പേടി ഇണ്ടോ?"
സർജറിക്കുവേണ്ട പ്രിപറേഷൻസ് ചെയ്യുന്നതിനു ഇടയിൽ നേഴ്സ് ചോദിച്ചു
"ഇല്ലാ ..." പേടിക്കാനുള്ള ബോധം ഇല്ലാത്തതുകൊണ്ട് പേടിയൊന്നും തോന്നിയിരുന്നില്ല. എന്തേലു

മൊക്കെ ആലോചിച്ചു പേടിക്കാനും വേണമല്ലോ കുറച്ചു ബുദ്ധി!
അതില്ലാത്തതു കൊണ്ട് ആശങ്ക തീരെ ഉണ്ടായിരുന്നില്ല.
അങ്ങനെ പ്രിപറേഷൻസ് എല്ലാം കഴിഞ്ഞു സർജറിക്കു കയറ്റി.
തിയേറ്ററിൽ ഉണ്ടായിരുന്ന ജൂനിയർ നേഴ്‌സ് പയ്യൻ മരുന്ന് കയറ്റിയപ്പോൾ നന്നായി വേദനിച്ചു. വേദനിപ്പിച്ചതിനു അവനെ നോക്കി കണ്ണുരുട്ടി കൊണ്ടിരിക്കുന്നതിനു ഇടയിൽ ആണ് അനസ്തേഷ്യ തന്നത്. അവനെ രണ്ടെണ്ണം പറയാൻ പറ്റുന്നതിനു മുൻപേ ബോധം പോയി.
അങ്ങനെ ആ ചടങ്ങു കഴിഞ്ഞു ... സർജറി കഴിഞ്ഞതും  ഐസിയു വിൽ കൊണ്ടുവന്നതും ഒന്നും കാവ്യ അറിഞ്ഞില്ല. നന്നായി ഉറങ്ങി.
ഉറങ്ങി എണീറ്റപ്പോഴേക്കും വൈകുന്നേരം ആയി. ബോധം ഉണ്ടോന്നു അറിയാൻ നേഴ്‌സ് വിളിച്ചെണീപ്പിച്ചപ്പോൾ കാവ്യക്കു ആദ്യം ഓർമ വന്നത് അമ്മ ഉണ്ടാക്കി വെക്കുന്ന ഭക്ഷണം ആണ്. അമ്മ എന്തൊക്കെ ആയിരിക്കും ഉണ്ടാക്കി വെച്ചിരിക്കാ... കാവ്യ ആലോചിച്ചുനോക്കി.... ഓർത്തിട്ടു വായിൽ വെള്ളം വരുന്നു... നല്ല വിശപ്പും ഇണ്ട്.
വർഷങ്ങൾ കൂടി നാട്ടിൽ വരുമ്പോൾ ആകെ കുറച്ചു ദിവസം ആണ് അമ്മയുടെ കൂടെ കിട്ടുന്നത്. അന്ന്, അതുവരെ പരീക്ഷിച്ചു വിജയിച്ച എല്ലാ വിഭവങ്ങളും  അമ്മ ഉണ്ടാക്കി വെക്കും, കാവ്യക്കു കഴിക്കാൻ.
ഉണ്ടാക്കി വെക്കാൻ അമ്മേം... തിന്നാൻ കാവ്യയും... ആഹാ, എത്ര മനോഹരമായ ദിനങ്ങൾ!
"എപ്പോ പോകാൻ പറ്റും?"
കണ്ണ് തുറന്നപ്പോൾ നേഴ്‌സിന്റെ അടുത്ത് കാവ്യ ആദ്യം ചോദിച്ചത് അതാണ്.
"ഡോക്ടർ വന്നു കണ്ടു കഴിഞ്ഞാൽ പോകാം."
"ഡോക്ടർ എപ്പോ വരും?
"ഡോക്ടർ ഇപ്പോഴും തിയേറ്ററിൽ ആണ്. കേസ് തീർന്നിട്ടേ റൗണ്ട്സിനു വരൂ. സമയം എടുക്കും. അപ്പോഴേക്കും എന്തേലും കഴിക്കണം. ചായ ഓർഡർ ചെയ്യട്ടേ?" നേഴ്‌സ് ചോദിച്ചു.
" വേണ്ടാ, ഞാൻ വീട്ടിൽ പോയി കഴിച്ചോളാം"
"അത് പറ്റില്ലാ, എന്തേലും കഴിക്കണം, അല്ലേൽ തല കറങ്ങും, ഇന്ന് ഒന്നും കഴിച്ചിട്ടില്ലാലോ. മരുന്ന് കഴിക്കാനുള്ളതല്ലേ" എന്ന് നേഴ്‌സ്.
‘എന്തേലുമൊക്കെ കഴിച്ചു വയറ്റിലെ സ്ഥലം കളയാൻ പറ്റൂലാ സ്ത്രീയേ ... തനിക്ക് വീട്ടിൽ പോയി കുറെ ഏറെ തിന്നാനുള്ളതാ...’  കാവ്യ ഓർത്തു.
"ചായേം ബണ്ണും ഓർഡർ ചെയ്യാം" എന്ന് നേഴ്‌സ്
'അയ്യേ, ബണ്ണോ? എന്തൊരു പ്രഹസനം ആടോ! കുന്തം!
ആ...ആ... ദാണ്ടേ  പറഞ്ഞു തീരും മുൻപേ ബൺ എത്തി.
ഇനീപ്പോ കഴിച്ചില്ലേൽ ആ നേഴ്‌സിനു വിഷമം ആയാലോ?
ആരേം വിഷമിപ്പിക്കരുത്, കുറച്ചു കഴിച്ചേക്കാം. നേഴ്‌സ് കാണെ രണ്ടു കുഞ്ഞു കടി എടുത്തിട്ട് ബാക്കി ആ ബൺ പേപ്പറിൽ പൊതിഞ്ഞു ഒളിപ്പിച്ചു വെച്ചു കാവ്യ.
"കഴിച്ചോ?"
" ആം.. കഴിച്ചു" പിന്നല്ലാ, എന്നോടാ കളി!?
വൈകുന്നേരം എന്നുള്ളത് രാത്രി ആയി ഡോക്ടർ വന്നപ്പോൾ.
"വേദന ഇണ്ടോ? ഡോക്ടർ ചോദിച്ചു.
"ഏയ് ഇല്ലാ "
"വീട്ടിൽ പോകാം കേട്ടോ. മരുന്നുണ്ട് കഴിക്കാൻ. പിന്നെ കട്ടിയുള്ള ആഹാരമൊന്നും രണ്ടു ദിവസത്തേക്കു കഴിക്കണ്ടാ.
“കഴിക്കണ കാര്യം താൻ ചോദിച്ചില്ലാലോ, അതൊക്കെ  ഇവിടെ ഇപ്പോ പറയേണ്ട ആവശ്യം ഇണ്ടോ”? കാവ്യ മനസ്സിൽ ഓർത്തു.
"വളരെ ലൈറ്റ് ആയിട്ട് എന്തേലും കഴിച്ചാൽ മതീ..." ലൈറ്റ് ആയിട്ട് എന്ന് പറയുമ്പോൾ എന്താണോ എന്തോ?
"ലൈറ്റ് ആയിട്ട് എന്ന് പറയുമ്പോൾ... കഞ്ഞി, കഞ്ഞ വെള്ളം, ജ്യൂസ്, ബ്രെഡ്, ബൺ ..."
ദേ പിന്നേം ബൺ! ... ഈശ്വരാ!
വീട്ടിൽ പോകാനുള്ള ആ മൂഡ് അങ്ങു പോയി
ഡോക്ടർ പിന്നേം പറഞ്ഞുകൊണ്ടിരുന്നു ...
"ഫ്രൂട്ട്സ്സ്, ഓട്സ്...ആ പിന്നെ ഇഡ്ഡലി..."
ങ്‌ഹേ ...
"ഇഡ്ഡലി കഴിക്കാം" ഡോക്ടർ പറഞ്ഞു
ഇഡ്ഡലി എങ്കിൽ ഇഡ്ഡലി... പുല്ല്!
അമ്മ രാവിലെ  ബ്രേക്ക് ഫാസ്റ്റിനു ഇഡ്ഡലി ആണ് ഉണ്ടാക്കിയത്... അത് ബാക്കി കാണും.
തിരിച്ചു പോകാൻ കാറിൽ കയറിയപ്പോൾ അമ്മയെ വിളിച്ചു ആദ്യം ചോദിച്ചത് വീട്ടിൽ ഇഡ്ഡലി ബാക്കി ഇരിപ്പുണ്ടോ എന്നാണ്.
"ആ മോനെ ഇഡ്ഡലി ഉണ്ട് "
അമ്മ എപ്പോഴും മോനെ എന്നാ വിളിക്കാ...
"എന്നാൽ എടുത്ത് വെച്ചോ, ഞാൻ ദേ വരണൂ ..."
വീട്ടിൽ എത്തി ഒന്നു കുളിച്ചു ഫ്രഷ് ആയി കഴിക്കാൻ വന്നപ്പോൾ ഡൈനിങ്ങ് ടേബിൾ നിറയെ സാധനങ്ങൾ. അമ്മക്കു പകല് മുഴുവൻ ഇത് മാത്രം ആയിരുന്നോ പണി? കാവ്യ ഓർത്തു.
ടേബിളിൽ ഇഡ്ഡലി എവിടെ എന്ന് കണ്ടുപിടിച്ചു

അതിന്റെ അടുത്തു കസേര വലിച്ചിട്ടു കഴിക്കാൻ ഇരുന്നു, കാവ്യ.
"ദാ... മോനെ ഇഡ്ഡലി... രാവിലെ ഇഡ്ഡലി കഴിക്കാൻ പറ്റീല്ലാലോ "
അമ്മ ഇഡ്ഡലി പത്രം എടുത്ത് നീക്കി വെച്ച് കൊടുത്തു
അമ്മയെ കണ്ണുരുട്ടി ഒന്ന് നോക്കിയിട്ടു കാവ്യ ഇഡ്ഡലി എടുത്ത് പാത്രത്തിൽ വെച്ചു.
അടുത്തിരിക്കുന്ന മോളുടെ പാത്രത്തിൽ നോക്കിയപ്പോൾ അവിടെ താറാവ് കറി....
ദേവിയേ... യേ ...
അത് അമ്മ അവൾക്കു സ്പെഷ്യൽ ആയി ഉണ്ടാക്കി കൊടുക്കുന്നതു ആണ്.
പിന്നേം കുറെ നോൺവെജ് ഐറ്റംസ് ഉണ്ട് ടേബിളിൽ.
ഈശ്വരാ,..കാവിലമ്മേ, ശക്തി തരൂ ...എന്റെ കൺട്രോൾ പരമ്പര ദൈവങ്ങളേ, ... എന്നെ കാത്തോണേ...
എല്ലാരും കഴിച്ചു തുടങ്ങി. തനിക്ക് മാത്രം എന്താണോ ദേഷ്യം വരണത്? എന്ന് കാവ്യ ഓർത്തു...വിശന്നിട്ടാണോ?
ഇഡ്ഡലി തന്നെ നോക്കി പല്ലിളിക്കുന്നുണ്ടോ?
ഈശ്വരാ... ആ ഡോക്ടർക്കു നല്ലതു മാത്രം വരുത്തണേന്നു കാവ്യ മനസ്സിൽ ഓർത്തു.
"ഈ ഇഡ്ഡലീടെ കൂടെ കറികൾ കഴിക്കാലോ അല്ലേ?" ഒരു പ്രതീക്ഷയിൽ കാവ്യ എല്ലാരേം നോക്കി.
ആരും മിണ്ടുന്നില്ല. അമ്മയുടെ മുഖത്തു ചിരി...
"ഇഡ്ഡലി കഴിക്കണം എന്നല്ലേ ഡോക്ടർ പറഞ്ഞുള്ളൂ, ഇഡ്ഡലി എന്ത് കൂട്ടി കഴിക്കണം എന്ന് ഡോക്ടർ പറഞ്ഞില്ലാലോ". കാവ്യ ഒന്നൂടെ പറഞ്ഞു നോക്കി.
എക്സ്പ്ലെയിൻ ചെയ്തത് ആർക്കും മനസിലായില്ല എന്നുണ്ടോ?
ഒന്നൂടെ പറയണോ...ശോ അവസ്ഥ!
"അങ്ങനെ ആണോ ഡോക്ടർ പറഞ്ഞേ? അത് അങ്ങനെ അല്ലാലോ?" അനിയത്തിയുടെ സംശയം...
"ഓ അങ്ങനെ തന്നെയാ," കാവ്യ ഉറപ്പിച്ചു പറഞ്ഞു.
വേറെ ആരേലും എതിർപ്പും കൊണ്ട് വരുന്നതിനും മുൻപ് കുറച്ചു താറാവ് കറി കോരി എടുത്ത് പാത്രത്തിൽ ഇട്ടു കാവ്യ.
അത് കണ്ടു മകൾ കാവ്യയെ നോക്കി കണ്ണുരുട്ടിയതു കാവ്യ കണ്ടില്ലാന്നു വെച്ചു.
"സ്വന്തം പാത്രത്തിൽ നോക്കിയിരുന്നു തിന്നടീ..."
താറാവ് കറി കഴിച്ചു കഴിഞ്ഞു അടുത്ത കറി എടുത്തു, പിന്നെ അടുത്ത കറി,
അങ്ങനെ... അങ്ങനെ കുറെ കറികൾ കഴിച്ചു വയർ നിറഞ്ഞു. കൂടുതലും നോൺവെജ് കറികളിൽ ആയിരുന്നു ഫോക്കസ്!
അപ്പോഴാണ് അത് ശ്രദ്ധിച്ചത്. എടുത്ത് പാത്രത്തിൽ വെച്ച ഇഡ്ഡലികൾ എല്ലാം അതുപോലെ തന്നെ ഇരിക്കുന്നു. ഒരു പോറൽ പോലും ഏറ്റിട്ടില്ലാ. കറികളുടെ ചാറു പോലും പറ്റീട്ടില്ല ഇഡ്ഡലികളിൽ.
നല്ല ഫ്രഷ്... ന്യൂ ഇഡ്ഡലീസ് ... എന്താലേ ...
'എന്നെ സമ്മതിക്കണം... എന്നെകൊണ്ട് മാത്രേ ഇതൊക്കെ പറ്റൂ'... കാവ്യ ഓർത്തു.
"അമ്മേ... കുറച്ചു ഫുഡ് ബാക്കി വന്നൂ... ഇനി കഴിക്കാൻ വയ്യാ... വയറു നിറഞ്ഞു.... എടുത്ത് വെച്ചോ നാളെ കഴിക്കാം" കാവ്യ പറഞ്ഞു.
"എന്ത്?"
"ഇഡ്ഡലീ..."
പാത്രത്തിൽ ഇഡ്ഡലികൾ അതുപോലെ തന്നെ ഇരിക്കണതു കണ്ടു അമ്മ മൂക്കത്തു വിരൽ വെച്ചു.
"ഇതെങ്ങനെ?... ഇഡ്ഡലി മൊത്തം ബാക്കി ഉണ്ടല്ലോ" അമ്മ ചോദിച്ചു.
" ഓ... എന്താന്ന് അറിയില്ലാ... വിശപ്പില്ല... എന്താണോ എന്തോ!" കാവ്യ പറഞ്ഞു.
കഴിച്ചതു കൂടിപോയിട്ടാണോ ആവോ, നല്ല ക്ഷീണം!
'ഇഡ്ഡലി തിന്നാതിരുന്നത് കാരണം ആ ഡോക്ടർക്കു വിഷമം ആകുവോ എന്തോ? കൈ കഴുകുമ്പോൾ കാവ്യ ഓർത്തു.
പാവം ഡോക്ടർ!

---

*Dr. Nisa Mohan completed her Doctorate at the University of Auckland and Postdoctoral Research at Victoria University of Wellington. She currently works in Healthcare Quality at Health New Zealand – Waitematā, where she contributes to improving the quality, safety, and effectiveness of healthcare services.*



# അക്ഷരങ്ങളെ ഔഷധമാക്കിയ മഹാകവി

**രമേശ് കീറ്റേഴത്ത്**

കേരളമണ്ണിൽ ഉദിച്ചുയർന്ന അദ്വൈത സൂര്യന്മാരിൽ പ്രഥമഗണനീയനാണ് ശ്രീ നാരായണ ഗുരുദേവ തൃപ്പാദങ്ങൾ. കാശിയിൽ 'ദേഹമോ ദേഹിയോ മാറേണ്ടത്' എന്ന് ചോദ്യമുന്നയിച്ച ചണ്ഡാളനെ പോലെ, വിവേകാനന്ദ സ്വാമികൾ പറഞ്ഞ ഭ്രാന്തിന് വേദാന്തത്തിൽ കാച്ചിക്കുറുക്കിയ മരുന്ന് പത്തൊൻപതാം നൂറ്റാണ്ടിലെ കേരളത്തിന് നല്കാൻ വന്ന ഭിഷഗ്വരനായും അദ്ദേഹം അറിയപ്പെടുന്നു. മത, സാമുദായിക, സാംസ്കാരിക മേഖലകളിലെല്ലാം തന്നെ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച ഗുരുദേവൻ ആധുനിക കേരളത്തിന്റെ സൃഷ്ടാവ് എന്ന നിലയിലും വാഴ്ത്തപ്പെടുന്നു. ഇതൊക്കെയാണെങ്കിലും, ഗുരുവിനെക്കുറിച്ച് നാം പലപ്പോഴും മറന്നുപോകുന്ന ഒന്നാണ് ക്രാന്തദർശിയായ അദ്ദേഹത്തിന്റെ സാഹിത്യസംഭാവനകൾ. വേദാന്തസാരമായതും എന്നാൽ സാധാരണക്കാർക്ക് എളുപ്പത്തിൽ ഉൾക്കൊള്ളാൻ കഴിയുന്നതുമായ ആ കാവ്യലോകം പലപ്പോഴും വേണ്ടത്ര പഠനവിധേയമാകാറില്ല.

വേദാന്തമെന്നാൽ സാധാരണക്കാർക്ക് അപ്രാപ്യമായ ഏതോ വലിയ കാര്യമാണെന്ന ധാരണയെ തിരുത്തിക്കുറിക്കുന്നതാണ് ഗുരുദേവന്റെ കൃതികൾ. പരമമായ സത്യത്തെ സാധാരണക്കാരന്റെ ഭാഷയിലേക്ക് സന്നിവേശിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഗുരുവിന്റെ കാവ്യജീവിതത്തിലെ ഏറ്റവും മികച്ച സൃഷ്ടിയായി കണക്കാക്കപ്പെടുന്ന 'ആത്മോപദേശശതകം' ഇതിന്റെ ഉത്തമ ഉദാഹരണമാണ്.

"അവനവനാത്മസുഖത്തിനാചരിക്കു-ന്നവയപരന്നു സുഖത്തിനായ് വരേണം"

സ്വാർത്ഥതയിൽ നിന്ന് പരമാർത്ഥത്തിലേക്ക് മനുഷ്യനെ നയിക്കുന്ന ഇതിലും മികച്ചൊരു വരി മലയാള സാഹിത്യത്തിൽ വേറെയുണ്ടോ എന്ന് സംശയമാണ്. ഓരോ മനുഷ്യന്റെയും പ്രവൃത്തികൾ സഹജീവികളുടെ നന്മയ്ക്ക് കൂടി ഉതകുന്നതാകണം എന്ന വലിയ ദർശനമാണ് ഇതിലൂടെ അദ്ദേഹം പറഞ്ഞുവയ്ക്കുന്നത്. ലോകത്തിലെ പ്രമുഖ മതദർശനങ്ങളിലെല്ലാം ഇതേ ആശയത്തിന്റെ സമാനമായ പ്രതിധ്വനികൾ നമുക്ക് കാണാൻ കഴിയും. ബൈബിളിലൂടെ

ക്രിസ്തുദേവൻ ലോകത്തിന് നൽകിയ "നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" എന്ന സ്നേഹസന്ദേശവും, "തനിക്കായി ആഗ്രഹിക്കുന്നത് തന്നെ തന്റെ സഹോദരനും വേണ്ടി ആഗ്രഹിക്കുന്നതുവരെ നിങ്ങളിലൊരാളും പൂർണ്ണവിശ്വാസിയാകുന്നില്ല" എന്ന വിശുദ്ധ ഖുർആനിന്റെയും പ്രവാചകവചനങ്ങളുടെയും കാതലായ ദർശനവും ഗുരുദേവന്റെ ഈ വരികളോട് അഭേദ്യമായി ചേർന്നുനിൽക്കുന്നു. കേവലം ഒരു സമുദായത്തിനോ പ്രദേശത്തിനോ അപ്പുറം, ലോകം മുഴുവൻ ഉൾക്കൊള്ളുന്ന വിശ്വമാനവികതയുടെ വിശാലമായ വേദാന്ത വിചാരമാണ് ഗുരു തന്റെ കാവ്യങ്ങളിലൂടെ അവതരിപ്പിച്ചത്.

ഗുരുദേവന്റെ പല കൃതികളും ഹൈന്ദവമായ ഈശ്വരസങ്കല്പങ്ങളെ സ്തുതിക്കുന്നവയും സനാതന ധർമ്മ മൂല്യങ്ങളെ ഉൾക്കൊള്ളുന്നവയുമാണെങ്കിലും, മതങ്ങളുടെയും ഈശ്വരസങ്കല്പങ്ങളുടെയും വേലിക്കെട്ടുകൾക്കപ്പുറം നിൽക്കുന്ന പ്രാർത്ഥനാഗീതങ്ങളും ആ തൂലികയിൽ നിന്ന് പിറന്നിട്ടുണ്ട്. പ്രപഞ്ചസ്യഷ്ടാവായ പരമാത്മാവിനെ ലക്ഷ്യമാക്കുന്ന അദ്ദേഹത്തിന്റെ അങ്ങനെയുള്ള കവിതകളിൽ ഏറ്റവും ശ്രദ്ധേയമാണ് 'ദൈവദശകം'. "ദൈവമേ! കാത്തുകൊൾകങ്ങുകൈവിടാതിങ്ങു ഞങ്ങളെ;നാവികൻ നീ ഭവാബ്ധിക്കൊ-രാവിവൻതോണി നിൻപദം." സംസ്കൃത സാഹിത്യത്തിൽ പലപ്പോഴായി ഉപയോഗപ്പെടുത്തുന്ന ജീവിതമാകുന്ന മഹാസമുദ്രമെന്ന അലങ്കാര പ്രയോഗത്തെ ഇവിടെ വളരെ ഭംഗിയായി ആർക്കും എളുപ്പത്തിൽ മനസ്സിലാകുന്ന നിലയിൽ അവതരിപ്പിച്ചിരിക്കുന്നു. ഈ സുഖ-ദുഃഖങ്ങൾ നിറഞ്ഞ കടലിനെ കടക്കാൻ ഈശ്വരൻ എന്ന നാവികനിലേക്കുള്ള സമ്പൂർണ്ണ സമർപ്പണമാണ് ഏറ്റവും എളുപ്പമുള്ള വഴി; അതിനു തനിക്കു സാധിക്കാൻ ആ പരമ കാരുണ്യവാൻ തന്നെ സഹായം ചെയ്യണമെന്ന ആർത്തഭാവവും ഇവിടെ കാണാം. ഹിന്ദു-ക്രിസ്ത്യൻ-ഇസ്ലാമിക ഗ്രന്ഥങ്ങളിൽ വരുന്ന ഭക്തിയുടെ പാരമ്യവും സമന്വയവും നമുക്ക് ഇവിടെ കാണാം. ഒരു മഹാകവിയുടെ യഥാർത്ഥ അളവുകോൽ അയാളുടെ ഹൃദയവിശാലതയും സഹാനുഭൂതിയും തന്നെയാണ്. ആദികവിയായ വാല്മീകിക്ക് അമ്പേറ്റു പിടഞ്ഞുമരിച്ച ക്രൗഞ്ച മിഥുനങ്ങളിൽ ഒന്നിനോട് തോന്നിയ കരുണപോലെ, ഗുരുദേവന്റെ തൂലികയും ഹൃദയാർദ്രതയുടെ പരിവേഷമായിരുന്നു. കാരുണ്യത്തെ ജീവിതത്തിന്റെ പരമമായ സത്യമായി ഉയർത്തിക്കാട്ടുന്ന അനശ്വര കൃതിയായ 'അനുകമ്പാദശക'ത്തിലൂടെ അലിവാർന്ന ഒരു മനസ്സിന്റെ കാവ്യരൂപത്തെ അദ്ദേഹം നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നു.



"അരുളില്ലയതെങ്കിലസ്ഥി തോൽസിര നാറുന്നൊരുടമ്പുതാനവൻ;മരുവിൽ പ്രവഹിക്കുമംബുവ-പ്പുരുഷൻ നിഷ്ഫലഗന്ധപുഷ്പമാം" മനുഷ്യന്റെ അഹങ്കാരത്തിനും വ്യർത്ഥമായ ശരീരമോഹങ്ങൾക്കും നേരെ കവി തൊടുത്തുവിടുന്ന മൂർച്ചയേറിയ അസ്ത്രമാണീ വരികൾ. ഹൃദയത്തിൽ കാരുണ്യമില്ലെങ്കിൽ മനുഷ്യശരീരം വെറും അസ്ഥിയും തോലും സിരകളും മാത്രമടങ്ങുന്ന, ദുർഗന്ധം വമിക്കുന്ന ഒരു മാംസപിണ്ഡം മാത്രമാണെന്ന് ഗുരു തുറന്നടിക്കുന്നു. വായനക്കാരന്റെ മനസ്സാക്ഷിയെ ആഴത്തിൽ സ്പർശിക്കാനും പിടിച്ചുണർത്താനും എത്ര മാത്രം ശക്തവും അർത്ഥവ്യാപ്തിയുള്ളതുമായ പദങ്ങളാണ് അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത് എന്ന് ഈ വരികൾ നമ്മെ ബോധ്യപ്പെടുത്തുന്നു. മനുഷ്യനെ യഥാർത്ഥ മനുഷ്യനാക്കുന്നത് അവന്റെ ഉള്ളിലെ അനുകമ്പയാണെന്ന് അടിവരയിടുന്നതിലൂടെ, കാരുണ്യത്തെ കേവലമൊരു വികാരമെന്നതിലുപരി മനുഷ്യന്റെ അസ്തിത്വമായിത്തന്നെ ഗുരുദേവൻ വരച്ചുകാട്ടുന്നു. കേവലം സൗന്ദര്യാനുഭൂതിക്ക് വേണ്ടി മാത്രമായിരുന്നില്ല അദ്ദേഹം കവിതകൾ രചിച്ചത്. മറിച്ച്, സമൂഹത്തിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തുടച്ചുമാറ്റാനുള്ള ആയുധം കൂടിയായിരുന്നു ആ വരികൾ. നെയ്യാറിന്റെ തീരത്ത് അരുവിപ്പുറത്ത് ശിവ പ്രതിഷ്ഠ നടത്തി ജാതി ബ്രാഹ്മണ്യത്തോട് യുദ്ധം പ്രഖ്യാപിച്ച ഗുരു തന്നെ ജാതിവ്യവസ്ഥയാൽ വീർപ്പുമുട്ടിയിരുന്ന സമൂഹത്തിന് തന്റെ കൃതികളിലൂടെയും വെളിച്ചം



വീശി. 'ജാതിനിർണ്ണയം' എന്ന തന്റെ കൃതിയിൽ: "മനുഷ്യാണാം മനുഷ്യത്വം,ജാതിർഗോത്വം ഗവാം യഥാ,ന ബ്രാഹ്മണാദിരസ്യൈവം,ഹാ! തത്ത്വം വേത്തി കോപി ന"  എന്ന് ഗുരുദേവൻ കുറിച്ചു. പശുക്കൾക്ക് ഗോത്വം എന്നതുപോലെ മനുഷ്യർക്ക് മനുഷ്യത്വമാണ് ജാതിയെന്നും, ബ്രാഹ്മണ ക്ഷത്രിയ വർണ്ണ ഭേദങ്ങൾ ഗുണസംബന്ധി മാത്രമാണെന്നും ശാസ്ത്രീയവും ദാർശനികവുമായും അദ്ദേഹം അവതരിപ്പിച്ചു. ഭഗവദ് ഗീതയിൽ ഭഗവാൻ ശ്രീകൃഷ്ണൻ പറഞ്ഞ "ചാതുർവർണ്ണ്യം മയാ സൃഷ്ടം ഗുണകർമ്മവിഭാഗശഃ" എന്നതിനെ നിഷേധിക്കുന്നതിന് പകരം, അതിനു വികലമായ വ്യാഖ്യാനം നൽകി മനുഷ്യരെ വിഭജിച്ച സമൂഹത്തെ തിരുത്തുകയാണ് ഗുരു ചെയ്തത്. മനുഷ്യത്വമാണ് പ്രധാനമെന്നും, കർമ്മം വ്യക്തിപരമായ അഭിരുചി മാത്രമാണെന്നും ഗുരു സ്ഥാപിച്ചു. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ബ്രാഹ്മണമേധാവിത്വത്തിന്റെ അടിവേരറുത്തുമാറ്റാൻ തക്ക മൂർച്ചയുള്ള വാളായിരുന്നു ഗുരുദേവന്റെ ഓരോ വാക്കും. പണ്ഡിതർക്കായി സംസ്കൃതത്തിൽ 'ദർശനമാല' പോലെയുള്ള അഗാധമായ കൃതികൾ രചിച്ച അതേ തൂലിക കൊണ്ടുതന്നെയാണ് സാധാരണജനങ്ങൾക്ക് മനസ്സിലാകുന്ന പദാവലികൾ കൊണ്ട് പാടിയാസ്വദിക്കാൻ കഴിയുന്ന നാടൻ ശീലുകളും അദ്ദേഹം രചിച്ചത്. 'കുണ്ഡലിനിപ്പാട്ട്' ഇതിനൊരു ഉദാഹരണമാണ്. യോഗശാസ്ത്രത്തിലെ മൂലാധാരത്തിൽ സർപ്പാകൃതിയിൽ ഉറങ്ങിക്കിടക്കുന്ന കുണ്ഡലിനീ ശക്തിയെ പടിപടിയായി പാടിയുണർത്തുന്നത് അതിൽ ഇങ്ങനെയാണ്:  "ആടുപാമ്പേ! പുനം തേടു പാമ്പേ! യരു-ളാനന്ദക്കൂത്തു കണ്ടാടുപാമ്പേ!" കുഴലൂത്തുകാരന്റെ താളത്തിലൂടെ നൃത്തമാടുന്ന പാമ്പിനെ മനസ്സിലാക്കാൻ ശാസ്ത്രജ്ഞാനത്തിന്റെ ആവശ്യമില്ലെന്നിരിക്കെ, ആനന്ദക്കൂത്താടാൻ നമ്മളെ ഓരോരുത്തരെയും ഗുരുദേവൻ ഇതിലൂടെ ക്ഷണിക്കുകയാണ്. പദസഞ്ചാരങ്ങളുടെ കൃത്രിമത്വമില്ലാതെ, ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്ക് സംവദിക്കുന്ന ഭാഷ തന്നെയാണ് ഈ മഹാകവിയുടെ ഏറ്റവും വലിയ സംഭാവന. ആധുനിക മലയാള കവിത്രയത്തിൽ മഹാകാവ്യമെഴുതാതെ തന്നെ ഇടം പിടിച്ച കുമാരനാശാൻ ഗുരുദേവന്റെ അനുചരനും ശിഷ്യനുമാണെന്നതും ഇവിടെ ഭംഗ്യന്തരേണ ഓർക്കാം.  ശബ്ദാലങ്കാരങ്ങൾ കൊണ്ട് തീർത്ത പൂക്കളൊരുക്കാനോ, വൃത്തവൈചിത്ര്യങ്ങളോടെ സൗകുമാര്യം വരുത്താനോ, പര്യായശബ്ദങ്ങൾ കൊണ്ട് സർക്കസ്സ് കാണിച്ച് പ്രഹേളിക സൃഷ്ടിക്കാനോ ഒന്നും ഗുരുദേവൻ തന്റെ രചനകളെ ഉപയോഗപ്പെടുത്തിയിട്ടില്ല. വായനക്കാരെ കവിതകളുപയോഗിച്ച് രസിപ്പിക്കുന്നതിനു പകരം അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഇരുട്ടിൽ കഴിഞ്ഞിരുന്ന ഒരു സമൂഹത്തെ വേദാന്തജ്ഞാനത്തിന്റെ വെളിച്ചത്തിലേക്ക് നയിക്കുന്നതായിരുന്നു ഗുരുവിന്റെ ഓരോ കൃതികളും. വെറുമൊരു സാമൂഹിക പരിഷ്കർത്താവ് മാത്രമായിരുന്നില്ല, അക്ഷരങ്ങളെ ആയുധമാക്കുകയും ഔഷധമാക്കുകയും ചെയ്ത മലയാളഭൂമിയുടെ എക്കാലത്തെയും മികച്ച മഹാകവിയായിരുന്നു ശ്രീനാരായണ ഗുരുദേവൻ എന്ന ആ സന്ന്യാസി ശ്രേഷ്ഠൻ.

കഥ



ശ്രീകുമാർ
പുളിയമ്പറ്റ

# വിശ്വമില്ലാ നീയില്ലെങ്കിൽ...

ആയിരക്കണക്കിന് ഗാനങ്ങൾ വാരി വിതറിയാണ് ജാനകിയമ്മ നമ്മളെ വിട്ടുപോയത്. അതിലെ ഒരു പിടി ഗാനങ്ങൾ പലപ്പോഴും എന്നെ ദുഃഖത്തിൽ ആഴ്ത്താറുണ്ട്.. പ്രണയ തീവ്രതയിലും.
എൺപത്കളിൽ തുറന്ന പ്രണയ ചർച്ചകൾ ഇല്ലാതിരുന്ന കാലം. എന്നാൽ പ്രണയങ്ങൾ ഉണ്ട് താനും. ആ കാലത്തിന് മുൻപേ സഞ്ചരിച്ച എൻറെ പ്രണയങ്ങളിൽ ഒന്നിൻറെ കഥ പറയാം..
ജയകുമാരി... ഞങ്ങൾ എല്ലാവരും സ്നേഹത്തോടെ വിളിച്ചിരുന്ന ജയ.
അവൾ ഞങ്ങളുടെ സഹപാഠിനിയായിരുന്നു. കോളേജിന്റെ ക്രിക്കറ്റ് ടീമിലെ മികച്ച കളിക്കാരിയും. പക്ഷേ, ഡിഗ്രിയുടെ ആദ്യവർഷം അവൾ ക്ലാസിലുണ്ടായിരുന്നുവെന്ന് പോലും എന്റെ മനസ്സ് രേഖപ്പെടുത്തിയിരുന്നില്ല.
ചില മനുഷ്യർ ജീവിതത്തിലേക്ക് കടന്നുവരുന്നത് ഒരു ഋതുവിനെപ്പോലെയാണ്; അവർ ഹൃദയത്തിൽ വേരുറപ്പിക്കാൻ തുടങ്ങി എന്ന് തിരിച്ചറിയുന്നത് പിന്നീടായിരിക്കും.
ജയയും അങ്ങനെ തന്നെയായിരുന്നു.

രണ്ടാം വർഷത്തിലാണ് എന്റെ കണ്ണുകൾ അവളെ ശരിക്കും കണ്ടെത്തിയത്. വെളുത്ത് മെലിഞ്ഞ ശരീരം... കുമരകത്തെ കായൽക്കാറ്റിന്റെ നനവ് മുഖത്ത് കൊണ്ടുനടക്കുന്ന ഒരു ഗ്രാമീണ നിഷ്കളങ്കത.
എന്നും പിൻബെഞ്ചിൽ, കൂട്ടുകാരോടൊപ്പം എന്തെങ്കിലുമൊക്കെ പറഞ്ഞ് പൊട്ടിച്ചിരിക്കുന്ന അവൾ. ആ ചിരിക്ക് ഒരു പ്രത്യേക താളമുണ്ടായിരുന്നു; ക്ലാസിന്റെ കോലാഹലത്തിനിടയിലും അതു വേറിട്ട് കേൾക്കാമായിരുന്നു.
അവളുടെ ഊർജ്ജം ഒരിക്കലും തീരാത്ത ഒരു നീരുറവപോലെയായിരുന്നു.
പാവാടയും ബ്ലൗസുമായിരുന്നു അവളുടെ സ്ഥിരം വേഷം. ആ മെലിഞ്ഞ ശരീരത്തിൽ സാരിയുടെ ഗൗരവത്തേക്കാൾ ആ വേഷത്തിന്റെ നിഷ്കളങ്കതയായിരുന്നു കൂടുതൽ ഇണങ്ങിയത്. അവൾക്കും അങ്ങനെ തന്നെ തോന്നിയിരിക്കണം അവളെ നോക്കിനിന്ന ഞങ്ങൾക്കും.
അറിയാതെ തന്നെ, പിൻബെഞ്ചിലെ ആ ചിരിയിലേക്കും, ആ കുസൃതിയിലേക്കും, ആ കുമരകത്തിന്റെ കാറ്റുപോലെ സ്വതന്ത്രമായി പാറിനടന്ന പെൺകുട്ടിയിലേക്കും എന്റെ കണ്ണുകൾ പതിയെ പതിയെ കൂടുതൽ നേരം തങ്ങിത്തുടങ്ങി...
എന്റെയും ക്ലാസിലെ സ്ഥിരം വിലാസം പിൻബെഞ്ചായിരുന്നു. അതുകൊണ്ടാവണം, അവളെ ആരും കാണാതെ നോക്കിക്കൊണ്ടിരിക്കാനും, അവളുടെ ഓരോ കുഞ്ഞു ചലനങ്ങളെയും നിശ്ശബ്ദമായി ഹൃദയത്തിൽ കുറിച്ചുവയ്ക്കാനും എനിക്ക് ധാരാളം അവസരങ്ങൾ ലഭിച്ചത്.
അവളുടെ മലയാളം കൈയക്ഷരം ഒരു കലാസൃഷ്ടിപോലെ മനോഹരമായിരുന്നു. ഓരോ അക്ഷരവും മുത്തുകൾ കോർത്ത മാലപോലെ കടലാസിൽ വിരിയുമായിരുന്നു. ഇംഗ്ലീഷ് അക്ഷരമാലകൾ എഴുതുമ്പോൾ ഓരോ അക്ഷരത്തിനും അവൾ നൽകുന്ന സൂക്ഷ്മതയും ചാരുതയും കാണുമ്പോൾ, അത് വെറും എഴുത്തല്ല, വരകളിലൂടെ തീർത്തൊരു ചിത്രമെന്നു തോന്നിയിട്ടുണ്ട്.
ജന്തുശാസ്ത്ര ക്ലാസുകളിൽ നിറപ്പെൻസിലുകൾ കൊണ്ട് ജീവജാലങ്ങളുടെ അനാട്ടമി അവൾ വരച്ചെടുക്കുന്നത് ഞാൻ വിസ്മയത്തോടെ നോക്കിയിരുന്നു. ഓരോ വരയിലും നിറങ്ങളിലും അവളുടെ കലാബോധവും ക്ഷമയും തെളിഞ്ഞുനിന്നു.
ഞങ്ങളുടെ ക്ലാസിലെ കയ്യെഴുത്ത് മാസികകളിൽ അവൾ കുറിച്ചിട്ടിരുന്ന കവിതകളും ചിന്തകളും ഞാൻ എന്നും കൗതുകത്തോടെ വായിച്ചിരുന്നു.
അവയുടെ ഹൃദയമിടിപ്പ് പ്രണയമായിരുന്നു.
മനുഷ്യരോടു മാത്രമല്ല, പൂക്കളോടും മഴയോടും കാറ്റിനോടും പ്രകൃതിയുടെ ഓരോ സ്പന്ദനത്തോടും പ്രണയം. "പ്രണയത്തിൽ ജീവിക്കണം...



പ്രണയത്തിൽ തന്നെ അലിഞ്ഞുചേരണം... ഈ രണ്ടു കണ്ണുകൾ നമ്മൾക്ക് ലഭിച്ചത് പ്രണയം കാണാനാണ്; അവ എക്കാലവും പ്രണയം മാത്രം കണ്ടുകൊണ്ടിരിക്കട്ടെ..." ഇങ്ങനെ പറയുന്ന അവളുടെ വരികൾ ഇന്നും എന്റെ ഓർമ്മകളുടെ മായാത്ത ഏടുകളിൽ മഷി മങ്ങാതെ കിടക്കുന്നു.

എൻറെ ഒരു കുടുംബ പ്രസിദ്ധീകരണത്തിൽ ഞാൻ വായിച്ച ഒരു പതിനാലുവരി കവിത എന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞിരുന്നു. "നാരിയെന്ന സത്വത്തിമേൽ മാരിവില്ലിൻ നിറമുള്ള സാരി ഒന്നു ചുറ്റിക്കണ്ടാൽ മാനുഷൻ ചുറ്റി... എന്ന ആശയത്തിൽ തുടങ്ങിയ ആ കവിത എന്നെ അത്രയേറെ ആകർഷിച്ചതിനാൽ, അതിന്റെ പ്രചോദനത്തിൽ ഞാൻ ഞങ്ങളുടെ കോളേജ് മാഗസിനുവേണ്ടി മറ്റൊരു പതിനാലുവരി കവിത രചിച്ചു. അതിന് ഞാൻ നൽകിയ ശീർഷകം "നാരി" എന്നായിരുന്നു.
ആ കവിത അവൾ വായിച്ചിരുന്നു. അതിനുശേഷം, എന്നെ വിളിക്കുമ്പോഴെല്ലാം അവളുടെ ചുണ്ടുകളിൽ വിരിഞ്ഞിരുന്നത് ഒരു പുതിയ വിളിപ്പേരായിരുന്നു — "നാരി ശ്രീ."
ആ വിളിപ്പേരിൽ ഒരു കളിയാക്കലുണ്ടായിരുന്നോ, ഒരു കൗതുകമുണ്ടായിരുന്നോ, അതോ പറയാതെ ഒളിപ്പിച്ച ഒരു അടുപ്പത്തിന്റെ നനവുണ്ടായിരുന്നോ എന്നൊന്നും ഇന്നും എനിക്കറിയില്ല. പക്ഷേ, ആ രണ്ട് വാക്കുകൾ കേൾക്കുമ്പോഴൊക്കെ ഹൃദയത്തിൽ ഒരു മധുരച്ചിരി വിരിയുമായിരുന്നു.
അതിന് മറ്റൊരു ചെറിയ കാരണവും ഉണ്ടായിരുന്നു. ഞങ്ങളുടെ ജന്തുശാസ്ത്ര ക്ലാസിൽ എന്റെ അതേ പേരിൽ രണ്ടുമൂന്നു വിദ്യാർത്ഥികൾ കൂടി ഉണ്ടായിരുന്നതിനാൽ, എന്നെ മറ്റുള്ളവരിൽ നിന്ന് വേർതിരിച്ചറിയാൻ അവൾ കണ്ടെത്തിയ ഏറ്റവും മനോഹരമായ അടയാളമായിരുന്നു ആ വിളിപ്പേര്.

രണ്ടാം വർഷം കഴിയായപ്പോഴെക്കും അവൾ ക്രിക്കറ്റ് കളിയിൽ പുരോഗമിച്ചു. ക്രിക്കറ്റ് ബോൾ ചുഴറ്റി എറിയും. ബാറ്റ് ചെയ്യുമ്പോൾ പന്ത് പറപ്പിക്കും. കോച്ച് മത്തായി സർ അവളുടെ പുരോഗതി കണ്ടു ഉത്സാഹവാനായി.

കോളേജ് വിട്ടാൽ ഞാനും എൻറെ ചില കൂട്ടുകാരും നേരെ വീട്ടിൽ പോകാറില്ല. പ്രത്യേകിച്ച് വനിതകളുടെ ക്രിക്കറ്റ് കോച്ചിംഗ് ഉള്ള ദിവസം. ക്രിക്കറ്റ് ബോൾ ചുഴറ്റി എറിഞ്ഞ് പിച്ചിലേക്ക് വീഴുമ്പോൾ ആ പന്തിന്റെ ഗതി ഒന്നു മാറി ബാറ്റിൽ കൊള്ളാതെ കുറ്റിയിൽ പതിപ്പിക്കുന്ന അവളുടെ ഏറ് ഞാൻ ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചു. ബാറ്റിങ്ങിനുള്ള അവളുടെ ഒരു പ്രത്യേക സ്റ്റൈലും എൻറെ ശ്രദ്ധയ്ക്ക് പാത്രീഭൂതമായി. കിട്ടുന്ന വേളകളിലൊക്കെ ഞാൻ അവളെ ശ്ലാഘിക്കാറുണ്ടായിരുന്നെങ്കിലും അവൾ പറയും.. "ശ്ലാഘീർ മതിയെടാ നിർത്ത്...നാരി ശ്രീ.."
ഒരു പ്രത്യേകത എനിക്ക് അവളോട് തോന്നിയിരുന്നെങ്കിലും അത് പ്രണയത്തിലേക്ക് കടന്നിരുന്നില്ല. പ്രേമം ആവാതിരിക്കാൻ ഞാൻ ശ്രദ്ധിക്കുകയും ചെയ്തു.
പാട്ടുപാടുന്ന അസുഖം എനിക്ക് പണ്ടേ ഉണ്ടായിരുന്നതിനാൽ ക്ലാസ്സില്ലാത്ത വേളകളിൽ ഞങ്ങൾ ചില ആണുങ്ങൾ പിൻ ബെഞ്ചിൽ ഇരുന്ന് പാടും. മേശപ്പുറത്ത് കൊട്ടും..അത് കേൾക്കാൻ അവളും ചില കൂട്ടുകാരികളും ഞങ്ങളുടെ അടുത്ത് വന്നിരിക്കും എന്ന് മാത്രമല്ല ഞങ്ങൾ പാടുന്ന പാട്ടിനോടൊപ്പം അവളും മൂളാറുണ്ടായിരുന്നു.

ഇൻറർ യൂണിവേഴ്സിറ്റി ക്രിക്കറ്റ് മത്സരം ആ വർഷം ഹൈദരാബാദിൽ വെച്ച് നടക്കുന്നു. വനിതാ ക്രിക്കറ്റ് ടീം അംഗങ്ങളുടെ കൂടെ ജയയും ഉണ്ടായിരുന്നു. 15 ദിവസത്തേക്കുള്ള യാത്ര.

അവൾ എന്നോട് പറഞ്ഞു. നോട്ടുകൾ എഴുതി വയ്ക്കണം. ഞാൻ വന്നിട്ട് നിൻറെ കയ്യിൽ നിന്ന് പകർത്തി എഴുതി കൊള്ളാം.. നാരി..
ഞാൻ മൂളി ...ഉം...
ടീമിനെ യാത്ര അയയ്ക്കാൻ ഞാനും റെയിൽവേ സ്റ്റേഷനിൽ പോയിരുന്നു. വെളുത്ത പാൻറ്സും വെളുത്ത ടീഷർട്ടുമാണ് കളിക്കാരുടെ വേഷം. എന്നെ കണ്ടതും അവൾ ഓടിയെത്തി. വലതുകാലുകൊണ്ട് എന്റെ കാലിൽ ഒരു കുസൃതിത്തട്ട്... അടുത്ത നിമിഷം പരിസരവും ആളുകളും മറന്ന് അവളുടെ കൈകൾ എന്റെ കഴുത്തിൽ ചുറ്റി ഒന്നു തൂങ്ങിയാടി.
കൂട്ടുകാരിൽ പലരും ഒന്ന് അന്താളിച്ചിരിക്കണം.. അടക്കം പറച്ചിലുകൾക്ക് ഇത് ധാരാളം മതിയല്ലോ.. കവികളെല്ലാം ചേർന്ന് പാടി ചമത്കാരപ്പെടുത്തിയ പ്രണയ സങ്കല്പങ്ങളെ ഭേദിച്ച് പുറത്തേക്ക് പോയ ഒരു സ്നേഹവായ്പ്പ്.. പ്രണയ വായ്പ്പ് എന്ന് ആ സമയത്ത് പറയാറായിരുന്നില്ല ഈ സ്നേഹപ്രകടനത്തിന്.

ഞാൻ പറഞ്ഞു.. 10 ഗോൾ എങ്കിലും അടിച്ചിട്ടു വാടി.. കാണാം.. കൈകൾ വീശി അവൾ യാത്രയായി.
അവളില്ലാത്ത 15 ദിവസം..
പാരസ്പര്യത്തിന്റെ ഒരുതരം തീവ്രത ആ ദിവസങ്ങളിൽ എന്താണെന്ന് ഞാൻ മനസ്സിലാക്കി. ശരിക്കും സിനിമകളിൽ നിന്ന് അനുഭവിച്ച ഒരു പ്രണയ സുഖത്തേക്കാൾ കൂടുതൽ സുഖം എനിക്ക് വിരഹ കാലത്ത് അനുഭവിക്കാൻ സാധിച്ചു എന്ന് പറഞ്ഞാൽ അത് അതിശയോക്തിയാവില്ല. വല്ലാത്ത ഒരുതരം വിപ്രലംഭം.
ഹൈദരാബാദിൽ നിന്ന് ചാർമിനാർ കോട്ടയുടെ ചിത്രമുള്ള ഒരു പോസ്റ്റുകാർഡിൽ അവൾ എനിക്ക് മൂന്ന് വരി എഴുതി അയച്ചു.
"കോച്ചിംഗ് നടക്കുന്നു.. ഞാൻ പന്തറിയുന്നുണ്ട്.. ഗോൾ അടിക്കുന്നുമുണ്ട്.. ആരുമില്ലെടാ ഒന്ന് ശ്ലാഘിക്കാൻ..
കാണാം.."
റണ്ണർ അപ്പ് കപ്പുമായി വന്നശേഷം നാല് ദിവസത്തോളം ഹൈദരാബാദിലെ വർത്തമാനങ്ങൾ തന്നെയായിരുന്നു അവൾ പറഞ്ഞുകൊണ്ടിരുന്നത്. അവളുടെ വാക്കുകളുടെ മാധുര്യം ഞാൻ നുകർന്നു. അവൾ കൊണ്ടുതന്ന പേനകൾ കൊണ്ട് കയ്യെഴുത്തു മാസികയിൽ ഘോരം ഘോരം എഴുതി..അവളുടെ കണ്ണുകളിലെ പ്രണയം ഞാൻ ഉൾക്കൊണ്ടു.
അതെ.. പ്രണയദിനങ്ങൾ ഒന്നും ആഘോഷിക്കാതിരുന്ന കാലത്തെ ഒരു പ്രണയം..

വർഷാവസാനമായി.. കുറച്ചുകൂടി ഗൗരവമായി പാഠങ്ങൾ പഠിക്കേണ്ട സമയം.. പരീക്ഷകളെ നേരിടേണ്ട സമയം. അവസാന ദിവസത്തെ ഫോട്ടോ എടുപ്പിന് അവൾ എൻറെ തൊട്ട് പിൻഭാഗത്ത് തന്നെ നിന്നു. അവളുടെ കൈകൾ എൻറെ തോളത്ത് മുട്ടി മുട്ടിയില്ല എന്ന രീതിയിൽ. അന്ന് ഞാൻ പാടിയ സ്വർഗ്ഗത്തേക്കാൾ സുന്ദരമാണ് ഈ സ്വപ്നം വിടരും ഗ്രാമം എന്ന പാട്ട് കേട്ടിട്ട് അവൾ പറഞ്ഞു..
ശ്രീക്കുട്ടാ.
നീ എൻറെ ഗ്രാമത്തെ കുറിച്ചാണ് പാടിയത്..

അവളുടെ നാരി വിളി നിന്നിരിക്കുന്നു..
അന്നേദിവസം അവസാന ബെഞ്ചിൽ ഞാൻ ഇരുന്നപ്പോൾ അവൾ എന്നെ ഒരല്പം തള്ളി മാറ്റി എൻറെ അടുത്ത് വന്നിരുന്നു..
എന്നിട്ട് പാടി " പാടിവരും നദിയും കുളിരും പാരിജാത മലരും മണവും.
ഒന്നിലൊന്നായി കലരും പോലെ.. നമ്മൾ ഒന്നായി അലിയുകയല്ലോ"

ഞാൻ പറഞ്ഞു.. ആ പാട്ടിൻറെ ചരണമാണ് എനിക്കൊന്നുകൂടി ഇഷ്ടമായത് കുട്ടി...
എൻറെ "ജയ" വിളിയും നിന്നു..
വിശ്വമില്ല നീ ഇല്ലെങ്കിൽ വീണ്ടിയും ഞാനീ മണ്ണിൽ"
എന്ന് പാടിയാൽ ഒരുപക്ഷേ എനിക്ക് നിൻറെ മുൻപിൽ കരയേണ്ടി വരും ശ്രീക്കുട്ടാ.. അതുകൊണ്ട് ഞാനത് പാടുന്നില്ല..
ഞങ്ങൾ ജാനകിയെക്കുറിച്ചും ജാനകിയുടെ പാട്ടുകളെക്കുറിച്ചും സംസാരിച്ചു..
ഒരിക്കൽ അവൾ പറഞ്ഞു..
ഞാനൊരു നേർച്ച കോഴിയാണോടാ.. അച്ഛനും അമ്മയും ചെറുപ്പത്തിലെ ഒരുത്തനെ കണ്ടു വച്ചിട്ടുണ്ട്.. ഒരടുത്ത ബന്ധുവിന്റെ മകൻ... ആ പുഷ്പനെ എനിക്കിഷ്ടമില്ല..
അവൾക്ക് എൻറെ അടുത്ത് ശ്ലീലമല്ലാത്ത വാക്കുകൾ പറയാനുള്ള ഒരു തുറന്ന സ്വാതന്ത്ര്യം കൂടി ഉണ്ടായിരുന്നു.. അതെ.. കാലത്തിന് മുൻപേ സഞ്ചരിച്ച പ്രണയ സ്വാതന്ത്ര്യം.
എൻറെ കോളേജിൽ ചാമരം സിനിമയുടെ ഷൂട്ടിംഗ് നടക്കുന്ന കാലം. പരീക്ഷകൾ എല്ലാം എഴുതി റിസൾട്ട് കാത്തിരിക്കുന്ന സമയം കൂടിയാണത്. ചില രാത്രികളിൽ ഷൂട്ടിംഗ് ഉണ്ടാവും. അങ്ങനെയുള്ള ഒരു രാത്രിയിൽ ഞാനും ജയയും ഞങ്ങളുടെ കുറെ കൂട്ടുകാരും കോളേജിൽ എത്തി. കോളേജ് മൈതാനവും പരിസരങ്ങളും ഒരു ഉത്സവപ്പറമ്പ് പോലെ തന്നെയായിരുന്നു. കൗമാരക്കാർ ഒഴുകി



നടക്കുന്നു. കാറ്റത്ത് കറങ്ങി ചൂളം കുത്തി പാടുന്ന ഒരു ചൂള മരത്തിന്റെ ചുവട്ടിൽ കൂട്ടുകാർ അനുവദിച്ചു തന്ന സ്ഥല സമയ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അവർ അനുവദിച്ചു തന്ന കൽപ്പനകളിലും അനുഭൂതികളിലും സ്വയം പരിമിതപ്പെടുത്തിക്കൊണ്ട് ഞങ്ങൾ ചേർന്നിരുന്നു.
അവൾ എന്നോട് ചോദിച്ചു.. ശ്രീക്കുട്ടാ നിൻറെ ഭാവി പരിപാടി എന്താണ്..
ക്ലാസിലെ നന്നായി പഠിക്കുന്ന ഒരുഎട്ടു കുട്ടികളുടെ ഭാവിയോടൊപ്പം അവൾ എന്റെ ഭാവിയും പറഞ്ഞു.. നിനക്കും മെഡിസിന് കിട്ടും..
ഞാൻ ജയിക്കുമോ എന്ന് തന്നെ അറിയില്ല..
അവൾ പറഞ്ഞു..
ജയിച്ചാൽ വല്ല ബി എഡിനോ മറ്റോ
പോകുമായിരിക്കും..
മറ്റവൻ കെട്ടാൻ കെട്ടാൻ
റെഡിയായിട്ടിരിക്കുകയുമാണ്..
കാത്തിരിക്കാൻ ഞാൻ പറഞ്ഞില്ല.. അതവൾ ആഗ്രഹിച്ചു കാണും എനിക്ക് തോന്നുന്നില്ല.. ഈ പ്രണയം ഒരു വിവാഹത്തിൽ എത്തിക്കാനുള്ള ഒരു പ്ലാനും ഞങ്ങൾക്കുണ്ടായിരുന്നില്ല എന്നതായിരുന്നു സത്യം.
ഇനി മറ്റൊരാളുടെ മടിയിലും നീ ഇങ്ങനെ പ്രണയത്തോടെ ചാഞ്ഞു കിടന്നു മയങ്ങരുത്.. അതുകൊണ്ട് ഉത്തമേ നീ മരിക്കണം എന്ന് ചങ്ങമ്പുഴയുടെ ഒരു കാമുകൻ ആലോചിക്കുന്നത് പോലെ ആലോചിക്കാൻ എനിക്ക് മനസ്സിലായിരുന്നു..
പ്രണയിനിയുടെ വിവാഹം നടന്ന രാത്രിയിൽ വിവാഹ മാല്യ മണിഞ്ഞ് മരണത്തിൻറെ മണിമുഴക്കം കേട്ടുകൊണ്ട് നിത്യതയിലേക്ക് കവി ഇടപ്പള്ളി പോയത് പോലെ പോകാൻ എനിക്ക് മനസ്സിലായിരുന്നു..
പ്രണയമായാലും വിവാഹമായാലും കുടുംബമായാലും തൻറെ സ്വന്തം ജീവിതത്തെ ബാധിക്കുന്ന രീതിയിൽ മനസ്സ് ഒരുക്കിയേക്കാവുന്ന  അലംഘനീയ  കരാറുകൾ സൃഷ്ടിക്കപ്പെടാതിരിക്കാൻ ബുദ്ധിയും വകതിരിവുമുള്ള ജയ അന്ന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പ്രണയത്തിലെ ഈ വിട്ടുപോക്കിനേ പിൽക്കാലത്ത് രൂപപ്പെട്ട "തേപ്പ് " എന്ന വൃത്തികെട്ട വാക്കുകൊണ്ട് വിശേഷിപ്പിക്കപ്പെട്ടത് തികച്ചും ഒരു അശ്ലീലമാണെന്ന് ഞാനിന്ന് പറയും.. തിരിച്ച് മറ്റൊരു തീരുമാനത്തിലേക്ക് ഞങ്ങൾ പോയിരുന്നതെങ്കിൽ അത് അപകടകരമായേക്കും എന്ന് ഇന്ന് തിരിഞ്ഞ് നോക്കുമ്പോൾ എനിക്ക് തോന്നുന്നുണ്ട്.

കേവല മാർക്കുകൾക്ക് മെഡിസിൻ പ്രവേശനം ലഭ്യമാകാതെ വന്ന ഒരവസരത്തിൽ ഞങ്ങൾ മരച്ചൂട്ടിൽ ഒരിക്കൽ കൂടി കണ്ടുമുട്ടി.
കൂട്ടുകാരോടൊപ്പം.
ഞാൻ പറഞ്ഞു നിൻറെ ഭാവി പ്രവചനത്തിൽ ഏഴുപേരുടെ കാര്യം ശരിയായി ഒരെണ്ണമല്ലേ തെറ്റിയുള്ളൂ.. പ്രവചന മേഖലയിൽ നിനക്ക് ഭാവിയുണ്ട് ജയേ..
ശ്രീക്കുട്ടാ.. ഞാൻ കാരണമാണ് നിൻറെ സ്വപ്നങ്ങൾ നടക്കാതെ പോയതെങ്കിൽ നീ എന്നോട് ക്ഷമിക്കുക. നമ്മൾ ചേർന്നിരുന്ന ദിനരാത്രങ്ങളും നിന്നെ കുറിച്ച് ഓർക്കുന്ന എന്റെ സ്വകാര്യ നിമിഷങ്ങളും ഇനി എനിക്ക് വേണ്ടി മാത്രമുള്ളതാണ്.
നമ്മൾ ഇനി കാണില്ല.. താമസിയാതെ എന്റെ വിവാഹം കണ്ടേക്കും.. നീ വരണം..
അതായിരിക്കും അവസാനത്തെ കാഴ്ച എന്ന് എനിക്ക് അന്ന് തോന്നിയില്ല.
പിന്നീട് ദന്തശാസ്ത്രം കൃഷിശാസ്ത്രം മൃഗശാസ്ത്രം ഫാർമസി കോഴ്സുകൾക്കെല്ലാം അഡ്മിഷൻ കിട്ടിയെങ്കിലും വീടുവിട്ട് ഹോസ്റ്റലിൽ

പോയി താമസിക്കാനുള്ള ഒരു സാമ്പത്തികം ഇല്ലാ
തിരുന്നതിനാൽ ഞാൻ വീടിനടുത്തുള്ള മറ്റൊരു
കോളേജിൽ ജന്തു ശാസ്ത്രത്തിൽ ബിരുദാനന്തര
ബിരുദ കോഴ്സിന് ചേർന്നു..
എൻറെ പഠനത്തിൻറെ ആദ്യ വർഷത്തെ പകുതി
ആയപ്പോഴേക്കും ജയയുടെ കല്യാണക്കുറി വന്നു..
മൂന്ന് വാക്കുകൾ മാത്രമേ  അവൾ എഴുതിയിരു
ന്നുള്ളൂ അതിൽ..
ശ്രീക്കുട്ടാ നീ വരണം..
ഞാൻ പോയില്ല.. പ്രണയം നഷ്ടപ്പെട്ടെങ്കിലും മനസ്സ്
നിറയെ പ്രണയത്തിൻറെ ഓർമ്മകളായിരുന്നു.
വഴക്കില്ലാതെ പിരിഞ്ഞു പോകാൻ തയ്യാറായ
അവളുടെ മനസ്സിനേ ഞാൻ പൂജിച്ചു..
“നിൻറെ അഭാവം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു”
എന്ന് പിന്നീട് ഒരു അവസരത്തിൽ അവളുടെ
വിവാഹത്തിന് പങ്കെടുത്ത എൻറെ ഒരു സുഹൃത്ത്
എന്നോട് പറഞ്ഞു.. ജയ നിൻറെ കാര്യം ചോദി
ക്കുകയും ചെയ്തു..വരണമെന്ന് തോന്നിയില്ലടാ..
ഞാൻ സുഹൃത്തിനോട് പറഞ്ഞു.
പിന്നീട് പതിവായി വർഷത്തിലൊരിക്കൽ പുതുവ
ത്സര കാർഡുകൾ അയയ്ക്കുൽ നിന്നുപോയത്
അവളുടെ  മരണത്തോടുകൂടിയായിരുന്നു.
മരണകാരണം ദുരൂഹമാണിന്നും.
ഭർത്താവ് അവളെ കൊന്നതാണെന്നുള്ള കഥകൾ
പത്രങ്ങളിൽ വന്നു. കൂട്ടുകാർ പറഞ്ഞറിഞ്ഞു.
രണ്ടു കുട്ടികളെ ബാക്കിയാക്കി അവൾ കാല
യവനികക്കുള്ളിൽ മറഞ്ഞപ്പോൾ ഒരു മറുചോദ്യം
ഞാൻ അവളോട് മനസ്സിൽ ചോദിച്ചു
കുട്ടി ഞാൻ കാരണമാണ് നിൻറെ ജീവിത
കളിയോടം മുന്നോട്ടു തുഴഞ്ഞു പോകാൻ
സാധിക്കാതെ പോയതെങ്കിൽ നീ എന്നോട്
ക്ഷമിക്കുക.. ഇല്ല ഇനി നമ്മൾ ഒരിക്കലും കാണില്ല..
നമ്മൾ വിചാരിച്ചാൽ പോലും..
നിന്റെ ഓർമ്മകൾ എന്നും എന്റെ ഹൃദയത്തിൽ
മായാതെ ജീവിക്കും.
പ്രത്യേകിച്ച് ജാനകിയമ്മ പാടി അനശ്വരമാക്കിയ
ആ ഗാനങ്ങൾ നീ വീണ്ടും ആലപിച്ച ഓരോ
നിമിഷവും ഇന്നും എന്റെ ആത്മാവിൽ അലയടി
ച്ചുകൊണ്ടിരിക്കുന്നു. അത് വെറും സംഗീതമായി
രുന്നില്ല; എന്റെ ഹൃദയതീരത്തെ സ്നേഹത്തോടെ
തലോടിയ ഒരു കല്ലോലമായിരുന്നു.
ആ സ്വരങ്ങളുടെ ഊർജ്ജപ്രവാഹമാണ് ഇന്നും
എന്റെ ഉള്ളിൽ ആഞ്ഞടിക്കുന്ന തിരമാലകളാ
യും, തിമിർത്ത് പെയ്യുന്ന മഴയായും, ഇടിമിന്നലി
ന്റെ തീക്ഷ്ണതയായും മാറി മാറി ജീവിതത്തെ
കൂടുതൽ ആഴത്തിൽ പ്രണയിക്കാൻ എന്നെ
പഠിപ്പിക്കുന്നത്.
നിന്നോടൊപ്പമുള്ള ആ സംഗീത നിമിഷങ്ങളും, ആ
സ്വരയാത്രയും, ആ വികാരങ്ങളും—എല്ലാം എന്റെ
ജീവിതത്തിന് ലഭിച്ച അപൂർവ ഭാഗ്യങ്ങളായിരുന്നു.
കാലം എത്ര ദൂരം സഞ്ചരിച്ചാലും, ആ ഓർമ്മകളു
ടെ മധുരം ഒരിക്കലും മാഞ്ഞുപോകില്ല; കാരണം
ചില മനുഷ്യരും ചില സ്വരങ്ങളും ജീവിതത്തിൽ
നിന്ന് അകലുകയില്ല... അവർ ഹൃദയമിടിപ്പായി
എന്നും നമ്മോടൊപ്പം ജീവിച്ചുകൊണ്ടേയിരിക്കും
പ്രണയത്തെ അല്ലാതെ പ്രണയിതാക്കളുടെ
ഭാരത്തെ  ചുമക്കേണ്ടതില്ല എന്ന തീരുമാനമേടു
ക്കുമ്പോഴാണ് പ്രണയം സ്വാർത്ഥകമാകുക എന്ന
സിദ്ധാന്തം എന്നെ പഠിപ്പിച്ച നിനക്ക് നന്ദി.. അലംഘ
നീയമായ കരാറുകൾ ഒന്നുമില്ലാതിരിക്കുന്നതാണ്
പ്രണയത്തിന് നല്ലത് എന്ന് പഠിപ്പിച്ചു നിനക്ക് നന്ദി.
പ്രണയത്തിനൊടുവിൽ വാശിയും പകയുമായി
തകർന്ന് നിൽക്കാതിരിക്കാൻ പഠിപ്പിച്ച നിനക്ക്
നന്ദി. പ്രണയത്തിൽ നിന്ന് പ്രണയങ്ങളിലേക്ക്
ചിറകുയർത്തി പറക്കാൻ പഠിപ്പിച്ച നിനക്ക് നന്ദി..
സഫല്യമാകാത്ത പ്രണയത്തിൽ നിന്ന് മോചിതനാ
കാൻ എന്നെ പഠിപ്പിച്ച നിനക്ക് നന്ദി. ഒരു ഹൃദയ
ത്തിനുള്ളിൽ ഒരു ഹൃദയം മാത്രമല്ല അനേകം
ഹൃദയങ്ങൾ.. അതാണ് പ്രപഞ്ചസത്യം എന്ന്
മനസ്സിലാക്കിത്തന്ന നിനക്ക് നന്ദി. പകുത്താലും
പകുത്താലും തീരാത്ത പ്രണയങ്ങളിലേക്ക് വളര
ട്ടെ നമ്മുടെ ജീവിതം എന്ന് പഠിപ്പിച്ചുതന്ന നിനക്ക്
നന്ദി. ഒരു പ്രണയ തിരിയിൽ നിന്ന് തെളിച്ചമുള്ള
അനേകം പ്രണയ തിരികൾ തെളിയട്ടെ എന്ന
ആശിച്ച നിനക്ക് നന്ദി. നൂറായി പകർന്നാലും ആ
പകർന്ന് തിരികളിൽ എല്ലാം പ്രണയം തെളിഞ്ഞു
നിൽക്കണം എന്ന് മനസ്സുകൊണ്ട് കൊതിച്ച
നിനക്ക് നന്ദി.
വിശ്വമില്ലാ നീ ഇല്ലെങ്കിൽ വീണ്ടിയും ഞാനീ
മണ്ണിൽ എന്ന് നീ കരഞ്ഞ് പാടാതിരുന്നത് എത്ര
നന്നായി.. സംഭവിച്ചത് അങ്ങനെയല്ലല്ലോ..
ജാനകിയമ്മയുടെ വേർപാടിന്റെ വേദനയിൽ
എന്റെ ഹൃദയം മൊഴിഞ്ഞ കുറച്ച് വരികൾ.. വികാര
ങ്ങളുടെ പ്രതിധ്വനികൾ..

അതാണ് ഈ കുറിപ്പ്..

ശ്രീകുമാർ പുളിയമ്പറ്റ: ഓക്ലാൻഡ് മലയാളി സമാജം മുൻ പ്രസിഡൻറ്. സമാജത്തിന്റെ മുഖപത്രമായ ദർപ്പണത്തിന്റെ
തുടക്കകാരിൽ ഒരാൾ. ഇപ്പോൾ പെർത്തിൽ സ്ഥിരതാമസം. ക്ലിനിപത്ത് പതോളജി ലബോറട്ടറിയിലെ സീനിയർ സയന്റിസ്റ്റ്.
Australian Justice of the Peace ആയി സേവനം അനുഷ്ഠിക്കുന്നു. സാമൂഹ്യ പ്രവർത്തനം, യാത്രകൾ, സംഗീതം, പരിസ്ഥിതി
ഇതൊക്കെയാണ് ഇഷ്ടപ്പെട്ട വിഷയങ്ങൾ.

കഥ

# അടരുകൾ

അടരുകൾ
അടരുകൾ

**വാമദേവ പണിക്കർ**



ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല, ഇങ്ങിനെയൊക്കെ സംഭവിക്കുമെന്ന്. അമ്പത്തിയഞ്ചിൽ വീണ്ടും ഒരു വിവാഹം, അതും മക്കൾ മുൻകൈ എടുത്ത്. ഒരു രാവിനപ്പുറം അതു യഥാർഥ്യമാകുന്നു.
 കടലുകൾ താണ്ടി കാതങ്ങൾക്കിപ്പുറം ഈ പച്ചപ്പിന്റെ തുരുത്തിൽ ഉറ്റവരും ഉടയവരും ഇല്ലാതെ വീണ്ടും...അങ്ങിനെ ചിന്തിക്കുമ്പോൾ ആദ്യ വിവാഹത്തിനും ആരും ഉണ്ടായിരുന്നില്ലല്ലോ എന്നയാൾ ഓർത്തു; കുറെ സുഹൃത്തുക്കളും സൗമ്യയുടെ അമ്മയുമൊഴികെ. ഓർമ്മകളെ ഗതകാലത്തിന്റെ മേച്ചിൽപുറങ്ങളിൽ മേയാൻ വിട്ട് അയാൾ കിടക്കയിൽ അങ്ങിനെ കിടന്നു, മിഴികൾ പൂട്ടി...
വീട്ടിൽതന്നെ കാറും ലോറിയും ഉണ്ടായിരുന്നതിനാൽ പതിനെട്ടു തികയും മുമ്പേ അവ രണ്ടും അനായാസം ഓടിക്കാൻ പഠിച്ചിരുന്നു. അന്നൊന്നും അത് തന്റെ ജീവിതോപാധി അയിത്തീരുമെന്ന് സ്വപ്നേപി നിനച്ചിരുന്നില്ല. തടിയും തടി ബിസിനസ്സും ഉണ്ടായിരുന്നെങ്കിലും അപ്പൻ എന്നും വിട്ടീൽ അമ്മക്കു താഴെയായിരുന്നു. വീട്ടിലെ റബ്ബർ ടാപ്പിംഗുകാരിൽ ഒരാളായിരുന്ന രാധമ്മയുടെ മകളായിരുന്നു സൗമ്യ. വെളുത്തു മെലിഞ്ഞൊരു പാവാടക്കാരി. സ്കൂൾ മുടക്കമുള്ള ദിവസങ്ങളിൽ ആസ്തമ രോഗിയായ അമ്മയെ സഹായിക്കാൻ സുന്ദരിയായ അവളും വരുമായിരുന്നു. അങ്ങിനെയാണ് പരിചയമായത്. അതു പിന്നെ പ്രണയഭാവം പേറുകയായിരുന്നു.

എന്തുപറഞ്ഞാലും ഒന്നും മിണ്ടാതെ, വെറുതെ ചിരിക്കുക മാത്രം ചെയ്യുന്ന അവളെക്കുറിച്ച് ഒരിക്കൽ തമാശയായി രാധമ്മയോടെ ചോദിച്ചിട്ടുണ്ട്; ജനിച്ചപ്പോഴേ ഇവളുടെ സ്വഭാവം മനസിലാക്കി എങ്ങിനെ ഈ പേരിട്ടെന്ന്. അവളെ കാണണമെന്ന് എപ്പോഴും കൗമാരമനസ്സ് തുടിക്കാൻ തുടങ്ങിയിരുന്നു. എന്തോ മണം തട്ടിയ അമ്മച്ചി മുരണ്ടു. ദേ; ദൈവവേലക്ക് ഉഴിഞ്ഞു വെച്ചേക്കുന്നവനാ നീ. മനസ്സിൽ അരുതാത്ത ചിന്തയൊന്നും വേണ്ട കേട്ടോ. അവിടെയും തീർന്നില്ല- "സുഖമില്ലെങ്കിൽ നീ ജോലി നിർത്തി പൊക്കോ, രണ്ടായാലും നിന്റെ പെണ്ണിനേയും കൊണ്ട് ഇനി ഇങ്ങോട്ട് വരേണ്ട". "പ്രായമായ മൂന്നെണ്ണം ഇവിടൊള്ളതാ; വല്ല പെഴപ്പുകേടും പറ്റീട്ടു പിന്നെ പറഞ്ഞിട്ട് ആയില്ല" എന്നൊരു തിട്ടൂരം രാധമ്മക്കും നൽകി. അതോടെ വാശിയായി... അവളെയെ കെട്ടൂ എന്ന ഉറപ്പ് ആയമ്മയ്ക്ക് നൽകി.
ഡിഗ്രി മൂന്നാം വർഷം പഠിക്കുന്ന ആ കാലം. KSRTC യിൽ ഡ്രൈവർ നിയമനത്തെപ്പറ്റി ആരോ പറഞ്ഞറിഞ്ഞു. തന്റെ ഇഷ്ടം സാധിക്കണമെങ്കിൽ സ്വന്തം കാലിൽ നിന്നേ മതിയാകൂ എന്ന തിരിച്ചറിവിൽ ടെസ്റ്റുകൾ അറ്റൻഡ് ചെയ്തു. പ്രതീക്ഷക്ക് വിപരീതമായി ഫലം തനിക്ക് അനുകൂലമായി വന്നു. ഡിഗ്രി പാസ്സായി അധികം കഴിയും മുമ്പേ ലഭിച്ച ജോലിക്കാര്യം പക്ഷെ വീട്ടിൽനിന്നും മറച്ചുവെച്ചു.



ജോയിൻ ചെയ്ത ശേഷമാണ് വിവാഹത്തെപ്പറ്റി വീട്ടിൽ അവതരിപ്പിച്ചത്. ഇച്ചായന്മാർ രണ്ടും അന്തം വിട്ട് നിന്നു. അപ്പനു സ്വതസിദ്ധമായ നിസ്സംഗത മാത്രം. കുടുംബത്തൊരു വൈദീകനെ വാഴിച്ചു മേനി നടിക്കാനിരുന്ന അമ്മച്ചിക്ക് പക്ഷേ അത് ഒട്ടും ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അവർ ഉറഞ്ഞുതുള്ളി. കുടുംബത്തുനിന്ന് ഒരുതരി മണ്ണോ എന്തെങ്കിലും സഹായമോ പ്രതീക്ഷിക്കേണ്ടെന്നതിലുപരി മേലാലീ നാലതിരിനകത്തു കാല് കുത്തരുതെന്നൊരു ഉഗ്രശാസനവും...

'ആകാശത്തിലെ പറവകൾ.......' ബൈബിൾ വാക്യം മെല്ലെ മൂളിയത് അമ്മച്ചിയെ ഒന്നുകൂടി ചൊടിപ്പിച്ചു.

'വേണ്ടടാ; ആശാരിച്ചി കൊയ്തുകൊണ്ടുത്തരും. ഏതായാലും രണ്ടും കൂടി ഏറെനാൾ പൊറുക്കാൻ എടവരുകേല. വരുത്തുകേല, ഒടേതമ്പുരാനായ കർത്താവ്'...

അമ്മച്ചിയുടെ വാക്കുകൾ അറംപറ്റിയതു പോലെയായി... പതിനഞ്ചുവർഷം തികച്ച് ഒന്നിച്ചുകഴിയാൻ ഭാഗ്യമുണ്ടായില്ല. സ്റ്റോപ്പിൽ ബസ് കാത്തുനിന്നവർക്കിടയിലേക്ക് പാഞ്ഞുകയറിയ ഒരു ടെമ്പോവാൻ മറ്റു രണ്ടുപേർക്കൊപ്പം അവളുടെ ജീവനും കവർന്നു. പതിനൊന്നും പതിമൂന്നും വയസ്സുള്ള മക്കൾ ശ്രേയയെയും ശ്രദ്ധയെയും തന്നെ ഏല്പിച്ച് ഒന്നും പറയാതെ അവൾ യാത്രയായി. എങ്കിലും ഒപ്പമുണ്ടായിരുന്ന കാലം കൊണ്ട് ഒരു ജന്മത്തിന്റെ സ്നേഹവും കരുതലും കൈത്താങ്ങും അവൾ നൽകി. ഇരുചക്രവാഹനത്തിനപ്പുറം യാത്ര സാധ്യമാകാത്ത ഇടവഴിക്കരികിലുള്ള ഒരു കൊച്ചുവീട്ടിലായിരുന്നു വാടകക്ക് താമസം. ഉടമ കുടുംബസമേതം വിദേശത്ത് ആയതിനാൽ 40സെന്റോളം ഉള്ള സ്ഥലത്ത് അയാളുടെ സമ്മതത്തോടെ കൃഷിയും കോഴിയും പശുവളർത്തലുമൊക്കെയായി അമ്മയും മകളും കൂടി ഉണ്ടാക്കിയ തുക തനിക്ക് കൈത്താങ്ങായി-അതേ സ്ഥലം പിന്നീട് വിലയ്ക്കു വാങ്ങാൻ പറ്റിയപ്പോൾ.

"ഡ്യൂട്ടി ഓഫ്" ദിനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി സൗമ്യ കണ്ടെത്തിയ ആശയമായിരുന്നു ഒരു ടാക്സി കാർ സ്വന്തമാക്കുക എന്നത്. രാധമ്മയുടെ പേരിലുള്ള വസ്തു വിറ്റു പ്രാരംഭ മൂലധനം കണ്ടെത്തിയതും അവൾ തന്നെ. നിരുത്സാഹപ്പെടുത്തിയപ്പോൾ അവൾ പറഞ്ഞ വാക്കുകൾ ഇപ്പോഴും ഓർമ്മയിൽ ഒളിമങ്ങാതെ അങ്ങിനെത്തന്നെയുണ്ട്.

'ഇച്ചായൻ എത്രയോ ഉയർന്ന ചുറ്റുപാടിൽ ജീവിക്കേണ്ട ആൾ ആയിരുന്നു. എന്നെപോലെ ഒരു സാധാരണ പെണ്ണിന് വേണ്ടി ത്യജിച്ച ആ ജീവിതം തിരിച്ചു തരാൻ പറ്റില്ലെങ്കിലും തിരിച്ചുപിടിക്കാനുള്ള ശ്രമത്തിൽ ഇങ്ങിനെ കൈത്താങ്ങെങ്കിലും ആയില്ലെങ്കിൽ ഞാൻ പിന്നെ പാഴ്ജന്മം അല്ലേ ഇച്ചായാ"

ആ ചോദ്യത്തിന് മുമ്പിൽ വാക്കുകൾ മുട്ടി. പിന്നെ ചെറുക്കാൻ പറ്റിയില്ല.

സൗമ്യയുടെ മരണശേഷം ഒരാഴ്ചയോളം അവധിയെടുത്തു. കണ്ണീർ ഉണങ്ങിയ മുഖത്തോടെ മക്കളുടെ തോരാക്കണ്ണീർ ഒപ്പിയും സാന്ത്വനിപ്പിച്ചും പരിപാലിച്ചും കഴിഞ്ഞുകൂടി. ഇതിനിടെ പലതും തീരുമാനിച്ചുറച്ചിരുന്നു. തനിക്കിനി മക്കളും അവർക്ക് താനും മാത്രമേ ഉള്ളൂ. ഇനിയുള്ള ജീവിതത്തിന്റെ സുഗമമായ പോക്കിന് ജോലി ഒരു തടസ്സം ആണെന്ന് തോന്നി, ജോലി രാജി വെച്ച്



ഒരു മുഴുവൻ സമയ ടാക്സി ഡ്രൈവർ ആയി. വരുമാനം കുറഞ്ഞെങ്കിലും മക്കളുടെ എല്ലാ കാര്യങ്ങളിലും ശ്രദ്ധിക്കാൻ കഴിഞ്ഞു. ഇരുവരും പഠിക്കാൻ മിടുക്കർ ആയിരുന്നു. കാലത്ത് എണീറ്റ് അവർക്കുള്ള ടിഫിൻ ഒരുക്കി കഴിയുമ്പോഴേക്കും അവർ റെഡിയായെത്തും. കാപ്പികുടി കഴിഞ്ഞു നേരെ സ്കൂളിൽ കൊണ്ടുചെന്നാക്കി. പിന്നെ സ്റ്റാൻഡിലേക്ക്. കാലം കടന്നുപോയിക്കൊണ്ടിരുന്നു. ഇതിനിടെ സർവീസ് അനുകൂല്യങ്ങൾ കിട്ടിയിരുന്നു. ടാക്സി ഓട്ടം കുറവായതിനാൽ അതിൽനിന്നും ഒരു ഓട്ടോറിക്ഷ കൂടി വാങ്ങി വരുമാനം കൂട്ടി. ബാക്കിപ്പണം ചിട്ടി എന്ന ഓമനപേരിൽ പലിശക്ക് നൽകി സാമ്പത്തികഭദ്രത ഉറപ്പാക്കി. ഇതിനിടെ പലരും മക്കളുടെ കാര്യം നോക്കാൻ വേണ്ടിയെങ്കിലും ഒരു രണ്ടാം വിവാഹത്തിന് നിർബന്ധിച്ചിരുന്നു. അവരോടൊക്കെ പറഞ്ഞത്, കുഞ്ഞുങ്ങൾക്കും എനിക്കും ഇടയിൽ അങ്ങനൊരു വിള്ളൽ വേണ്ടെന്നാണ്. അമ്മയുടെ സ്ഥാനത്തും ഞാൻ മതി. അവർ അല്ലലില്ലാതെ വളർന്നോളും എന്നാണ്. അതെ; അവർ വളർന്നു. അമ്മയെപ്പോലെ സുന്ദരികളായി. ശ്രേയ അമ്മയുടെ തനിപകർപ്പും.

രണ്ടു വയസ്സിന്റെ വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂ ഇരുവരും തമ്മിൽ. മൂത്തയാൾ നഴ്സിംഗ് പഠനത്തിന് പോകും മുമ്പ് മക്കളോട് ഒന്നേ ഓർമിപ്പിച്ചിരുന്നുള്ളു. "ഇതുവരെ നിങ്ങൾ അപ്പയുടെ കൺമുമ്പിൽ ആണ് വളർന്നത്. ഇനിയും അങ്ങിനെയല്ല... അതുകൊണ്ട് ഒന്ന് എപ്പോഴും ഓർത്തുകൊള്ളുക. സൗഹൃദം പെണ്ണിനോടെന്നല്ല ആണിനോടും ആകാം; പക്ഷെ അടുപ്പം എപ്പോഴും ഒരു കൈയ്യകലത്തിൽ നിർത്തണം. അപ്പയും അമ്മയും പ്രണയിച്ചവരാണ്. നിങ്ങൾക്കും അതാകാം എന്നാൽ പ്രണയം ഒരിക്കലും വിവാഹത്തിന് മുമ്പ് കിടക്കയോളം എത്തരുത്. അങ്ങിനെയായാൽ പിന്നെ നിനക്കവൻ പലരിലൊരുവൻ ആണെന്നേ അവൻ കരുതൂ. അപ്പക്ക് പറഞ്ഞു തരാനെ കഴിയൂ. സൂക്ഷിക്കേണ്ടവർ നിങ്ങളാണ്. നിങ്ങളാണ് അപ്പയുടെ ജീവനും ജീവിതവും, അത് മറക്കരുത്".

അന്നവർ രണ്ടാളും അമ്മ നഷ്ടപെട്ട പഴയ കുരുന്നുകളായി തന്റെ നെഞ്ചിൽച്ചേർന്നു മതിയാവോളം കരഞ്ഞു. അതവർ തനിക്ക് പറയാതെ തന്ന ഉറപ്പായിരുന്നു. എന്നിട്ടും മൂത്തവൾക്കു ഒരു അടുപ്പം ഉണ്ടായി. ഡിഗ്രി കഴിഞ്ഞു നാട്ടിലെത്തി ജോലിചെയ്യുമ്പോൾ അവിടെ സീനിയർ ആയിരുന്ന ഒരാളുമായി. അന്നവൻ ന്യൂസിലാൻഡിലൊരു ജോലിക്കായുള്ള ശ്രമത്തിൽ ആയിരുന്നു. വിസ ശരിയായ ശേഷം അവൻ വീട്ടിലെത്തി വിവാഹ കാര്യം പറഞ്ഞുറപ്പിച്ചാണ് യാത്രയായത്. രണ്ടു വർഷത്തിനകം ആ വിവാഹം നടന്നു. ചിറകിനടിയിൽ നിന്നും ആദ്യത്തെ കിളിക്കുഞ്ഞു അങ്ങിനെ പറന്നകന്നു. ഇളയവൾക്കു വരനെ അവിടെനിന്നു കണ്ടെത്തിയതും മകളും മരുമകനും ചേർന്ന്. താമസിയാതെ അവളും കിവികളുടെ നാട്ടിലേക്ക്.



വീടും പത്തു സെന്റും ഒഴികെ വസ്തു കൈമാറ്റം ചെയ്ത് വിവാഹങ്ങളിൽ മാന്യത നിലനിർത്തി. ഇപ്പോൾ തന്റെ ഏകാന്തതക്ക് വിരാമമിടാൻ, സ്വന്തമെന്നാവകാശപ്പെടാൻ ഇനി ആരും ഇല്ലാത്ത നാട്ടിൽ നിന്നും, മക്കൾ ഒരുക്കിയ ഒരു ഇടത്താവളം. ഹരിതാഭമായ ഈ സ്വച്ഛഭൂമി. കൂട്ടിനായി, കൂട്ടുകാരിയുടെ വിധവയായ അമ്മയെയും. ഇവിടെ ഇനിയും മക്കൾക്കൊപ്പം അവർ പറയുമ്പോലൊരു ശിഷ്ടകാലം. അല്ലെങ്കിലും അവർ പറയുന്നതാണ് ശരി...ഒരുപിടി ഓർമ്മകൾ അല്ലാതെ എന്താണ് നാട്ടിലിനിയും തനിക്കുള്ളത്. ആ ഓർമ്മകൾ തന്റെ സൗമ്യയെ ചുറ്റിയുള്ളതാണ്. അതില്ലാതെ തന്റെ ഒരു ദിനവും കടന്നുപോയിട്ടില്ല. ആ ഓർമ്മകളും ഇടനെഞ്ചിൽ വിങ്ങലായി ഒപ്പമുള്ളപ്പോൾ പിമ്പിൽ പിന്നെ എന്ത് ബാക്കി! എല്ലാ സൗഭാഗ്യങ്ങളും ത്യജിച്ചത് അവൾക്കു വേണ്ടിയായിരുന്നു. എന്നിട്ടും...

'സുമീ നീ എന്നെ ഏല്പിച്ച മക്കളെ ഞാൻ ഭദ്രമായൊരു സന്തോഷത്തുരുത്തിൽ എത്തിച്ചിരിക്കുന്നു. ഇപ്പോൾ അവർ നമ്മേക്കാളും ഏറെ വളർന്നിരിക്കുന്നു... നമ്മുടെ ഇടുങ്ങിയ ചിന്താഗതിയിൽ നിന്നും മാറി ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. ഇനി അവരുടെ വാക്കുകൾക്ക് വിലകൊടുക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടുതന്നെ അവർ കണ്ടെത്തിയ ഒരാളെ തുണയാക്കുന്നു. ശരിയല്ലേ സുമി, അവർ പറയുന്നത്?

നിന്റെ ഓർമ്മകൾ എനിക്ക് തുഴയാകാം, പക്ഷെ തുണയാകില്ലല്ലോ. എങ്കിലും അത് എന്റെ ഊർജമായി എന്നും എനിക്കൊപ്പം കാണും ആർക്കും തുറന്നുകൊടുക്കാൻ കഴിയാത്തൊരു അറയിൽ; ഭദ്രമായി ജീവിതാന്ത്യം വരെ...ഇനി ആരെ ഒപ്പം കൂട്ടിയാലും!

ഏതോ ശബ്ദം ചിന്തകളെ മുറിച്ചു. ശ്രദ്ധിച്ചു...

മുറിക്കു വെളിയിൽ മക്കളും സുഹൃത്തുക്കളും ആഘോഷം തുടങ്ങിയിരിക്കുന്നു. ഇത് അവരുടെ ലോകം; അവരുടെ ശരികൾ! അതിരുകളില്ലാത്ത ആത്മാർത്ഥ സൗഹൃദത്തിന്റെ, ആഹ്ളാദ ത്തിന്റെ, ആത്മഹർഷത്തിന്റെ, ഒത്തുചേരലിലുള്ള ആശ്വാസത്തിന്റെ, പാട്ടും ആട്ടവുമായി ഒരു വ്യത്യസ്ത ലോകം. അതിൽ അവർ ആനന്ദം കൊള്ളുന്നു. അവർക്ക് ഒത്തുകൂടാൻ എന്തെങ്കിലും ഒരു വിശേഷം വേണം; അത് ഇക്കുറി തന്റെ പേരിലും. മുറി തുറന്നു വെളിയിൽ വന്ന അയോളോട് കുസൃതിക്കാരിയായ ഇളയ മകൾ കളിയായി ചോദിച്ചു.

"അപ്പേടെ സുമി അനുവാദം തന്നോ, അപ്പേ"?

ഉള്ളം നിറഞ്ഞ വിങ്ങലോടെ, വിളറിയ ഒരു ചിരിയോടെ, വിഷാദം മുകർന്ന വദനത്തോടെ, മകളുടെ കുസൃതിച്ചിരിയിലേക്ക്, സുമിയുടെ അതേ ചിരിയിലേക്ക്, അയാൾ നിർന്നിമേഷം നോക്കിനിന്നു!

വാമദേവ പണിക്കർ: പത്തനംതിട്ടയിലെ കൂടൽ സ്വദേശി, വിമുക്ത ഭടൻ. ഫേസ്ബുക്കിന്റെ വരവോടെ ജീവിത വഴിയിലെങ്ങോ മറന്നുവെച്ച എഴുത്തു ശീലം പൊടിതട്ടി എടുത്ത് ഇതേ പേരിൽ ചെറു ലേഖനങ്ങളും അഭിപ്രായങ്ങളും എഴുതാറുണ്ട്. ഭാര്യ പ്രസന്ന. മക്കൾ വിനയ്, വിവേക് - കുടുംബസമേതം ന്യൂസീലാൻഡിൽ ഉണ്ട്.

SERVICE STORY



ഡോ. സാം മത്തായി

# നിറമുള്ള ഓർമ്മകൾ

പോയ വർഷം ജൂണിൽ നാട്ടിൽ പോയപ്പോൾ ഓക്ക്‌ലൻഡ്- സിഡ്നി- ബാംഗ്ലൂർ- കൊച്ചി- റൂട്ട് ആണ് തരമായത്. അവധി കഴിഞ്ഞു കൊച്ചിൻ എയർപോർട്ടിൽ നിന്നും ബാംഗ്ലൂരിലേക്കു തിരിച്ചു പോന്നത് ഇൻഡിഗോ ഫ്ലൈറ്റിലും. വിമാനത്തിനകത്ത് തലക്കു മുകളിൽ “ക്യാരി ബാഗ്” ഫിറ്റ് ചെയ്യാൻ കഷ്ടപ്പെടുമ്പോൾ സൈഡ് സീറ്റിൽ നിന്നും ഒരു പതിഞ്ഞ ശബ്ദം... “സാം സാറേ”, ഇതെങ്ങിനെ ഈ ഫ്ലൈറ്റിൽ?

ഒരു നിമിഷം പകച്ചു പോയി ...ആരായിരിക്കും? സൂക്ഷിച്ചു നോക്കി... പരിചയമുള്ള മുഖം... പക്ഷേ ഒരെത്തും പിടിയും കിട്ടുന്നില്ല!

സെക്കൻഡുകൾക്കുള്ളിൽ അടുത്ത ചോദ്യം... “എന്നെ ഓർമയില്ലേ, CSB യിലുണ്ടായിരുന്ന മുരളീധരനെ”?

മനസ്സ് മുപ്പതു വർഷം പിറകോട്ടു പാഞ്ഞു ... അതോടെ എല്ലാം ഓർമ്മയിൽ തെളിഞ്ഞു വന്നു...

CSB- “സെൻട്രൽ സിൽക്ക് ബോർഡ്” എന്ന കേന്ദ്ര സ്ഥാപനത്തിൻറെ ചുരുക്കപ്പേരാണ്. CSBയിലെ ജോലി രാജിവെക്കുന്നതു വരെ വിവിധ ഓഫീസുകളിലാണ് ഞങ്ങൾ ജോലി ചെയ്തതെങ്കിലും സുഹൃത്തുക്കളായിരുന്നു. സീനിയർ സയന്റിസ്റ്റു ആയ Dr. മുരളീധരൻ* ഈയിടെ ജോലിയിൽനിന്നും നിന്നും റിട്ടയർ ആയത് സോഷ്യൽ മീഡിയ വഴി അറിഞ്ഞിരുന്നു...

ഫ്ലൈറ്റ് അറ്റെൻടെൻഡിന്റെ അനൗൺസ്മെന്റ് വന്നു. “Passengers, please be seated...fasten your seatbelt!

അതോടെ സംഭാഷണം മുറിഞ്ഞുപോയി.

“നമുക്ക് ബാംഗ്ലൂരിൽ ചെന്നിട്ടു കൂടുതൽ മിണ്ടാം...ഒത്തിരി വിശേഷങ്ങൾ അറിയാനുണ്ട്, പറയാനുണ്ട്”.

അടുത്ത ഒരു മണിക്കൂർ എന്റെ ചിന്തകൾ 1996 വരെ 13 വർഷം ജോലിചെയ്ത വിവധ CSB ഓഫീസുകളെക്കുറിച്ചും ആ നല്ല കാലഘട്ടത്തെക്കുറിച്ചുമായിരുന്നു... വിമാനം ഇറങ്ങുമ്പോൾ മുരളിയോട് ചോദിക്കുവാനുള്ള “ചോദ്യാവലി” മനസ്സിൽ തയ്യാറായിരുന്നു...

ബാംഗ്ലൂർ എയർപോർട്ടിൽ വെച്ച് അരമണിക്കൂറിലേറെ CSBയിലെ എന്റെ പഴയ സുഹൃത്തുക്കളെക്കുറിച്ചെല്ലാം തിരക്കി. ഞാൻ അവസാനമായി ജോലിചെയ്ത തമിഴ് നാട്ടിലെ സമയനല്ലൂർ ഓഫീസിന്റെ ഫോൺ നമ്പറും കുറിച്ചെടുത്തു. വീണ്ടും കാണാം എന്ന് പറഞ്ഞു ഞങ്ങൾ പിരിഞ്ഞു.

ഓക്ക്‌ലാൻഡിൽ തിരിച്ചെത്തിയതിന്റെ പിറ്റേന്ന് സമയനല്ലൂർ ഓഫീസുമായി ബന്ധപ്പെട്ടു. തമിഴ് നാട്ടിൽ നിന്നുമുള്ള ഒരു ഓഫീസറാണ് നിലവിൽ ഇൻ-ചാർജ്. എന്റെ സ്റ്റാഫും പ്രിയ സുഹൃത്തുമായിരുന്ന “കാർത്തിക്കി”ന്റെ ഫോൺ നമ്പർ ഞാൻ പ്രത്യേകമായി ചോദിച്ചു വാങ്ങി...

************************************

13 വർഷത്തെ ഗവണ്മെന്റ് സർവീസിൽ 1991മുതൽ



നാലു വർഷം തമിഴ്നാട്ടിലെ മധുരയ്ക്കടുത്തുള്ള സമയനല്ലൂരിൽ ആയിരുന്നു. ഇടുക്കി ജില്ലയിലെ ചന്ദനക്കാടുകൾ നിറഞ്ഞ മറയൂരിൽ നിന്നുമുള്ള ട്രാൻസ്ഫർ. സമയനല്ലൂരിലെ നിലവിലുള്ള ഓഫീസർക്ക് സ്ഥലമാറ്റം ആയപ്പോൾ ഉണ്ടായ വേക്കൻസി ചോദിച്ചു വാങ്ങിയതാണ്. ഓഫീസറിൽനിന്നും ചാർജ് ഏറ്റെടുക്കുമ്പോൾ അദ്ദേഹം ചോദിച്ച ചോദ്യം എന്നെ ഞെട്ടിച്ചുകളഞ്ഞു.

"ഈ സെന്റർ എപ്പോൾ വേണമെങ്കിലും സ്റ്റേറ്റ് ഗവൺമെന്റിനു കൈമാറ്റം ചെയ്യാനുള്ള തയ്യാറെടുപ്പിലാണെന്നുള്ള ന്യൂസ് അറിഞ്ഞിരുന്നില്ലേ?"

ഞാനത് അറിഞ്ഞിരുന്നില്ലെന്നതാണ് സത്യം...

അതോടെ മനസ്സിലൊരു കൊള്ളിയാൻ മിന്നി...

ഇവിടെ വന്നു ചാർജ് എടുക്കുന്നത് ഒരു കെണിയായോ? എന്തായാലും വരുന്നിടത്തുവെച്ച് കാണാം എന്ന ചിന്തയിൽ ഞാൻ ചാർജ് ഏറ്റെടുത്തു; നിലവിലുള്ള ഓഫീസറെ റിലീവ് ചെയ്തു!

സെൻട്രൽ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ്(CPWD) പണിത കെട്ടിടവും, പട്ടുനൂൽ പുഴുവിനെ വളർത്താനുള്ള ലാബുകളും, അതിനുവേണ്ട മൾബറി തോട്ടവും, സ്റ്റാഫ് ക്വാർട്ടേഴ്സും എല്ലാം ചേർന്ന സമുച്ചയമാണ് സമയനല്ലൂർ സെന്റർ. മൈസൂരിലെ കേന്ദ്ര ഗവൺമെന്റ് ഇൻസ്റ്റിറ്റിട്യൂട്ടിൽ ഉണ്ടാകുന്ന ഗവേഷണ ഫലങ്ങളുടെ "ഫീൽഡ് ട്രയൽ" നടത്തുകയാണ് സ്ഥാപനത്തിന്റെ പ്രാഥമീക ഉത്തരവാദിത്തം. കൂടാതെ, മധുര മുതൽ തേനി വരെയുള്ള പ്രദേശങ്ങളിലെ ഇരുന്നൂറിൽപ്പരം പട്ടുനൂൽ കർഷകർക്ക് വേണ്ട ട്രെയിനിങ്ങും സഹായങ്ങളും എത്തിക്കണം; അതിനായി ആറ് ടെക്നിക്കൽ സ്റ്റാഫും ജീപ്പും ഡ്രൈവറും ഉണ്ട്. തമിഴ് നാട്ടിൽ സമയനല്ലൂരിനെ കൂടാതെ കൃഷ്ണഗിരിയിലും ഇതുപോലൊരു ഓഫീസ് ഉണ്ട്.

മൾബറി തോട്ടത്തിൽ ജോലി ചെയ്യുവാൻ ആറ് സ്ഥിരം ജോലിക്കാരെ കൂടാതെ ഒരു വാച്ച്മാനും പ്യൂണുമടക്കം എട്ട് തൊഴിലാളികളുമുണ്ട്. വർഷങ്ങളായി സ്ഥിരമായി ജോലി ചെയ്യുന്നുണ്ടെങ്കിലും ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. എന്നെങ്കിലും സ്ഥിരപ്പെടുമെന്ന പ്രതീക്ഷയിൽ കാലം കഴിച്ചു കൂട്ടിയിരുന്ന അവരും ഓഫീസ് അടഞ്ഞു പോകുമോ എന്ന അങ്കലാപ്പിലാണ്. ഓഫീസിന് തൊട്ടടുത്ത "കട്ടപ്പുളി" നഗറിലെ വാടക വീടുകളിലാണ് മിക്കവരുടെയും താമസം.

സെന്റർ അടച്ചുപൂട്ടാൻ കാരണമെന്തെന്ന് ഞാൻ തിരക്കി. അപ്പോഴാണ് മനസ്സിലാകുന്നത്, ഈ സെന്ററിലെ മണ്ണ് മൾബറി ചെടികൾക്ക് അത്ര യോജിച്ചതല്ലത്രേ... മൈസൂരിലെ കേന്ദ്ര ഗവേഷണ സ്ഥാപനത്തിൽ നിന്നും ആവശ്യപ്പെടുന്ന "ഫീൽഡ് ട്രയലിന്" തൃപ്തിയായ റിസൾട്ട് ഒന്നും കൊടുക്കുവാൻ കഴിയുന്നില്ല! പ്രതീക്ഷയില്ലാത്ത തൊഴിലാളികൾ ചുമ്മാ കാലം കഴിച്ചു കൂട്ടുകയാണെന്നു മനസ്സിലായി. റെഗുലർ സ്റ്റാഫും മനം മടുത്ത മട്ടാണ്. ആകെമൊത്തം ഒരു "നാഥനില്ലാ കളരി"യുടെ അവസ്ഥയാണ് നടമാടുന്നത്.

ഞാൻ ജോയിൻ ചെയ്ത് രണ്ടാഴ്ചയ്ക്കുള്ളിൽ

കാർത്തിക്* എന്ന ഒരു സ്റ്റാഫ് കൂടി പുതിയതായി ജോലിക്ക് റിപ്പോർട്ട് ചെയ്തു. എന്നേക്കാൾ നന്നേ ചെറുപ്പം. ഓഫീസിൽ നിന്നും അധികം ദൂരത്തില ല്ലാത്ത വാടിപ്പട്ടിയിൽ നിന്നും ബസ്സിലാണ് അയാൾ ജോലിക്ക് വരുന്നത്. ആദ്യത്തെ പോസ്റ്റിംഗ് ഉത്തര കർണാടകത്തിൽ എവിടെയോ ആയിരുന്നു. അല്പം അംഗപരിമിതി ഉള്ളതു കൊണ്ടും രോഗിയായ അമ്മയെ പരിചരിക്കണമെന്നുള്ളതു കൊണ്ടുമാണ് വീടിനടുത്തുള്ള സമയനല്ലൂരിലേ ക്കു "റിക്വസ്റ്റ് ട്രാൻസ്ഫർ" തരമായത്. ഇന്ത്യയിൽ ഒട്ടു മിക്ക സംസ്ഥാനങ്ങളിലും ബ്രാഞ്ചുകളുള്ള സിൽക്ബോർഡിൽ വീടിനടുത്തുള്ള ഓഫീസിൽ ജോലി കിട്ടുക എന്നത് മഹാഭാഗ്യമാണ്. കൃത്യനിഷ്ഠയും ആത്മാർത്ഥതയുമുള്ള കാർത്തിക് ചുരുങ്ങിയ കാലയളവിൽ തന്നെ എൻറെ ഏറ്റവും വിശ്വസ്ഥനായ സ്റ്റാഫ് മെമ്പർ ആയി. ആത്മാർത്ഥതയുടെ പര്യായം എന്നുതന്നെ പറയാം!

ചാർജ് എടുത്തു ആദ്യമായി ചെയ്തത് മൾബറി തോട്ടത്തിലെ മണ്ണ് പരിശോധിച്ച് രാസ-ജൈവ വളങ്ങൾ നൽകി മൾബറി ചെടികൾക്ക് വേണ്ടത്ര പരിചരണം നൽകുകയായിരുന്നു... അത് ഫലം കണ്ടു... "ഫീൽഡ് ട്രയൽ" പരീക്ഷണങ്ങളുടെ നല്ല റിസൾട്ടുകൾ കേന്ദ്ര ഓഫീസിലേക്ക് അയക്കാനായി... അതോടെ തൊഴിലാളികളും സ്റ്റാഫും ഉഷാറായി; എനിക്ക് ഏറ്റവും പ്രിയ പ്പെട്ടവരുമായിത്തീർന്നു. പൊതുവെ തമിഴർ ആത്മാർത്ഥതയുള്ളവരാണ്. ഇങ്ങനെയൊക്കെ യാണെങ്കിലും സെൻ്റർ അടച്ചുപൂട്ടും എന്നുള്ള ചിന്ത "ഡെമോക്ലസിന്റെ വാളു"പോലെ ഞങ്ങളെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു!

ഇതിനിടയിൽ കുറെ കർഷകർ പല തവണകളായി എന്നെ വന്നു കണ്ട് അവരുടെ ആശങ്ക അറിയി ച്ചു... പത്തുകൊല്ലത്തിലേറെയായി അവർക്കു എല്ലാവിധ സപ്പോർട്ടും കൊടുക്കുന്ന ഈ സെൻ്റർ സ്റ്റേറ്റ് ഗവൺമെന്റിനെ ഏൽപ്പിച്ചു കൂടാ എന്നതാ ണ് അവരുടെ ആവശ്യം. "അങ്ങനെ ഒന്നുണ്ടാ യാൽ മൾബെറി കൃഷി പറ്റെ ഒഴിവാക്കേണ്ടി വരും" എന്നൊരു ഭീഷണിയും മുഴക്കി.

ഒരു സ്ഥിര പരിഹാര മാർഗം തേടി എൻറെ മനസ്സ് അലഞ്ഞുകൊണ്ടിരുന്നു...

ഒരു ദിവസം ഞാൻ കാർത്തിക്കിനോട് ചോദിച്ചു, "നമ്മുടെ ഓഫീസിലും കൃഷിക്കാർക്കിടയിലും എത്രയും നല്ല മാറ്റങ്ങൾ നമ്മൾ കൊണ്ടുവന്നു. എങ്കിലും, സെൻ്റർ എന്ന് വേണമെങ്കിലും അടച്ചുപൂട്ടാം എന്നുള്ള അവസ്ഥയാണ് ഇപ്പോഴും. നാം എന്തെങ്കിലും ചെയ്തേ പറ്റൂ...അല്പം പൊളിറ്റി ക്കൽ ആയി നീങ്ങിയാലോ"?

" നല്ല ഐഡിയ... നമുക്ക് ശ്രമിക്കാം സാർ.

പിറ്റേന്ന് കാർത്തിക് ജോലിക്ക് വന്നത് തമിഴ്നാ ട്ടിലെ മാത്രമല്ലാ, ഇന്ത്യൻ രാഷ്ട്രീയത്തിൽ തന്നെ ആരാദ്ധ്യനായ ഒരു സീനിയർ പൊളിറ്റിക്കൽ നേതാവിനെ കാണാനുള്ള പദ്ധതിയുമായിട്ടാണ്. അദ്ദേഹം വിചാരിച്ചാൽ തമിഴ് നാട്ടിൽ എന്തും നടക്കും... തഞ്ചാവൂർ സ്വദേശിയാണെങ്കിലും മിക്കവാറും എല്ലാ ആഴ്ചയും അദ്ദേഹം മധുരയിൽ വരുന്നുമുണ്ട്.

Okay, "ഒരു കൈ നോക്കാം"... ജീവിതത്തിൽ അന്ന് വരെയും ഒരു രാഷ്ട്രീയക്കാരനുമായി ബന്ധപ്പെ ട്ടിട്ടില്ലാത്ത ഞാൻ സമ്മതം മൂളി...കാരണം ഇത് കർഷകരുടെ മാത്രമല്ല, സ്റ്റാഫിൻ്റേയും, തൊഴിലാളി കളുടെയും നിലനിൽപ്പിന്റെ പ്രശ്നമാണ്.

നേതാവ് മധുര സന്ദർശിക്കുന്ന ദിവസം കാർത്തി ക് അന്വേഷിച്ചു കണ്ടുപിടിച്ചു. അ ന്നേ ദിവസം ഞങ്ങൾ അദ്ദേഹം താമസിക്കുന്ന ഹോട്ടലിൽ പോയി. ധാരാളം പാർട്ടി പ്രവർത്തകർ ചുറ്റിലുമു ണ്ടായിരുന്നെങ്കിലും ഒരു സെൻട്രൽ ഗവണ്മെന്റ് ഓഫീസർ എന്ന നിലയിൽ എനിക്ക് വേണ്ടത്ര പരിഗണന തന്നു. സശ്രദ്ധം എന്നിൽ നിന്ന് കാര്യ ങ്ങൾ മനസ്സിലാക്കിയ അദ്ദേഹം ലോക്കൽ എം.പി. യെ ഫോണിൽ വിളിച്ചു.

"നമ്മ തൊകുതിയിലെ "മദ്ധ്യ പട്ടു വാര്യം ആലുവ ലകം" മൂടരുതുക്ക് മുടിവ് എടുത്തിരിക്കത്. അത് വ്യവസായികൾക്ക് റൊമ്പ കഷ്ടടത്തെ കൊടുക്കും. നീങ്കെ അത് എപ്പടിയാവത് തടുക്ക വേണം" – (നമ്മുടെ നിയോജക മണ്ഡലത്തിലെ സെൻട്രൽ സിൽക്ക് ബോർഡ് ഓഫീസ് ആടക്കുവാൻ ഉള്ള തീരുമാനത്തിലാണ്. കൃഷിക്കാർക്ക് അത് ഏറെ പ്രയാസം ഉണ്ടാക്കും. അതുകൊണ്ടു ആ തീരുമാനം എങ്ങനെയെങ്കിലും തടുക്കണം")- നേതാവിൻറെ വാക്കിന് എതിർ വാക്കില്ലല്ലോ!

പിറ്റേന്ന് എം.പി ഓഫീസിൽ പോയി നേരിൽ കണ്ട് കാര്യങ്ങൾ ബോധിപ്പിക്കാനും എന്നോട് പറഞ്ഞു. മധുരയ്ക്കും ചുറ്റുമുള്ള പ്രദേശങ്ങളിലുമുള്ള മൾബറി കർഷകർക്ക് ടെക്നിക്കൽ സഹായവും ട്രെയിനിംഗും കൊടുക്കുന്ന ഏക സെന്ററാണ് സമയനല്ലൂരിലേതെന്നും, ആ സെൻ്റർ അടച്ചു പോയാൽ കർഷകർക്കും താൽക്കാലിക തൊഴി ലാളികൾക്കും ഏറെ കഷ്ടപ്പാട് ഉണ്ടാകുമെന്നും ഞാൻ എം.പി.യെ ബോധ്യപ്പെടുത്തി.

പ്രതീക്ഷ കൈ വിടാതെ ഞങ്ങൾ കാത്തിരുന്നു... അത്ഭുതമെന്നു പറയട്ടെ, ഒരു മാസത്തിനകം

കാര്യങ്ങൾ “ക്ലിക്” ആയി...ഓഫീസ് തുടർന്നും നിലനിർത്തിക്കൊണ്ടുള്ള ഉത്തരവ് വന്നു!
അതോടെ സ്റ്റാഫിനും ജോലിക്കാർക്കും നവോന്മേഷമായി. പിന്നീടുള്ള ഞങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ സമയനല്ലൂരിന് തമിഴ്നാട്ടിലെ ഏറ്റവും നല്ല “എക്സ്റ്റൻഷൻ സെന്റർ” എന്ന ഖ്യാതി ഉണ്ടാക്കി കൊടുത്തത് ചരിത്രം... ഇന്ത്യയിൽ അങ്ങോളമിങ്ങോളമുള്ള പത്തോളം മൾബറി ഇനങ്ങളുടെ ഒരു (Germplasm) നഴ്സറിയും സമയനല്ലൂർ സെന്ററിന്റെ കീഴിൽ വന്നതോടെ മൈസൂർ ഇന്സ്ടിട്യൂട്ടിലെ “സെറികൾച്ചർ (പട്ടുനൂൽക്കൃഷി) ട്രെയിനികൾ “സമയനല്ലൂർ സെന്റർ സന്ദർശിക്കുവാൻ വരുമായിരുന്നു...
നാലു വർഷം പോയതറിഞ്ഞില്ല... എനിക്ക് അടുത്ത ട്രാൻസ്ഫറിനു സമയമായി... സമയനല്ലൂരിൽ നിന്നും വെറും 200 കിലോമീറ്റർ അകലെയുള്ള കേരളത്തിലെ അടിമാലി ഓഫീസിൽ ഉണ്ടായ വേക്കൻസിയിലേക്ക് പരിഗണിക്കണമെന്ന് ഞാൻ അപേക്ഷ കൊടുത്തു (അന്ന് എന്റെ കുടുംബം അടിമാലിക്കടുത്തുള്ള മൂന്നാറിലെ Tata Tea കമ്പനിലായിയിരുന്നു ജോലി ചെയ്തിരുന്നത്)... പക്ഷേ എനിക്ക് കിട്ടിയ ട്രാൻസ്ഫർ 2000 കിലോമീറ്റർ അകലെയുള്ള ബീഹാറിലെ റാഞ്ചിയിലുള്ള CSB നാഷണൽ ഇൻസ്റ്റിട്യൂട്ടിലേക്ക്!
ഔദ്യോഗികമായി എനിക്കും ഡിപ്പാർട്മെന്റിനും എൻറെ ആ ട്രാൻസ്ഫർ കൊണ്ട് പ്രത്യേകാൽ ഒരു പ്രയോജനവും ഉണ്ടായില്ലെങ്കിലും വ്യക്തിപരമായി എന്റെ ഭാഗ്യജാതകം തെളിഞ്ഞുവെന്ന് പറയാം... ന്യൂ സീലൻഡിലേക്കുള്ള കുടിയേറ്റത്തിനുള്ള എന്റെ “പ്രചോദനം” ആ റാഞ്ചി ട്രാൻസ്ഫർ ആയിരുന്നു!

1996ൽ സ്ഥലം മാറി പോയ തിനു ശേഷമുള്ള സമയനല്ലൂർ സെന്ററിന്റെ സ്ഥിതി അറിയുവാൻ എനിക്ക് എന്നും താല്പര്യമായിരുന്നു. പക്ഷേ ഫോൺ നമ്പർ കൈവശമില്ലാതിരുന്നതിനാൽ ആരെയും കോൺടാക്ട് ചെയ്യാൻ ആകുമായിരുന്നില്ല.
അപ്പോഴാണ് Dr. മുരളീധരനെ ആകസ്മികമായി ഫ്ലൈറ്റിൽ വെച്ച് കണ്ടുമുട്ടുന്നത്.
ഓക്‌ലൻഡിൽ തിരിച്ചെത്തിയതിന്റെ പിറ്റേന്ന് എന്റെ ഫോൺകാൾ കിട്ടിയപ്പോൾ കാർത്തിക്കിന് അളവില്ലാത്ത സന്തോഷമായി. കഴിഞ്ഞ 30 വർഷവും ഞാൻ അവനെ മനസ്സിൽ കൊണ്ട് നടന്നല്ലോ!
അവൻ പങ്കുവെച്ച വിശേഷങ്ങൾ എനിക്കും അത്യധികം സന്തോഷത്തിനു വക നൽകി. എന്നോടൊപ്പമുണ്ടായിരുന്ന അന്നത്തെ ടെക്നിക്കൽ സ്റ്റാഫ് എല്ലാം പലയിടങ്ങളിലേക്കുംട്രാൻസ്ഫർ ആയി പോയിരുന്നു...അവരിൽ പലരും കാർത്തികിനെപ്പോലെ റിട്ടയർ ആയിരിക്കുന്നു!
“സമയനല്ലൂരിലെ താൽക്കാലിക ജീവനക്കാരെയെല്ലാം ഗവൺമെൻറ് ജോലിയിൽ സ്ഥിരപ്പെടുത്തി; അവരെല്ലാം റിട്ടയർ ആയി; ഗവണ്മെന്റ് പെൻഷന് അർഹരായി! പലരും കട്ടപ്പുളി നഗറിൽ തന്നെ സ്വന്തമായി വീട് വച്ചു”!
“ഒരാൾ സമയനല്ലൂരിൽ സ്വന്തമായി ഹോട്ടൽ തുടങ്ങി”!!
“പത്താം ക്ലാസ് പാസ്സായിരുന്ന രണ്ടു പേർക്ക് സ്റ്റാഫ് കേഡറിൽ പ്രൊമോഷൻ കിട്ടി... അവരിലൊരാൾ ഇപ്പോഴും സർവീസിൽ തുടരുന്നു!!!”.
“നമ്മുടെ ഓഫീസിന്റെ അടുത്ത് തന്നെ Audi കാറിന്റെ ഷോറൂം തുറന്നിരിക്കുന്നു. ആ പ്രദേശമെല്ലാം ആകെമൊത്തം മാറിപ്പോയി”...
കാർത്തിക് വിശേഷങ്ങൾ തുടർന്നുകൊണ്ടേയിരുന്നു.
എന്റെ മനസ്സു സമയനല്ലൂർ ഓഫീസിനു ചുറ്റുമായി അലഞ്ഞുകൊണ്ടിരുന്നു....
“ഇനി നിന്റെ സ്വന്തം വിശേഷങ്ങൾ പറയൂ, കാർത്തിക്” എനിക്ക് അതിലാണ് കൂടുതൽ താല്പര്യം...
“27 വർഷം ഒരേ ഓഫീസിൽ തന്നെ ജോലി ചെയ്യാനായി...കഴിഞ്ഞ വർഷം റിട്ടയർ ചെയ്തു... ഇതിനിടയിൽ എനിക്ക് ഒരു ഹാർട്ട് ഓപ്പറേഷൻ വേണ്ടി വന്നു... മൂന്നാഴ്ചയോളം ബാംഗളൂരിലെ പ്രമുഖ ഹാർട്ട് ഹോസ്പിറ്റലിൽ തീവ്ര പരിചരണത്തിലായിരുന്നു..."പേസ് മേക്കറി"ന്റെ സഹായത്താലാണ് ഇപ്പോഴത്തെ ജീവിതം. അന്ന് ചിലവായ ഹോസ്പിറ്റൽ ബില്ലിന്റെ പതിനഞ്ചു ലക്ഷത്തോളം രൂപ ഗവൺമെന്റ് ആണ് വഹിച്ചത്”.
അവന്റെ വാക്കുകൾ മുറിഞ്ഞു പോയി
അച്ഛൻ? അമ്മ? കുടുംബം?
അച്ഛൻ ഇപ്പോഴും എന്റെ കൂടെയുണ്ട്, 92 വയസ്സായി...അമ്മ കുറച്ചു നാൾ മുന്നേ മരിച്ചു പോയി; പോകും വരെ ശുശ്രൂഷിക്കാനായി...
അവൻ പിന്നീട് പറഞ്ഞ വാക്കുകൾ എൻറെ മനസ്സ് ഉലച്ചു കളഞ്ഞു. "സമയനല്ലൂർ സെന്റർ അന്ന് പൂട്ടിപ്പോയിരുന്നുവെങ്കിൽ ഒരു പക്ഷേ ഞാൻ ജോലി രാജിവെക്കുമായിരുന്നു. എന്റെ ആരോഗ്യ പരിമിതികളും, മാതാപിതാക്കളെ പരിചരിക്കലും, വേറെ ഏതെങ്കിലുമൊരു ഓഫീസിലേക്ക് പോകാൻ എന്നെ അനുവദിക്കുമായിരുന്നില്ല... അങ്ങനെയുള്ള സാഹചര്യത്തിൽ എൻറെ ഓപ്പറേഷന്റെ കാര്യം നടക്കുമായിരുന്നുവോ എന്നോർക്കുമ്പോൾ ഭയം തോന്നിയിട്ടുണ്ട്...
“I owe you so much, Sir” അവന്റെ കണ്ഠമിടറി!



"അതിനു ഞാനൊന്നും ചെയ്തില്ലല്ലോ... അന്ന് ആ രാഷ്ട്രീയ നേതാവിലൂടെ ദൈവം പ്രവർത്തിച്ചതിന്റെ ഫലമാണ് ഓഫീസ് നിലനിർത്താനായത് ...ഞാൻ അതിനൊരു കരുവായെന്നു മാത്രം".
"എനിക്ക് ശേഷം വന്ന മറ്റ് ഓഫീസർമാർ എങ്ങനെ ഉണ്ടായിരുന്നു? എൻറെ ജിജ്ഞാസ ആളിപ്പടർന്നു...
അവന്റെ മറുപടി എന്റെ പ്രതീക്ഷകൾക്കപ്പുറമായിരുന്നു
"വഴി വെട്ടാനാണ് സാർ ബുദ്ധിമുട്ട് ...വഴിയുണ്ടായാൽ പിന്നെ വണ്ടിയോടിക്കുക എളുപ്പമാണ്"!
"സാർ പോയതിൽ പിന്നീട് ആറ് ഓഫീസർമാർ മാറി മാറി വന്നു. സാറിനെപ്പോലെ ഞങ്ങൾക്ക് ഇഷ്ടപ്പെട്ട മറ്റൊരു ഓഫീസറും ഈ കാലയളവിൽ ഉണ്ടായിട്ടില്ല".

"സാർ" എന്ന അളവുകോൽ ("Yardstick") കൊണ്ടാണ് ഞാൻ മറ്റ് ഓഫീസർമാരെ അളന്നിരുന്നത്. "സാറിനെപ്പോലെ ഒരാൾ സാർ മാത്രം" ! എന്റെ 13 കൊല്ലത്തെ ഗവണ്മെന്റ് സർവ്വീസിൽ കിട്ടിയ ഏറ്റവും മികച്ച അംഗീകാരമായിരുന്നു അത്!

അടുത്ത തവണ നാട്ടിൽ പോകുമ്പോൾ എന്റെ സമയനല്ലൂർ "mates" എല്ലാവരെയും വിളിച്ചു കൂട്ടി മധുര സിറ്റിയിൽ ഏതെങ്കിലും ഒരു ഹോട്ടലിൽ ഒത്തുകൂടാമെന്ന പ്രതീക്ഷയിലാണ് ഞാൻ... കാർത്തിക് അതിനുള്ള ഏർപ്പാട് ചെയ്യാമെന്ന് ഏറ്റിട്ടുമുണ്ട്!

*(*Names have been anonymised to protect the privacy of individuals!)*

*Dr. Sam Mathai was a Senior Research Officer with the Central Silk Board, India. In Auckland, he served as a Senior Research Scientist at the University of Auckland. A founding member of the Auckland Malayali Samajam in 1999 and served in many Executive Committees. He has also played a pivotal role in documenting the community's literary and cultural journey as the Chief Editor of Darpanam, having edited eight volumes of the magazine, including the current one.*

# Thanks

നന്ദിയോടെ...

ഓക്‌ലൻഡ് മലയാളി സമാജത്തിന്റെ മറ്റൊരു സജീവമായ പ്രവർത്തനവർഷത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ മനസ്സിൽ നിറയുന്നത് സന്തോഷവും അഭിമാനവും അതിലേറെ നന്ദിയുമാണ്.

ആഘോഷങ്ങളും കലയും കായികവും ഭാഷയും സാമൂഹിക പ്രതിബദ്ധതയും ഒരുപോലെ ചേർത്തുപിടിച്ചുകൊണ്ട്, നമ്മുടെ സമൂഹത്തെ കൂടുതൽ അടുത്തറിയാനും ഒരുമിപ്പിക്കാനും സഹായിച്ച നിരവധി പ്രവർത്തനങ്ങളുടെ ഭാഗമാകാൻ ഈ വർഷം നമുക്ക് കഴിഞ്ഞു.

സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും നിറവിൽ നടന്ന ക്രിസ്മസ്-ന്യൂ ഇയർ ആഘോഷങ്ങളോടെയാണ് നമ്മുടെ ആഘോഷയാത്രയ്ക്ക് മനോഹരമായ തുടക്കമായത്. വനിതാദിനത്തോടനുബന്ധിച്ച്, നമ്മുടെ സമൂഹത്തിലെ സ്ത്രീകൾക്ക് ദൈനംദിന ജീവിതത്തിന്റെ തിരക്കുകളിൽ നിന്ന് അല്പം മാറിനിന്ന്, സുഹൃത്തുക്കളോടൊപ്പം സന്തോഷിക്കാനും ആഘോഷിക്കാനും മനസ്സുതുറന്ന് ആസ്വദിക്കാനുമായി ഒരു സംഗീത നൃത്ത സായാഹ്നം ഒരുക്കാനും കഴിഞ്ഞു.

കലാപ്രതിഭകൾക്ക് വേദിയായ കലോത്സവം, ആവേശവും സൗഹൃദമത്സരവും നിറഞ്ഞ സ്മാഷ് ബാഡ്മിന്റൺ ടൂർണമെന്റ്, നമ്മുടെ കുട്ടികളെ മാതൃഭാഷയോടും സംസ്കാരത്തോടും കൂടുതൽ അടുപ്പിക്കുന്ന 'അമ്മ മലയാളം' എന്നിവയും ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് കൂടുതൽ നിറം പകർന്നു.

ആഘോഷങ്ങൾക്കപ്പുറം, പ്രതിസന്ധികളിൽ നമ്മുടെ സമൂഹത്തോടൊപ്പം നിൽക്കുക എന്നതും സമാജത്തിന്റെ പ്രധാന ഉത്തരവാദിത്തമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. വർഗീസിന്റെ കുടുംബം ഏറെ പ്രയാസകരമായ ഒരു സാഹചര്യത്തിലൂടെ കടന്നുപോയപ്പോൾ, അവർക്കൊരു കൈത്താങ്ങാകാൻ ഓക്‌ലൻഡ് മലയാളി സമാജം മുൻകൈയെടുത്ത് ധനസമാഹരണത്തിന് നേതൃത്വം നൽകി. ആ ഉദ്യമത്തോട് മനസ്സുതുറന്ന് സഹകരിക്കുകയും കുടുംബത്തിന് പിന്തുണ നൽകുകയും ചെയ്ത ഓരോരുത്തരോടും പ്രത്യേകം നന്ദി അറിയിക്കുന്നു. നമ്മുടെ കൂട്ടായ്മയുടെ യഥാർത്ഥ അർത്ഥം പ്രകടമായ നിമിഷങ്ങളിലൊന്നായിരുന്നു അത്.

ഇനി മുന്നിലുള്ള ദിവസങ്ങളും ആവേശത്തിന്റെയും ആഘോഷത്തിന്റെയുമാണ്. മലയാളികളുടെ ഹൃദയത്തോട് ഏറ്റവും ചേർന്നുനിൽക്കുന്ന ഓണം, ഇത്തവണ പ്രിയഗായകൻ വിധു പ്രതാപും സംഘവും ഒത്തുചേരുമ്പോൾ സംഗീതവും സദ്യയും ആഘോഷവും നിറഞ്ഞ വലിയൊരു കുടുംബസംഗമമായി മാറും. അതോടൊപ്പം, ആവേശവും കൂട്ടായ്മയും നിറഞ്ഞ നമ്മുടെ വടംവലി മത്സരത്തിനായുള്ള ഒരുക്കങ്ങളും പുരോഗമിക്കുകയാണ്.

ഇവയെല്ലാം സാധ്യമാക്കുന്നത് ഒരുപാട് പേരുടെ കൂട്ടായ പരിശ്രമമാണ്. നമ്മുടെ പ്രസിഡന്റ്, ട്രഷറർ, എക്സിക്യൂട്ടീവ് കമ്മിറ്റി, കമ്മിറ്റി അംഗങ്ങൾ, കോ-ഓർഡിനേറ്റർമാർ, സന്നദ്ധപ്രവർത്തകർ എല്ലാവരോടും ഹൃദയം നിറഞ്ഞ നന്ദി.

നമ്മുടെ പ്രവർത്തനങ്ങൾക്ക് കരുത്തേകുന്ന സ്പോൺസർമാർക്കും അഭ്യുദയകാംക്ഷികൾക്കും, ഓരോ പരിപാടിയിലും പങ്കുചേരുന്ന എല്ലാവർക്കും ആത്മാർത്ഥമായ നന്ദി.

എല്ലാറ്റിനുമുപരി, ഓക്‌ലൻഡിലെ മലയാളി സമൂഹത്തിന് ഹൃദയം നിറഞ്ഞ നന്ദി. നിങ്ങളുടെ വിശ്വാസവും പങ്കാളിത്തവും പിന്തുണയുമാണ് ഓരോ പുതിയ സംരംഭത്തിനും ഞങ്ങൾക്ക് കരുത്തും പ്രചോദനവും നൽകുന്നത്.

സെക്രട്ടറിയെന്ന നിലയിൽ ഈ കൂട്ടായ്മയുടെ ഭാഗമാകാനും, നല്ലൊരു ടീമിനൊപ്പം പ്രവർത്തിക്കാനും, നമ്മുടെ സമൂഹത്തിനായി എന്റേതായ ചെറിയൊരു പങ്ക് നിർവഹിക്കാനും കഴിയുന്നത് ഏറെ സന്തോഷവും അഭിമാനവും നൽകുന്നു.

ഒരു സംഘടനയുടെ യഥാർത്ഥ ശക്തി അതിന്റെ പേരിലോ പദവികളിലോ അല്ല; സന്തോഷങ്ങളിൽ ഒരുമിച്ച് ആഘോഷിക്കുകയും, പ്രയാസങ്ങളിൽ പരസ്പരം കൈത്താങ്ങാവുകയും ചെയ്യുന്ന മനുഷ്യരിലാണ്.

ആ ഒരുമയും സ്നേഹവും എന്നും നിലനിൽക്കട്ടെ. നമ്മുടെ ഭാഷയും സംസ്കാരവും പാരമ്പര്യവും ചേർത്തുപിടിച്ച്, പുതിയ തലമുറയെയും ഒപ്പം കൂട്ടി, കൂടുതൽ മനോഹരമായ നാളുകളിലേക്ക് നമുക്ക് ഒരുമിച്ച് മുന്നേറാം.

എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി!



**സ്നേഹപൂർവ്വം,**

**Remya Kiran**

**Secretary,**

**Auckland Malayalai Samajam Inc.**

*Disclaimer: The publisher and Editors of Darpanam cannot be held responsible for errors or any consequences arising from the use of information contained in this publication; the views and opinions expressed do not necessarily reflect those of the Publisher and Editors. We appreciate your feedback about Darpanam; please forward it to Darpanam2026@gmail.com*

vjassociates.co.nz

**VJ ASSOCIATES LIMITED**
YOUR TRUSTED FINANCIAL PARTNER SINCE 2014

*Protect what matters*
## Plan with confidence

OUR SERVICES

- **Personal Risk Insurance**
- **Business Risk Insurance** (Life & Health)
- **Mortgage Solutions**



## GET SMART FINANCIAL SOLUTIONS FOR EVERY STAGE OF LIFE WITH US!

Personalised advice. Trusted guidance.
Peace of mind.

MDRT - COT

**JULIE ITHAPPIRI**
**Senior Registered**
Financial Adviser - Risk Insurance

**027 839 1923**
julie@vjassociates.info


LIBIN
Tours and Travels
YOUR JOURNEY STARTS WITH US
Leave the Planning
Keep the Memories
FLIGHT TICKETS
TOUR PACKAGES
VISA ASSISTANCE
HOTEL BOOKINGS
CRUISE HOLIDAYS
TRAVEL INSURANCE
WHAT WE CAN HELP WITH
24*7 SUPPORT | STRESS FREE TRAVEL | EMI OPTIONS | BEST FLIGHT DEALS
TAKING YOU WHERE YOUR HEART HAS BEEN WAITING.
Libin Varghese
+64 22 085 7814
info@libintoursandtravels.co.nz
www.libintoursandtravels.co.nz
Book Now
WE ACCEPT
VISA
gem
16 YEARS
100% NZ OWNED & OPERATED